DHARMARAM COLLEGE
LIBRARY
BANGALORE-29

# നൊവേന.

ക. നി. മൂ. സ.
സന്ന്യാസ ഗുരുക്കളാൽ പല പ്രബന്ധങ്ങളിൽ
നിന്നും പരിഭാഷപ്പെടുത്തിയതു്.

ഇതിൽ
ആണ്ടടക്കം ദേവാലയങ്ങളിൽ
സാധാരണ ഘോഷിച്ചുവരുന്ന തിരുനാൾ
കളുടെ നവനാൾ ജപങ്ങൾ
അടങ്ങിയിരിക്കുന്നു.

ശ്രേഷ്ഠാനുവാദപ്രകാരം
മാന്നാനത്തു് മാർ യൌസേപ്പു പിതാവിൻ
അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

1931.

[മൂന്നാം അടിപ്പു്.]

## നവനാൾ ജപങ്ങൾ ഘോഷമായി പള്ളികളിൽ കഴിക്കുമ്പോൾ അനുസരിക്കേണ്ട ക്രമം.

---

൧. നമ്മുടെ കർത്താവിന്റേയും ദേവമാതാവിന്റേയും പുണ്യവാന്മാരുടേയും തിരുനാളുകൾക്കു ഒരുക്കമായി നവനാൾ ജപങ്ങൾ അല്ലെങ്കിൽ ത്രിദിന ജപങ്ങൾ പള്ളികളിൽ കഴിക്കുന്നതു ഒരു ഭക്തിയുക്തമായ ചട്ടമായിരിക്കുന്നു. ഈ ഭക്തികൂടിയ കൃത്യം വളരെ ദൈവ മനോഗുണങ്ങളെ സമ്പാദിക്കുന്നതിന്നും ദണ്ഡവിമോചനങ്ങളെ പ്രാപിക്കുന്നതിന്നുമുള്ള ഒരു പോംവഴിയായിരിക്കുന്നു. എങ്കിലും ഒരാണ്ടിന്നകത്തു വരുന്ന എല്ലാ തിരുനാളുകൾക്കും ഇപ്രകാരമുള്ള ഭക്തികൃത്യം കഴിക്കുന്നതിന്നു സാധിക്കാത്തതിനാൽ പ്രധാന തിരുനാൾകൾക്കു അല്ലെങ്കിൽ പള്ളികളുടെ പ്രധാന മദ്ധ്യസ്ഥന്മാരുടെ തിരുനാളുകൾക്കു ഈ ഭക്തികൃത്യം ആണ്ടുതോറും ഉ

പേക്ഷ കൂടാതെ ആഘോഷമായി നിറ വേററുന്നതു ഉത്തമമായിരിക്കുന്നു.

൨. നവനാൾ ആരുടെ തിരുനാളിനേപ്പററി കഴിപ്പാൻ വിചാരിക്കുന്നുവോ ആ പുണ്യവാന്റെ സ്വരൂപം ഇരിക്കുന്ന പീഠം (ഉണ്ടെങ്കിൽ) വിശേഷമായി അലങ്കരിക്കുന്നു. അമ്പതുനോയമ്പിന്റെ നാളുകളിൽ വല്ല നവനാൾ കഴിപ്പാൻ സംഗതി വന്നാൽ ആ നോയമ്പു ദിവസങ്ങളിൽ പീഠങ്ങളുടെ അലങ്കാരം ഏതുവിധം വേണമെന്നു തിരുസ്സഭ കല്പിച്ചിരിക്കുന്നുവോ അപ്രകാരമുളള അലങ്കാരം മാത്രം മതി.

എത്തശരി (പങ്കപ്പാടിന്റെ ഞായറാഴ്ച) തുടങ്ങിയുള്ള ദിവസങ്ങളിൽ നവനാൾ കഴിക്കുന്നതിന്നു ആവശ്യപ്പെട്ടാൽ തിരുസ്സഭയുടെ നടപ്പിന്നും നിയമത്തിന്നും ഒത്തവണ്ണം മൂടപ്പെട്ടിരിക്കുന്ന രൂപങ്ങളുടെ മൂടൽ നവനാൾ ജപത്തിന്റെ നേരത്തുകൂടെയും മാററരുതു്. (ഏതോരു തിരുനാൾ വന്നാല്യംശരി പളളിയുടെ തിത്തുലാരീസിന്റെ അല്ലെങ്കിൽ അഭിഷേകത്തിന്റെ തിരുനാൾ തന്നെ ആയാല്യം) രൂപങ്ങൾ എപ്പോ

ഴം മൂടിയിരിപ്പാൻ കടമായിരിക്കുന്നു. S. R. C. 16 Sept. 1679 P. J. R. De Herdt. S. Li- Tom III in 21.

൩. പീഠത്തിന്മേൽ ൬ തിരി പതിവായി കത്തിക്കുന്നു. പള്ളിയുടെ ധനച്ചുരുക്കംകൊണ്ടു അതു പ്രയാസമായാൽ നാലോ രണ്ടോ കത്തിച്ചാലും മതി. അധികം തിരികൾ കത്തിച്ചുകൊണ്ടു നിറവേററുന്നതിനും വിരോധമില്ല.

൪. പട്ടക്കാരൻ ഈ കർമ്മത്തിനു സൂർപ്ലെലീസും ഊറാലയും കാപ്പയും ധരിക്കുന്നു. കാപ്പയില്ലാത്ത പക്ഷം ൨ റേറ രണ്ടു ഉടുപ്പുകൾ ഉണ്ടായിരുന്നാലും മതി. പൂജ കഴിഞ്ഞ ഉടനെ ആകുന്നു എന്നു വരികിൽ സൂർപ്ലെലീസിനു പകരം ആൽവ മതി.

ഓരോ തിരുനാളിനുവേണ്ടി ഏതു നിറമുള്ള ഉടുപ്പുകൾ വേണമെന്നു നിശ്ചയിച്ചിരിക്കുന്നുവോ ആ നിറമുള്ള ഊറാലയും കാപ്പയുംതന്നെ ഈ കൃത്യനേരത്തും ധരിക്കുന്നു. (ന. കർത്താവിൻേറതിനു വെള്ള, മാതാവിൻേറതിനു വെള്ള, ശേഷവും) എന്നാൽ പഞ്ചാംഗമുറകളുള്ള ദിവസത്തിൻേറ നിറമുള്ളതായി

രുന്നാലും മതി. പൂജ കഴിഞ്ഞയുടനെ പീഠത്തിങ്കൽ നിന്നു പോകാതെ ഈ കൃത്യം നിറവേററുന്നു എങ്കിൽ ആ പൂജക്കുടുത്ത ഉടുപ്പുകളുടെ നിറമുള്ളതായാലും മതി. എങ്കിലും കറുപ്പു മുതലായ വർണ്ണമുള്ളതു ചേരുന്നതല്ല.

൮. സഹായത്തിനായി രണ്ടു ശമ്മാശന്മാർ സൂർപ്പെലീസു ധരിക്കുന്നു. ശമ്മാശന്മാരില്ലെങ്കിൽ ഭക്തിയും അടക്കവുമുള്ള പൈതങ്ങളേക്കൊണ്ടു ഈ കർമ്മത്തിനു സഹായകൃത്യം ചെയ്യിക്കാം എന്നാൽ യാതൊരു ഉടുപ്പും ധരിപ്പിക്കാതെ, പീഠത്തിന്റെ പക്കൽ ചിററാഴ്ച ചെയ്യിക്കുന്നതു് അത്ര യുക്തമല്ല.

൯. ഉടുത്തശേഷം ഒരു ശമ്മാശ്ശു നവനാൾ ജപപ്പുസ്തകം എടുത്തുകൊണ്ടു ആദ്യം പോകുന്നു. മറേറ ശമ്മാശ്ശു ശോശപ്പാകൊണ്ടു റെളിക്കപാരി മൂടിക്കൊണ്ടു് എടുത്തു പുസ്തകക്കാരന്റെ പുറകു നടക്കുന്നു. (തിരുശ്ശേഷിപ്പില്ലെങ്കിൽ ഇവരും പാരായി നിന്നുപോകുന്നു.) ഇവരുടെ പുറകു പട്ടക്കാരൻ ബിറെത്തി വച്ചുകൊണ്ടും കൈ കൂപ്പിപ്പിടിച്ചുകൊണ്ടും പീഠത്തിങ്കലേക്കു പോകുന്നു. എ

ന്നാൽ ശമ്മാശന്മാരില്ലെങ്കിൽ തിരുശേഷിപ്പുകൾ മുൻകൂട്ടി പീഠത്തിന്മേൽ സ്ഥാപിക്കുന്നതാകുന്നു ഉത്തമം.

൭. പീഠത്തിൻ മുമ്പാകെ ചെന്നവുടനെ പട്ടക്കാരൻ ബിറേത്തി മാററി പീഠത്തിനു വേണ്ട വന്ദനം ചെയ്യുന്നു. റെളിക്കപ്പാരി എടുത്തിരിക്കുന്ന ശമ്മാശ്ശു പീഠത്തിന്നണഞ്ഞു നടുവിൽ ശോശപ്പാ വിരിച്ചു റെളിക്കപ്പാരി വച്ചു താഴെ ഇറങ്ങി പട്ടക്കാരന്റെ വലത്തുഭാഗത്തു താഴത്തെ തളത്തിൽ മുട്ടുകുത്തി നില്ക്കുന്നു. റെളിക്കപ്പാരി പീഠത്തിന്മേൽ വച്ചശേഷം പട്ടക്കാരൻ 'താഓറൂഹാ' പാട്ടുകയും ഇതിന്റെശേഷം നവനാൾ ജപങ്ങൾ മുട്ടുകുത്തി നിന്നു ചൊല്ലുകയും ചെയ്യുന്നു.

൮. ജപങ്ങൾ കഴിഞ്ഞിട്ടു പാട്ടുകാർ സംഗീതം, ലുത്തിനിയാ, ശൂറായ മുതലായതു പാടിത്തീരുമ്പോൾ പട്ടക്കാരൻ നിന്നുകൊണ്ടു 'മാറൻ അമകോൻ' പാടുന്നു. അനന്തരം, നവനാൾ കർത്താവിന്റെ വല്യ തിരുനാളിനേക്കുറിച്ചെങ്കിൽ, ആ നവനാളിനേക്കുറിച്ചു കാണിച്ചിരിക്കുന്ന സ്ലോസായും കാലത്തിന്നൊ

ച്ചിച്ച മാതാവിനേക്കറിച്ചു കാണിച്ചി രിക്കുന്ന സ്ലോസായും, യൌസേപ്പു പു ണ്യവാൻേറതും ശേഷവും പാടി അവ സാനിപ്പിക്കുന്നു.

നവനാൾ, മാതാവിൻെറ വല്ല തിരുനാളിൻേറതെങ്കിൽ, ഒന്നാമതു മാ താവിൻെറ ആ നവനാളിന്നുവേണ്ടി കാണിച്ചിരിക്കുന്ന സ്ലോസായും, യൌ സേപ്പു പുണ്യവാനെക്കറിച്ചു കാണി ച്ചിരിക്കുന്ന സ്ലോസായും മററും പാടി അവസാനിപ്പിക്കുന്നു. കാലത്തിന്നൊപ്പി ച്ച മാതാവിനേക്കറിച്ചു കാണിച്ചിരിക്കു ന്ന സ്ലോസാ പാടുവാൻ ആവശ്യമില്ല.

നവനാൾ വല്ല പുണ്യവാൻേറ തെങ്കിൽ ആദ്യം കാലത്തിന്നൊപ്പിച്ച മാതാവിനേക്കറിച്ചു കാണിച്ചിരിക്കുന്ന സ്ലോസായും, യൌസേപ്പു പുണ്യവാ ൻേറതും പാടിയശേഷം ആ പുണ്യവാ ൻെറ സ്ലോസായും മററു സ്ലോസാകളും പാടുന്നു. സ്ലോസാകൾ ഏക അന്ത്യമാ യി പാടി അവസാനിപ്പിക്കണം.

ൻ. സ്ലോസാകൾ തീൎന്നിട്ടു പട്ട ക്കാരൻ തിരുശ്ശേഷിപ്പുണ്ടെങ്കിൽ റെളി ക്കാരി എടുത്തു ഏംഗത്താവശത്തുകൂടെ

തിരിഞ്ഞു, ജനങ്ങൾക്കു വാഴ്വ കൊടുത്തു ആ ഭാഗത്തുകൂടെ തന്നെ പീഠത്തിലോട്ടു തിരിഞ്ഞു പീഠത്തിന്മേൽ വയ്ക്കുന്നു. (ശോശപ്പാ കൂട്ടിപ്പിടിച്ചു റെളിക്കാരി എടുക്കയും മുത്തുകയും വേണ്ടാ) ഉടനെ താഴത്തിറങ്ങി, ശമ്മാശു റെളിക്കാരി എടുത്തു കൊണ്ടുവന്നവുടനെ പീഠത്തിന്നാചാരം ചെയ്തു ബിറേത്തി വച്ചുകൊണ്ടും കൈകൂപ്പിപ്പിടിച്ചുകൊണ്ടും സങ്കീർത്തിയിലേക്കു പിന്തിരിയുന്നു. തിശ്ലേഷിപ്പുകളില്ലെങ്കിൽ സ്ലോസാകഴിഞ്ഞയുടനെ പീഠത്തിനു ആചാരം ചെയ്തുംവെച്ചു സങ്കീർത്തിയിലേക്കു പോകുന്നു. സ്ലോസാകളുടെ ശേഷം 'ആശം' പാടുന്നതിന്നു അവശ്യമില്ലാ.

൫൦. പാട്ടുകാർ ജപങ്ങൾ കഴിഞ്ഞവുടനെ നവനാൾ, ന. കർത്താവിന്റെ വല്ല തിരുനാളിന്റേതാണെങ്കിൽ ആ തിരുനാളിനേക്കുറിച്ചുള്ള ഒരു സംഗീതവും 'ശുറായായും പൃനായായും' പാടിയശേഷം ലൊരേത്തു ലൃത്തിനിയായും അതിന്റെ ശുറായായും പൃനായായും പാടുന്നു.

നവനാൾ മാതാവിന്റെ വല്ല തി

രുനാളിൻേറതെങ്കിൽ, ആ തിരുനാളി നേക്കുറിച്ചുള്ള ഒരു സംഗീതവും അതി ൻേറശേഷം ലൊരേത്തു ലുത്തിനിയായും ആ തിരുനാളിനെക്കുറിച്ചുള്ള ശ്ലൂറായാ യും പൂനായായും പാടുന്നു.

നവനാൾ വല്ല പുണ്യവാന്മാരു ടെ തിരുനാളിനേക്കുറിച്ചെങ്കിൽ ആ പുണ്യവാൻേറ തിരുനാളിനുള്ള ഒരു സംഗീതവും ശ്ലൂറായായും പൂനായായും പാടിയശേഷം ലൊരേത്തു ലുത്തിനിയാ യും അതിൻേറ ശ്ലൂറായായും പൂനായായും പാടുന്നു. എന്നാൽ നേരച്ചുരുക്കത്തേക്ക റിച്ച് നവനാളുകളിൽ സംഗീതവും അ തിൻേറ ശ്ലൂറായായും പൂനായായും പാ ടിയാലും മതി. ലുത്തനിയാ പാടുമ്പോ ൾ സംഗീതം നാലു നിറുത്തിൽ അധി കം പാടുവാൻ ആവശ്യമില്ല. അധികം പാടുന്നതിനു നേരമുണ്ടെങ്കിൽ അപ്രകാ രവും ചെയ്യാം. ശ്ലൂറായാകൾ എപ്പോഴും പാട്ടുകാരിൽ ഒരുവൻ അല്ലെങ്കിൽ രണ്ടു പേർ പാടണം. പൂനായ ശേഷം പാട്ടു കാർ എല്ലാവരുംകൂടി പാടണം. ഈ പാ ട്ടുകളൊക്കെയും പാട്ടുകാർ നിന്നുകൊണ്ടും കേൾവിക്കാർക്ക ഭക്തി തോന്നിപ്പാൻതക്ക

സ്വരച്ചേർച്ചയോടെയും പാടണം. ഇതിനോടുകൂടെ വല്ല ഗീതവാദ്യക്കാരുകൾ കൊട്ടുന്നെങ്കിൽ പാട്ടിനോടൊത്തിരിപ്പാൻ തക്കവണ്ണം കൊട്ടണം. കൊട്ടു, പാട്ടിനെ സഹായിപ്പാൻ വേണ്ടിയാണ്. കൊട്ടു ഒരു വിധത്തിലും പാട്ടു മറ്റൊരു വിധത്തിലും ആയിരുന്നാൽ കൊട്ടാതെയിരിക്കുന്നതും അപ്രകാരംതന്നെ സ്വരം ഒപ്പിച്ചു പാടുന്നതിനു പ്രയാസമുള്ളവർ പാടാതിരിക്കുന്നതും ഏററം ഉത്തമം.

൮൭. തിരുസ്സഭയുടെ അനുമതി കൂടാതെ ലൊരേത്തു ലുത്തിനിയായിൽ ഓരോരുത്തൎക്കു തോന്നുന്ന നാമങ്ങളൊന്നും ചേൎത്തു ചൊല്ലുന്നതിന്നും പാടുന്നതിന്നും പാടില്ല. S. R. C. 2. 'Aug. 1631 De Herdt. S. Li. Tom III in 74 Editio Octava.

൮൮. അപ്രകാരംതന്നെ സ. ശുദ്ധമാക്കപ്പെട്ടവരുടെ, ലൊരേത്തു മാതാവിന്റെ, ഈശൊ എന്ന തിരുനാമത്തിന്റെ എന്നു പറയപ്പെടുന്ന ൩ ലുത്തിനിയാകളും പള്ളികളിൽ പള്ളിക്കടുത്ത ഭാഷകളിൽ ചൊല്ലുകയും പാടുകയും ചെയ്യാം. എന്നാൽ മെത്രാന്മാരുടെ

പരിശോധനയോട്ടും അംഗീകരണത്തോ
ട്ടും കൂടെ അച്ചടിച്ച പ്രസിദ്ധം ചെ
യ്യുന്ന മററു ലുത്തിനിയാകൾ വിശ്വാ
സികൾക്ക എത്തിപ്പാൻ പാടുണ്ടെങ്കി
ലും പരസ്യമായി എത്തിക്കുന്നതിന്നും
പാടുന്നതിന്നും പാടില്ല. Dec. s. offi
18 Ap 1860 s. r. c. 12 Maji
1877 De Herdt S. Li. Fom I. in
112 Editio Octava.

## ആഘോഷംകൂടാതെ നവനാളുകൾ കഴിപ്പാനുള്ള മുറ.

പൂജക്കു മുമ്പോ പിമ്പോ പട്ടക്കാരൻ അഥവാ ഒരു അൽമേനി പീഠത്തിൻെറ മുമ്പാകെ മുട്ടുകുത്തി നവനാൾ ജപങ്ങളും അവയുടെ 'പ്രാൎത്ഥിക്ക' എന്നുള്ളതും ചൊല്ലിയശേഷം ലൊരേത്തു ലുത്തിനിയായും അതിൻെറ പ്രാൎത്ഥിക്ക എന്നതും ചൊല്ലി അവസാനിപ്പിക്കുന്നു. ആ നേരത്തു പീഠത്തിന്മേൽ തിരികത്തിക്കുന്നതിന്നും സംഗീതങ്ങൾ പാടുന്നതിന്നും അവശ്യമില്ല. എന്നാൽ ഈ ജപം ചൊല്ലുന്നയാൾ ആരായിരുന്നാലും സ്പഷ്ടമായി വായിപ്പാൻ അറിയുന്നവനായിരിക്കണം. കേൾവിക്കാൎക്കു വെറുപ്പുതോന്നാത്ത വിധത്തിൽ ചൊല്ലുകയും വേണം.

# മകരമാസം ൧൦-ാംനു-
# ശുദ്ധ സെബസ്ത്യാനോസിന്റെ
# തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള
# ത്രിദിന ജപങ്ങൾ.

(മകരം ൮-ാംനു- തുടങ്ങുന്നു)

൧. ദരിദ്ര്യക്ക ഔദാൎയ്യമുള്ള പിതാവും ഞെരുക്കങ്ങളാൽ ഇളകപ്പെട്ട വേദസാക്ഷികളെ ബുദ്ധിചൊല്ലി ഉറപ്പിച്ചു പരഗതിയിൽ ചേൎത്തവനും ആശ്ചൎയ്യപ്പെടുവാൻ തക്ക ജ്ഞാനത്തോടും ധൈൎയ്യത്തോടും വേദസത്യങ്ങളെ പ്രസംഗിച്ചവനുമായ സെബസ്ത്യാനോസു പുണ്യവാനേ! പാപികളായ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നു ദയയില്ലായ്കയേയും, സഹോദരന്മാരുടെ ആത്മരക്ഷയെക്കുറിച്ചുള്ള ശുഷ്കാന്തിയില്ലായ്കയേയും നീക്കുന്നതിനു വേണ്ട സുകൃതധൈൎയ്യം ഞങ്ങൾക്കുണ്ടാകുന്നതിന്നും നിന്റെ സന്മാതൃകപ്പോലെത്തന്നെവണ്ണം ദരിദ്ര്യരുടെ മേൽ അത്യന്ത ദയയും പക്ഷവുമുള്ളവരാകുന്ന

തിന്നും, വേദകാൎയ്യങ്ങളിൽ മനോധൈ
ൎയ്യമില്ലാതെ ചഞ്ചലപ്പെടുന്നവരെ സൽ
ബുദ്ധിയുപദേശങ്ങളാൽ ഉറപ്പിക്കുന്നതി
ന്നും അറിവില്ലാത്തവരെ വേദസത്യങ്ങ
ൾ പഠിപ്പിക്കുന്നതിന്നും വേണ്ടുന്ന ശുഷ്കാ
ന്തിയും ധൈൎയ്യവും ഉണ്ടാകുന്നതിന്നും,
നീ ദൈവത്തോടു അപേക്ഷിച്ചു കൃപ
ലഭിച്ചു തരേണമെന്നു നിന്നോടു ഞങ്ങ
ൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൨. സത്യത്തെപ്രതി ഉപദ്രവിക്ക
പ്പെട്ടവൎക്കു മഹാ ധൈൎയ്യം കൊടുത്തവ
നും വേദസാക്ഷികളുടെ പീഡകളിലും
മരണനേരത്തിലും ബലവും സഹായവു
മായിരുന്നവനും ഉറപ്പുള്ള വിശ്വാസ
ത്താലും സുകൃത വ്യാപാരങ്ങളാലും ഏ
വൎക്കും നൽമാതൃകയായിരുന്നവനും ആ
യ സെബസ്ത്യാനോസു പുണ്യവാനേ! പാ
പികളായ ഞങ്ങൾ ഞങ്ങളുടെ മനോ
ധൈൎയ്യമില്ലാത്ത ഹേതുവാൽ പലവട്ടം വേ
ദമൎയ്യാദെക്കു എതിരായവകളെ അനുഗമിക്ക
യും ഞങ്ങളുടെ സഹോദരന്മാരുടെ പാ
ടുപീഡ ദുഃഖങ്ങളെ പലവട്ടം കണ്ടാലും

അവരെ സഹായിക്കാതെ ദയകേട്ട അവരോട്ട കാണിക്കയും ഞങ്ങളുടെ സൂക്ഷമില്ലാത്ത ജീവിതം കൊണ്ടു സഹോദരക്ക ദുൎമ്മാതൃക കാണിച്ചുകൊടുക്കയും ചെയ്യുപോയെങ്കിലും, അവകളുടെ പൂൎണ്ണ പൊറുതി നീ ദൈവത്തോട്ട അപേക്ഷിച്ചു തരുവിക്കുന്നതു കൂടാതെ നിൻെറ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ശേഷംപേൎക്ക നൽമാതൃക കാണിച്ചു കൊടുക്കുന്നതിന്നും, സത്യത്തെ അറിഞ്ഞ ശേഷം അവയെ അനുഗമിക്കുന്നതിന്നും, ഏതു കാരണവശാലെങ്കിലും സഹായിക്കുന്നതിന്നും ഞങ്ങൾക്ക മനോധൈൎയ്യവും ശുഷ്കാന്തിയും ഉണ്ടാകുന്നതിന്നു നീ ദൈവത്തോടപേക്ഷിച്ചു കൃപ ലഭിച്ചു തരേണമെന്നു നിന്നോട്ട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൩. ദൈവസ്നേഹത്തെ പ്രതി ചക്രവൎത്തിയുടെ സ്നേഹത്തേയും അവൻ നൽകിയ മഹിമയുള്ള സ്ഥാനമാനങ്ങളേയും വെറുത്തുപേക്ഷിച്ചവനും, സത്യവേദത്തേക്കുറിച്ചു മരണവിധിയേററു അസംഖ്യം അസ്ത്രങ്ങളാൽ എയ്യപ്പെട്ടു മരി

ച്ചവനേപ്പോലെ നിരുപിച്ചുപേക്ഷിക്കപ്പെട്ടവെങ്കിലും ജീവൻ പിരിയാതെ അതിശയിപ്പാൻ തക്ക ധൈര്യത്തോടെ രാജസന്നിധിയിൽ ചെന്നു സത്യവേദികളെ ഉപദേശിക്കുന്നതിനാൽ ചക്രവൎത്തിയെ ശാസിച്ചവനും രാജകല്പനയാൽ കെട്ടപ്പെട്ട കഠോര അടികളാൽ മരണം പ്രാപിച്ചവനുമായ സെബസ്ത്യാനോസുപുണ്യവാനേ! ഞങ്ങൾ എത്രയൊ പ്രാവശ്യം ഭൂമികേട്ടുത്ത നിസ്സാര മഹിമകൾക്കായി ദൈവത്തെ നിന്ദിച്ചു, സത്യവേദത്തെപ്രതി ഒരു അല്പ ഞെരുക്കമോ സങ്കടമോ സഹിക്കുന്നതു ഞങ്ങൾക്കു എത്രയൊ ബിംബിഷ്ടം. സത്യത്തെ ദ്വേഷിക്കുന്നവരുടെ മുമ്പാകെ അവരുടെ മുഖപ്രീതിയെക്കുറിച്ചും ലൌകികഗുണങ്ങളെ ഓൎത്തിട്ടും എത്രയോ പ്രാവശ്യം ഞങ്ങൾ മൌനമാചരിച്ചു. എങ്കിലും നിന്റെ ധീരതയുള്ള പ്രവൃത്തികളെ കണ്ടു ധൈര്യപ്പെട്ടു, നിന്റെ നൽമാതൃകയ്ക്കൊത്തവണ്ണം ദൈവസ്നേഹത്തെപ്രതി ഏതൊരു നന്മപ്രവൃത്തി എങ്കിലും നിറവേറുന്നതിന്നു വേണ്ട മനോധൈൎയ്യം ദൈവത്തോടു അപേക്ഷിച്ചു തരു

വിക്കുന്നതിന്നു നിന്നോടു ഞങ്ങൾ പ്രാ
ൎത്ഥിക്കുന്നു. ൧ ആ. ൧ നന്മ. ൧ ത്രീ.

## മകരമാസം ൨൩-ാംനു-
## എ.ഭാ. ക. മറിയത്തിന്റെ വിവാഹ
## തിരുനാളിന്നു് ആസ്ഥപ്പാടായുള്ള
## നവനാൾ ജപങ്ങൾ.

(മകരം ൧൪-ാംനു- തുടങ്ങുന്നു.)

### ൧൪-ം ൧൯-ം ൨൦-ം തീയതികളിൽ
### ചൊല്ലേണ്ടതു്.

കന്യാസ്ത്രീകൾക്കു നിൎമ്മല മകുടമാകുന്ന ശുദ്ധ കന്യകയേ! നിന്റെ എത്രയും ശുദ്ധമുള്ള മണവാളനായിരിക്കുന്നയൌസേപ്പു പുണ്യവാനോടുകൂടെ നീ കഴിച്ച ആ ശുദ്ധമുള്ള വിവാഹത്തേക്കുറിച്ചു്, ഞങ്ങളുടെ ആത്മാവു നിന്റെ ദിവ്യകുമാരനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹായോടു

അരൂപികൾക്കടുത്ത വിവാഹം കഴിച്ചു നിത്യമായി ഒന്നിച്ചിരിക്കുന്നതിനു കൃപ ചെയ്യേണമെ. ൨ നന്മ. ൧ ത്രീ.

൨. ഏത്രയും നിൎമ്മലയായിരിക്കുന്ന മാതാവേ! നിന്റെ പരിശുദ്ധ മണവാളനായ യൌസേപ്പു പുണ്യവാനോടു കൂടെ നീ കാത്ത കറയില്ലാത്ത കന്യാവ്രതത്തേക്കുറിച്ചു ഞങ്ങളുടെ ആത്മാവു ഹൃദയശുദ്ധിയോടുകൂടെ നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹാക്കു ചിറാഴ്മ ചെയ്വാൻ മനോഗുണം ചെയ്യേണമെ.

൨ നന്മ. ൧ ത്രീ.

൩. അത്യന്ത വിരക്തിയുള്ള മാതാവേ! നിന്റെ ഏത്രയും സ്നേഹപ്പെട്ട മണവാളനായ യൌസേപ്പു പുണ്യവാന്റെ മേൽ വച്ച പക്ഷത്തേക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹായെ ഇടവിടാതെ സ്നേഹിപ്പാൻ കൃപചെയ്യരുളേണമെ.

൨ നന്മ. ൧ ത്രീ.

൧൭-ം, ൧൮-ം, ൧൯-ം തീയതികളിൽ
ചൊല്ലേണ്ടതു്.

൧. കളങ്കമററ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ! നിൻെറ എത്രയും വിവേകമുള്ള മണവാളനായിരിക്കുന്ന യൌസേപ്പു പുണ്യവാൻെറ നേരെ നീ കാണിച്ച കുറവററ കീഴ്വഴക്കത്തെക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിൻെറ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹാക്കു കുറവില്ലാതെ കീഴ്വഴങ്ങുവാൻ അനുഗ്രഹം ചെയ്യേണമെ.

൩ നന്മ. ൧ ത്രി.

൨. കന്യാവ്രതത്തിന്നനന്തരം വരാത്ത മാതാവേ! നിൻെറ പ്രിയ മണവാളനായിരിക്കുന്ന യൌസേപ്പു പുണ്യവാനു നീ ചെയ്ത കുറവില്ലാത്ത ശുശ്രൂഷയേക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിൻെറ തിരുക്കുമാരനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹാക്കു മരണപൎയ്യന്തം വിശ്വാസമുള്ള ശുശ്രൂഷ ചെയ്വാൻ ദയ ചെയ്യേണമെ.

൩ നന്മ. ൧ ത്രി.

൯. സ്നേഹഗുണത്തിന്നു പാത്രമായിരിക്കുന്ന മാതാവേ! നിന്റെ ഏത്രയും ക്ഷമയുള്ള മണവാളനായിരിക്കുന്ന യൌസേപ്പു പുണ്യവാനോടു കൂടെ നീ അനുസരിച്ച വിശേഷ ക്ഷമയേക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിന്റെ തിരുകുമാരനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹായുടെ തിരുമനസ്സിന്നു പൂൎണ്ണമായി കീഴ്വഴങ്ങിയിരിപ്പാൻ കൃപചെയ്യേണമെ. ൯ നന്മ. ൧ ത്രീ.

## ൧൩-ം ൧൪-ം ൨൨-ം തീയതികളിൽ ചൊല്ലേണ്ടതു്.

൧. അത്ഭുതത്തിന്റെ വിഷയമായിരിക്കുന്ന മാതാവേ! ദൈവ തിരുച്ചിത്തത്തിന്നു ഏത്രയും കീഴ്വഴക്കമുള്ളവനായിരിക്കുന്ന നിന്റെ മണവാളനായ യൌസേപ്പു പുണ്യവാനോടു സന്തോഷമായി നീ സഹിച്ച ദാരിദ്ര്യത്തേക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹായുടെ സ്നേഹത്തേക്കുറിച്ചു ഭൂമിക്കടുത്തതെല്ലാം ഉപേക്ഷിപ്പാൻ കൃപ ചെയ്യേണമെ. ൯ നന്മ. ൧ ത്രീ.

൨. വിവേകൈശ്വൎയ്യമുള്ള കന്യക യേ! നിന്റെ എത്രയും വിവേകമുള്ള മണവാളനായ യൌസേപ്പു പുണ്യവാനോടു കൂടെ നീ അനുസരിച്ച ഉപമ യില്ലാത്ത എളിമയെക്കുറിച്ചു ഞങ്ങളു ടെ ആത്മാവു നിന്റെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷിതാവുമായ ഈശോമി ശിഹായെ പ്രസാദിപ്പിക്കുന്നതിന്നുവേ ണ്ടി എല്ലാവൎക്കും കീഴ്പ്പെടുവാൻ അനു ഗ്രഹം ചെയ്യേണമെ.

ന. നന്മ. ത്രീ.

൩. ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന വറുദ പുഷ്പമേ! നിന്റെ മഹിമപ്പെട്ട മണവാളനായ യൌസേപ്പു പുണ്യവാനോടു കൂടെ നീ സമ്പാദിച്ച പുണ്യപൂൎണ്ണതയെക്കുറിച്ചു ഞങ്ങളുടെ ആത്മാവു നിന്റെ ദിവ്യകുമാരനും ഞങ്ങളുടെ രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹായെ പ്രസാദിപ്പിക്കുന്നതിന്നുവേണ്ടി പുണ്യത്തിന്മേൽ പ്രിയമായി അവകളെ സമ്പാദിപ്പാൻ പ്രയാസപ്പെടുന്നതിന്നു കൃപചെയ്യേണമെ.

ന. നന്മ. ത്രീ.

## കുംഭമാസം ൨-ാംനു
## എ. ഭാ. ക. മറിയത്തിൻെറ ശുദ്ധീകരണ തിരുനാളിനു ആയത്തപ്പാടായുള്ള നവനാൾ ജപങ്ങൾ.

---

(മകരം ൨൪-ാംനു തുടങ്ങുന്നു.)

### ൨൪-ം, ൨൭-ം, ൩൦-ം തീയതികളിൽ ചൊല്ലേണ്ടത്.

൧. എത്രയും നിൎമ്മലയായിരിക്കുന്ന മാതാവേ! നീ ദൈവതിരുസന്നിധിയിൽ ശുദ്ധമുള്ളവളായിരിക്കയാൽ മാനുഷൎക്ക അശുദ്ധമുള്ളവളെന്നു തോന്നുവാൻ തിരുമനസ്സായല്ലോ. ഓ! കുറയില്ലാത്ത അമ്മേ! അഹങ്കാരംമൂലം പാപികളായിരിക്കുന്ന ഞങ്ങളുടെമേൽ അനുഗ്രഹിച്ചു എളിമയെന്ന പുണ്യം ഞങ്ങൾക്ക തന്നു മാനുഷരുടെ മുമ്പാകെ ഞങ്ങൾ പാപികളായി വിധിക്കപ്പെട്ടാൽ ആയതു ഞങ്ങൾ എളിമയോടുകൂടെ ക്ഷമിപ്പാനും ദൈവ തിരുസ്സന്നിധിയിൽ

കുററമില്ലാത്തവരാകുവാനും കൃപ്ല ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

൨ നന്മ. ൧ ത്രി.

൨. അത്യന്ത വിരക്തിയുള്ള മാതാവേ! നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളായിരിക്കയിൽ മാനുഷ മക്കൾക്കു ശേഷം സ്ത്രീകളെപ്പോലെ എന്നു തോന്നുവാൻ നീ തിരുമനസ്സായല്ലോ. ആ എത്രയും എളിമയുള്ള മാതാവെ! നിന്നെ സ്തുതിക്കുന്ന ഞങ്ങളുടെമേലനുഗ്രഹിച്ചു ഞങ്ങളും എളിമയെന്ന പുണ്യമുള്ളവരാകുവാനും ഈ പുണ്യത്താൽ ശേഷമുള്ളവരേക്കാൾ ഞങ്ങൾ പാപികളാകുന്നു, എന്നു ഞങ്ങളുടെ ഹൃദയത്തിൽ വിശ്വസിപ്പാനും മനോഗുണം ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

൨ നന്മ. ൧. ത്രി.

൩. ഈഷൽ കറയററ കന്യാസ്ത്രീയായിരിക്കുന്ന മാതാവെ! നീ ദൈവീക നന്മകളാൽ പൂരിക്കപ്പെട്ടവളായിരിക്കയിൽ ഞങ്ങൾക്കു നന്മാതൃകയായിരിപ്പാൻ വേണ്ടി ദേവാലയത്തിൽ ചെന്നു ശുദ്ധീകരിക്കപ്പെട്ടുവാൻ തിരു

മനസ്സുമായല്ലോ. ഓ! കൃപയുള്ള നാഥ യെ! ഞങ്ങൾ നിന്നെ അനുകരിച്ചു കൊണ്ടു നടപ്പാനും ദുശ്ശീലങ്ങളൊക്ക യും നീക്കി ഞങ്ങളുടെ ആത്മാവിനെ അധികമധികം ശുദ്ധിയാക്കുവാനും കൃ പചെയ്യരുളേണമെന്നു നിന്നോടു ഞ ങ്ങൾ പ്രാൎത്ഥിക്കുന്നു. ന. നന്മ. ൧. ത്രി.

൨൭-ം, ൨൮-ം, ൩൧-ം തീയതികളിൽ ചൊല്ലേണ്ടതു്.

൧. കന്യാവ്രതത്തിന്നു അന്തരം വ രാത്ത മാതാവേ! നിന്റെ ദിവ്യപുത്ര നാകുന്ന ഞങ്ങളുടെ കൎത്താവീശോ മി ശിഹായെ ദേവാലയത്തിൽ കൊണ്ടുചെ ന്നു ദൈവപിതാവിന്നു നീ കാഴ്ചവെച്ച പ്പോൾ ദൈവത്തേയും സകല മാലാ ഖമാരേയും പ്രസാദിപ്പിപ്പാൻ നീ പാ ത്രമായല്ലോ. അൻപുള്ള മാതാവേ! ഈ ദിവസങ്ങളിൽ വിശേഷ വിധത്തിൽ നിന്നെ സ്തുതിക്കുന്ന ഞങ്ങൾ ദൈവ ത്തിന്നു വിരോധമായ കാഴ്ച്ചങ്ങളെ അഗ്രഹിക്കാതെ ഇരിപ്പാൻ നീ ഞങ്ങ ളുടെ ഹൃദയത്തെ നിന്റെ പരിശുദ്ധ

ഹൃദയത്തോടു ചേൎത്തു ദൈവത്തിന്നു കാഴ്ച വച്ചുകൊള്ളണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൩ നന്മ. ൧ ത്രീ.

൫. സ്നേഹഗുണത്തിന്നു പാത്രമായിരിക്കുന്ന മാതാവേ! നിന്റെ ദിവ്യപുത്രനായിരിക്കുന്ന ഉണ്ണീശോയെ ശിമെയോൻ എന്ന വിശുദ്ധന്റെ കൈകളിൽ നീ ഏല്പിച്ചപ്പോൾ ആ ശുദ്ധമാകപ്പെട്ടവന്റെ ആത്മാവു പറഞ്ഞുകൂടാത്ത സന്തോഷത്താൽ പൂരിക്കപ്പെട്ടുവല്ലോ. ഓ! ദയ നിറഞ്ഞ അമ്മേ! ഞങ്ങൾ നിനക്കു കാഴ്ചവെക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ പരിശുദ്ധ ഹൃദയത്തോടു ചേൎത്തു ദൈവത്തിന്നു കാഴ്ച വെക്കുവാൻ തക്കവണ്ണം കൈക്കൊണ്ടു അവയെ ദിവ്യദാനങ്ങളാൽ നിറപ്പാൻ 'സൎവ്വേശ്വരന്നു നീ' ഏല്പിച്ചു കൊള്ളേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൩ നന്മ. ൧ ത്രീ.

൬. അത്ഭുതത്തിന്നു വിഷയമായിരിക്കുന്ന മാതാവെ! നീ പഴയമാൎഗ്ഗത്തിന്റെ പ്രമാണത്തിന്നൊത്തവണ്ണം നി

ൻെറ പുത്രനെ ദൈവപിതാവിന്നു കാഴ്ച വച്ചു വീണ്ടുകൊണ്ടതിനാൽ നീ അത്ഭുതമാംവണ്ണം ലോകരക്ഷെക്കുപകരിച്ചുവല്ലൊ. ഓ! ദിവ്യമാതാവെ! ഞങ്ങളുടേയും ശേഷമുള്ളവരുടേയും നിത്യരക്ഷെക്കുവേണ്ടി കഴിയുംവണ്ണം പ്രയാസപ്പെടുന്നതിന്നു ദോഷത്തിൻെറ അടിമയിൽനിന്നു ഞങ്ങളുടെ ഹൃദയത്തെ രക്ഷിച്ചുകൊള്ളേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ നന്മ. ൧ ത്രീ.

## ൨൩-ാം, ൨൯-ാം, ൩-ാം തീയതികളിൽ ചൊല്ലേണ്ടതു.

൩. വിവേകൈശ്വൎയ്യമുള്ള കന്യകയേ! ശെമോൻ എന്ന മേല്പട്ടക്കാരൻ നീ അനുഭവിപ്പാനിരുന്ന എത്രയും കഠിനമായ വേദനകളൊക്കെയും മുൻകൂട്ടി നിന്നെ അറിയിച്ചപ്പോൾ നീ ദൈവ തിരുമനസ്സിന്നു മുഴുവനാകുംവണ്ണം കീഴ്വഴങ്ങിയല്ലോ. ഓ! പ്രിയമുള്ള മാതാവേ! പാപികളായ ഞങ്ങളുടെ മേലനുഗ്രഹിച്ചു ഞങ്ങളുടെ മനസ്സിന്നു വിരോധമായ സങ്കടങ്ങൾ വന്നുകൂടുമ്പോൾ മുറയിടാ

തെ ദൈവതിരുമനസ്സിന്നു പൂൎണ്ണമായി കീഴ്‌വഴങ്ങി ക്ഷമയോടുകൂടെ അവയെ അനുഭവിപ്പാൻ മനോഗുണം ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ നന്മ. ൧ ത്രീ.

൨. വല്ലഭമുള്ള കന്യകയേ! നീ മുൻകൂട്ടി അറിഞ്ഞിരുന്ന നിന്റെ ദിവ്യപുത്രന്റെ കഠിന പങ്കപ്പാടുകളിന്മേൽ ഭക്തിയോടുകൂടെ ധ്യാനിച്ചുകൊണ്ടു വന്നതിനാൽ പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലം അനുഭവിച്ചുവല്ലോ. അനുഗ്രഹത്തിന്റെ അമ്മേ! ആ ഭംഗപ്പാട്ടിന്നും നിന്റെ വ്യാകുലങ്ങൾക്കും കാരണമായ ഞങ്ങളുടെ പാപങ്ങളിന്മേൽ പട്ടാങ്ങയായിട്ടു ഞങ്ങൾ മനസ്തപപ്പെട്ടു അതിന്റെ പൂൎണ്ണപൊറുതി ലഭിപ്പാനും ഇനിമേൽ അതിൽ വീഴാതിരിപ്പാനും മനോഗുണം ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ നന്മ. ൧ ത്രീ

൩. വിശ്വാസപതിയായിരിക്കുന്ന കന്യകയെ! നിന്റെ തിരുക്കുമാരനെ ദിവ്യപിതാവിന്നു നീ കാഴ്ചവെച്ച ദിവസത്തിൽ നീ അനുഭവിച്ച വ്യാകുല

ത്തെക്കുറിച്ചു നിൻെറ പരിശുദ്ധ മണ
വാളനായ മാർ യൌസേപ്പു ദുഃഖിക്കുന്ന
തിനേക്കണ്ടു മാധുൎയ്യ വചനങ്ങളാൽ ഈ
പിതാവിനെ നീയാശ്വസിപ്പിച്ചുവല്ലോ.
ഓ! എത്രയും മാധുൎയ്യമേറിയ മാതാവേ!
നിങ്ങൾ ഇരുവരുടേയും വ്യസനത്തിന്നും
വ്യാകുലത്തിന്നും കാരണമായ ഞങ്ങളുടെ
പാപങ്ങളേക്കുറിച്ചു കരവാനും മരണപ
ൎയ്യന്തം നിങ്ങളുടെ മേൽ വിശേഷ ഭക്തി
ക്കാരായി നടപ്പാനും മരണത്തിൻെറ
ശേഷം ആകാശമോക്ഷത്തിൽ വന്നു നി
ങ്ങളുടെ ഭാഗ്യത്തിന്നു പങ്കാളികളാകുവാ
നും മനോഗുണം ചെയ്യേണമെന്നു നി
ന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൩ നന്മ. ൧ ത്രി.

# മീനമാസം ൧൯-ാംനു-
# മാർ യൌസേപ്പു പുണ്യവാൻെറ
# മരണത്തിരുനാളിന്നു ആസ്ഥപ്പാടായുള്ള
# നവനാൾ ജപങ്ങൾ.

(മീനം ൧൦-ാംനു- തുടങ്ങുന്നു.)

## ൧-ാം ദിവസം ചൊല്ലേണ്ടതു്.

മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പു പുണ്യവാനേ! നിൻെറ പരിശുദ്ധ മണവാട്ടിയായ ദൈവമാതാവിനെ നീ യോഗ്യമാകുംവണ്ണം സ്നേഹിച്ചു എങ്കിലും എല്ലാം വസ്തുക്കളേക്കാൾ അധികമായി സ്നേഹിക്കേണ്ട ദൈവത്തിൻെറ നേരെയുള്ള സ്നേഹത്തിന്നു ഒട്ടും കുറവുവരാതെയിരിപ്പാൻ തക്കവണ്ണം നിൻെറ പരിശുദ്ധ ഹൃദയത്തെ ക്രമത്തോടെ നീ നടത്തിയല്ലോ. ഓ! ദയയുള്ള പിതാവേ! പാപികളായ ഞങ്ങളുടെ മേലനുഗ്രഹിച്ചു സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ച വസ്തുക്കളെ വെറുക്കുവാൻ ദൈവസ്നേഹാഗ്നി ഞ

ങ്ങളുടെ ഹൃദയങ്ങളിൽ കത്തിജ്വെരിവാ നും ഞങ്ങളുടെ ജീവിതകാലമൊക്കെയും ദൈവത്തെ സ്നേഹിപ്പാനും മരണത്തി ന്റെ ശേഷം മോക്ഷത്തിൽ വന്നു നി ന്നോടുകൂടെ നിത്യമായി ദൈവസ്തുതി കളെ പാടുവാനും, ദൈവത്തിനു മാ താവും റൂഹാദക്കുദശായ്ക്കു പരിശുദ്ധ മണ വാട്ടിയുമായ കന്യാസ്ത്രീ മറിയത്തിന്നു നീ മണവാളനായി എന്നു പറഞ്ഞൊ പ്പിക്കരുതാത്ത ഭാഗ്യത്തേക്കുറിച്ചു, നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ന. ആ. ന നന്മ. ന. ത്രി.

## ൨-ാം ദിവസം ചൊല്ലേണ്ടതു്.

ഈശോമിശിഹായുടെ വളൎത്തുപി താവായ മാർ യൌസേപ്പു പുണ്യവാനേ! 'ഈശൊ' എന്ന തിരുനാമം ആദ്യമാ യി നീ ഉച്ചരിച്ചപ്പോൾ നീ അനുഭ വിച്ച പരമ സന്തോഷത്തേക്കുറിച്ചു ഞ ങ്ങളുടെമേലനുഗ്രഹിച്ചു, ഈ തിരുനാ മത്തിന്മേൽ പ്രീയവും വണക്കവും ഞ

ങ്ങളുടെ ഹൃദയത്തിലുണ്ടായി, ഇന്നു മുതൽ മരണപൎയ്യന്തം ഞങ്ങൾ ചെയ്വാനിരിക്കുന്ന പ്രവൃത്തികളൊക്കെയുടേയും ആരംഭത്തിൽ ഈ ഏത്രയും മധുരിക്കപ്പെട്ട തിരുനാമം ചൊല്ലിക്കൊണ്ടു വരുന്നതിന്നും, പിശാചിന്നടുത്ത പരീക്ഷകൾ വരുന്ന നേരത്തു ആ ആയുധത്താൽ അവയൊക്കെയേയും ജയിച്ചു യാതൊന്നിലും അകപ്പെടാതെ മരണപൎയ്യന്തം പുണ്യമായി ജീവിച്ചശേഷം മോക്ഷത്തിൽ നിന്നോടും സകല ശുദ്ധമാക്കപ്പെട്ടവരോടും മാലാഖമാരുടെ വൃന്ദങ്ങളൊക്കെയോടും കൂടെ ആ തിരുനാമത്തെ നിത്യമായി ചൊല്ലി സ്തുതിക്കുന്നതിന്നും ഞങ്ങൾ യോഗ്യരാകുവാൻ നീ വളൎത്തിയ ദിവ്യപുത്രനോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു ഞങ്ങളുടെ മദ്ധ്യസ്ഥനായ യൌസേപ്പു പുണ്യവാനേ! നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

## ൩-ാം ദിവസം ചൊല്ലേണ്ടത്.

ഞങ്ങളുടെ ദയയുള്ള മദ്ധ്യസ്ഥനായ മാർ യൌസേപ്പു പുണ്യവാനേ! നിന്റെ വളർത്തു പുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹാ നിന്നെയും സർവ്വത്തേയും സൃഷ്ടിച്ച സൃഷ്ടിതാവായിരിക്കയിൽ നിനക്കു കീഴ്വഴങ്ങി ഊഴിയം ചെയ്തതിന്മേൽ ഞങ്ങൾ ധ്യാനിക്കുമ്പോൾ എത്രയോ ലജ്ജിക്കുന്നു. ഈ ഞങ്ങളുടെ രക്ഷിതാവിന്റെ ദിവ്യ മാതൃകക്കൊത്തവണ്ണം നടക്കാതെ അതിന്നു വിരോധമായി, നിഗളമെന്ന പാപത്താൽ, സർവ്വേശ്വരൻ ഞങ്ങളുടെ മേൽ യജമാനന്മാരായിട്ടും കാരണവന്മാരായിട്ടും കല്പിച്ചിരിക്കുന്നവർക്കു കീഴ്വഴങ്ങാതെ ഇരിക്കുന്നതുകൂടാതെ നിന്റെ മഹിമയേയും പുണ്യത്തേയും അറിയാതേയും നിന്റെ യോഗ്യതക്കു ഒത്തവണ്ണം നിന്നെ സ്നേഹിക്കാതേയും സ്തുതിക്കാതേയും നടക്കുകയും ചെയ്തു. എങ്കിലും, മേലാൽ ഒരു കുററത്തിൽ ഉൾപ്പെടാതെയിരിപ്പാൻ ഞങ്ങളുടെ പ്രിയമു

ളള പിതാവായിരിക്കുന്ന നിന്റെ സങ്കേതത്തിൽ ഓടിവരുന്ന ഞങ്ങളെ കുറവില്ലാത്ത കീഴ്വഴക്കവും നിന്റെമേൽ പ്രിയവും വണക്കവും പഠിപ്പിച്ച് ഈശോമിശിഹായോട്ട ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു, അവയെല്ലാം ഞങ്ങൾക്ക തരുവിക്കേണമെന്ന നിന്നോട്ട ഞങ്ങൾ പ്രാത്ഥിക്കുന്നു. നത. നന. നത്രി.

## ൪-ാം ദിവസം ചൊല്ലേണ്ടത്.

എത്രയും ശുദ്ധമാകപ്പെട്ട മാർ യൌസേപ്പു പുണ്യവാനേ! സവ്വത്തിന്നും ആദികാരണനായിരിക്കുന്ന സര്വ്വേശ്വരൻ നമ്മുടെ ഹൃദയത്തിന്റെ ഏക യാവനയായിരിക്കയിൽ, സൃഷ്ടിക്കപ്പെട്ട വസ്തുക്കളിന്മേലുള്ള പക്ഷത്തിന്നു നമ്മുടെ ഹൃദയത്തിലിടംകൊടുക്കാതെ അതിനെ മുഴുവനും ദൈവത്തിന്നു കാഴ്ചകൊടുപ്പാൻ കടമായിരിക്കുന്നതിനെ അറിഞ്ഞു, നീ അഴിവുള്ള പ്രപഞ്ചവസ്തുക്കളിന്മേൽ സ്നേഹം വെക്കാതേയും ശരീരസംബന്ധമായ ദുരാശകൾക്ക നിന്റെ ഹൃദയത്തിലിടം കൊടുക്കാതേയും, അഗതിശ്ചം, വിരക്തി എന്ന ഇരു പുണ്യങ്ങളി

ന്മേൽ മരണപൎയ്യന്തം വിശേഷ പക്ഷ
മായിരുന്നല്ലൊ. ഓ! ദയയുള്ള പിതാ
വേ! നിന്റെ വ്യാപാരത്തിന്നും പാപി
കളായ ഞങ്ങളുടെ വ്യാപാരത്തിന്നും ത
മ്മിൽ എത്രയൊ ദൂരവ്യത്യാസം. ഞങ്ങ
ൾക്ക അല്പസങ്കടമൊ പരീക്ഷയൊ നേ
രിട്ടാലുടൻതന്നെ ദൈവത്തിന്ന ഇഷ്ട
ക്കേടായ അനേക ദ്വേഷങ്ങളിൽ അക
പ്പെടുന്നു. എന്നാലിപ്പോൾ ഞങ്ങളുടെ
ഈ. ജീവിതമുറയെക്കുറിച്ചു മനസ്സാപ
പ്പെട്ടു ദൈവത്തോടു പൊറുതി അപേ
ക്ഷിക്കുന്നതുകൂടാതെ, ലോകത്തിന്നും ശ
രീരത്തിന്നുമടുത്ത ആശാപാശങ്ങളൊക്ക
യും അടക്കി, ദൈവം നീതിമാന്മാൎക്ക അ
സ്ഥമാക്കിയിരിക്കുന്ന മോക്ഷഭാഗ്യത്തി
ന്മേൽമാത്രം ഞങ്ങളാശപ്പെട്ടു നടപ്പാനും,
മരണത്തിന്റെ ശേഷം ആകാശരാജി
തത്തിൽ ആ ഭാഗ്യമനുഭവിച്ചുകൊണ്ടു,
നിന്നോടുകൂടെ ദൈവത്തെ നിത്യമാ
യി സ്തുതിച്ചുകൊണ്ടാടുവാനും, യോഗ്യരാ
കുവാൻ വേണ്ടി ദൈവത്തോടു അപേ
ക്ഷിച്ചു മനോഗുണം തരുവിക്കേണമെ
ന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ന. ആ. ന. ന.മ. ന. ത്രി.

൭-ാംദിവസം ചൊല്ലേണ്ടത്.

മഹാത്മാവായ മാർ യൌസേപ്പു പു ണ്യവാനേ! നിൻെറ പരിശുദ്ധ മണ വാട്ടിയായ ദൈവജനനി ദൈവാദേശ ശായാലെ ഗർഭിണിയായ പരമ രഹ സ്യം നീ അറിയാതെ പരിഭ്രമിച്ചു, എ ങ്കിലും സഹോദര സ്നേഹത്താൽ ഈ പരിശുദ്ധ മാതാവിൻെറ അന്തരം വ രാത്ത കന്യാവ്രതത്തിന്മേൽ സംശയി ക്കാതെ വ്യാകുലപ്പെട്ടുകയിൽ ദൈവദൂ തൻ നിനക്കു ദർശനമായി ആ ദിവ്യര ഹസ്യം വെളിപ്പെടുത്തിയതിനാൽ നീ പറഞ്ഞൊപ്പിക്കരുതാത്ത സന്തോഷം അ നുഭവിച്ചുവെല്ലൊ. ആ ദുഃഖത്തേയും സന്തോഷത്തേയും കുറിച്ചു നിൻെറ അ ടിയാരായ ഞങ്ങളുടെ മേലനുഗ്രഹിച്ചു, ഞങ്ങളുടെ ഹൃദയത്തിലുള്ള പക, വൈ രാഗ്യം മുതലായതു നീങ്ങി കൂട്ടപ്പിറപ്പു കളുടെമേൽ പട്ടാങ്ങയുള്ള സ്നേഹം ഞ ങ്ങൾക്കുണ്ടാകുവാനും, ഞങ്ങളുടെ ആ യുഷ്ക്കാലം മുഴുവനും ഞങ്ങൾക്കു വരുവാ നിരിക്കുന്ന സങ്കടങ്ങളൊക്കെയും ദൈവ

തിരുമനസ്സിന്നു കീഴ്വഴങ്ങികൊണ്ടു ക്ഷമിപ്പാനും, ഇപ്രകാരമുള്ള ദുഃഖങ്ങളും സങ്കടങ്ങളും ദൈവശിക്ഷകളെന്നു വിശ്വസിച്ചു, മുറയിടാതെ ഞങ്ങളുടെ പാപത്തിന്നു പ്രായശ്ചിത്തമായിട്ടു ക്ഷമിച്ചു സന്തോഷത്തോടെ ദൈവനീതിക്കു സ്തോത്രം ചെയ്വാനും, കടശി നിത്യമോക്ഷഭാഗ്യം നേടുവാനും നീ ദൈവത്തോട് അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧. ത്രി.

## ൩-ാം ദിവസം ചൊല്ലേണ്ടതു്.

മഹാത്മാവായ മാർ യൌസേപ്പു പുണ്യവാനേ! നിന്നിൽ വിളങ്ങിപ്രകാശിക്കുന്ന വിശേഷ പുണ്യങ്ങളുടെ ശോഭയാൽ ഞങ്ങളുടെ ദുശ്ശീലങ്ങളും പാപങ്ങളൊക്കെയും ഒരും ദിവസത്തിൽ അറിവാനിടവന്നതിനാൽ ശങ്കിച്ചു ലജ്ജിക്കുന്നു, എങ്കിലും ദോഷത്തെ ഉപേക്ഷിച്ചു നല്ലവഴിക്കു തിരിവാനാഗ്രഹമുള്ള പാപികൾക്കു നീ ദയനിറഞ്ഞ മദ്ധ്യസ്ഥനായിരിക്കുന്നു എന്നു ഞങ്ങൾ അറിഞ്ഞി

രിക്കുന്നതിനാൽ ഭയവും ലജ്ജയും തള്ളി നിന്റെ സിംഹാസനത്തിൻമുമ്പാകെ സാഷ്ടാംഗമായിവീണു, എളിമയോടുകൂടെ നിന്നോടു അപേക്ഷിക്കുന്ന മനോഗുണമെന്തെന്നാൽ, ഞങ്ങളുടെ മുഴുഹൃദയത്തോടുകൂടെ ദൈവത്തെ സ്നേഹിപ്പാൻ ഞങ്ങൾ കടപ്പെട്ടിരിക്കയിൽ, ഇതിനു വിരോധമായി സൃഷ്ടിക്കപ്പെട്ട വസ്തുകളിന്മേൽ അതിയായ സ്നേഹത്തിന്നിടംകൊടുത്തുകൊണ്ടും ബുദ്ധി, മനസ്സു, എന്ന ആത്മവശങ്ങളെ വിശ്വാസത്താലേയും കുറവില്ലാത്ത കീഴ്പ്പെഴക്കത്താലേയും ദൈവത്തിനു മുഴുവനും കീഴാക്കാതെ, അതുകൾ വഴിയായി തനിക്കു ദ്രോഹകരമായിട്ടുള്ള ഏറിയ ദോഷങ്ങളിൽ അകപ്പെട്ടുപോയതുകൊണ്ടു ദുഃഖിക്കുന്നു. മുഴുഹൃദയത്തോടെ മനസ്തപിപ്പെടുന്നു. ദയയുള്ള പിതാവേ! നീ ഞങ്ങളുടെ മനസ്താപം കണ്ടു ഞങ്ങളുടെമേലനുഗ്രഹിച്ചു ഞങ്ങളുടെ കഴിഞ്ഞ ജീവിതകാലത്തിൽ ചെയ്ത പാപങ്ങൾക്കു പൊറുതിയും ഇനിമേൽ ദൈവത്തോടൊന്നിച്ചിരിപ്പാൻ ഉയിരുള്ള വിശ്വാസവും കീഴ്പ്പെഴക്കവും ജ്വലിച്ചെരിയുന്ന

ദൈവസ്നേഹവും നീ ദൈവത്തോട് അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ന. ആ. ന. ന. ന. ത്രി.

൭-ാംദിവസം ചൊല്ലേണ്ടതു്.

ലോകരക്ഷനാഥന്റെ വളൎത്തുപിതാവും ഞങ്ങളുടെ മദ്ധ്യസ്ഥനുമായിരിക്കുന്ന മാർ യൗസേപ്പുപുണ്യവാനേ! പാപികളായ ഞങ്ങൾ ഇതുവരെയും നിന്റെ വിശേഷ വല്ലഭവും സ്ഥാനമഹിമയുംമതിയാകുംവണ്ണം അറിയായ്കനിമിത്തം ഞങ്ങളുടെ ശത്രുക്കളായ ലോകം, പിശാചു്, ശരീരം എന്ന മൂന്നു ശത്രുക്കൾ ഞങ്ങളെ പാപത്തിൽ അകപ്പെടുത്തുവാൻ ഭാവിക്കുന്ന നേരത്തു അതിലകപ്പെടാതെ ഇരിപ്പാൻ വേണ്ടുന്ന ശക്തിയും ഉറപ്പും, വല്ലഭമുള്ള പിതാവായ നിന്നോടു് അപേക്ഷിക്കായ്കയാൽ നിന്റെ മക്കൾക്കു ചേരാത്ത അനേക പാപങ്ങളിൽ ഞങ്ങൾ ഉൾപ്പെടുന്നതിന്നു് ഇടയായി എന്നോൎത്തു ദുഃഖിച്ചു മനസ്താപപ്പെടുന്നു. ആ പാപങ്ങൾക്കു കാരണ

മായ മേല്പറഞ്ഞ ശത്രുക്കളുടെ പരീക്ഷകൾ ഞങ്ങളെ ഞെരുക്കുമ്പോൾ ദയയുള്ള പിതാവെ! നിൻെറ സങ്കേതത്തിൽ ഓടിവന്നു നിൻെറ സഹായം അപേക്ഷിപ്പാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ അപ്പോൾ നീ നിൻെറ മക്കളായ ഞങ്ങളുടെ ആപത്തുകളിന്മേൽ അലിവുതോന്നി ആ പരീക്ഷകളിൽനിന്നു ഞങ്ങളെ കാത്തു രക്ഷിക്കേണമെന്നും, ഇങ്ങനെ മരണപൎയ്യന്തം നിൻെറ പട്ടാങ്ങയുള്ള മക്കളായിട്ടു ഞങ്ങളെ നടത്തികൊള്ളേണമെന്നും, നീ വളൎത്തിയ ദിവ്യ പുത്രൻെറ മേൽ നിനക്കുള്ള പ്രിയത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ന. ആ. ന ന, ന. ത്രി.

## ൨൮-ാം ദിവസം ചൊല്ലേണ്ടത്.

ത്രിലോക നാഥയായ ദൈവമാതാവിൻെറ പരിശുദ്ധ മണവാളനും ഞങ്ങളുടെ മദ്ധ്യസ്ഥനുമായ മാർ യൌസേപ്പു പുണ്യവാനേ! നീ ദേവമാതാവിൻെറ മണവാളനായി തെരിഞ്ഞെടുക്കപ്പെട്ട

തിനാൽ നിനക്കുണ്ടായ സന്തോഷവും നിനക്കു ലഭിച്ച മനോവാക്കുകളിലട ങ്ങാത്ത വല്ലഭവും മഹത്വവും ഞങ്ങളോ ൎത്തു സന്തോഷിക്കുന്നതുമല്ലാതെ, ഈ വി ശേഷ സ്ഥാനമഹിമകൊണ്ടും ദൈവീ ക നന്മകൾകൊണ്ടും നിന്നെ അലങ്ക രിപ്പാൻ തിരുമനസ്സായ സൎവ്വേശ്വരനു സ്തോത്രവും ചെയ്യുന്നു. എന്നാൽ ഇപ്ര കാരമുള്ള നന്മകളും ഈ വിശേഷ വ ല്ലഭവും നിൻെറ അടിയാരായ ഞങ്ങ ളുടെ ആത്മോപകാരത്തിന്നായിട്ടുകൂടെ യും നിനക്കു സിദ്ധിച്ചിരിക്കുന്നു എന്ന തിനെ ഞങ്ങളറിഞ്ഞിരിക്കുന്നു. ആയ തിനാൽ നിന്നോടു ഞങ്ങളപേക്ഷിക്കു ന്ന നന്മകളൊക്കയും ഞങ്ങൾക്കു കിട്ടു മെന്നു ശരണപ്പെട്ടുകൊണ്ടു നിൻെറ ഉ ന്നത സിംഹാസനത്തിൻ മുമ്പാകെ സാഷ്ടാംഗമായി വീണു നിൻെറ മണ വാട്ടിയായ ദൈവമാതാവിൻെറ മേലും നിൻെറമേലും വിശേഷ ഭക്തിക്കാരായി നടന്നു പിശാചിൻെറ പരീക്ഷകളെ ഒക്കയും ജയിക്കുന്നതിന്നും ദൈവപ്രമാ ണങ്ങളെ കാത്തു നടക്കുന്നതിന്നും വേ ണ്ടിയ മനോഗുണവും ധൈൎയ്യവും നീ

ദൈവത്തോട അപേക്ഷിച്ചു തരുവിക്കേ ണമെന്നു ദേവമാതാവിന്റെ തിരുമുഖ ത്തെക്കുറിച്ചു നിന്നോട ഞങ്ങൾ പ്രാൎത്ഥി ക്കുന്നു. ന. ആ. ന. ന. ന. ത്രി.

## ൯-ാം ദിവസം ചൊല്ലേണ്ടതു്.

മഹാത്മാവായ മാർ യൌസേപ്പു പു ണ്യവാനേ! നിന്റെ വളൎത്തു പുത്രനായ ഈശോമിശിഹായിൽനിന്നും നിന്റെ മണവാട്ടിയായ ദേവമാതാവിൽ നിന്നും നീ വേർപിരിവാൻ സംഗതിയായി എ ങ്കിലും, ഈ ദിവ്യപുത്രനും മാതാവും നി നക്കു തുണയായിരിപ്പാനുള്ളതിന്നു നീ പാത്രവാനായല്ലൊ. ഈ മഹാ ഭാഗ്യം ഞങ്ങളുടെ മദ്ധ്യസ്ഥനായ നിനക്കു ലഭി ച്ചതിനാൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ നിനക്കു കിട്ടിയ ഭാഗ്യത്തെക്കു റിച്ചു നിന്റെ അടിയാരായി നടപ്പാൻ നിശ്ചയിച്ചിരിക്കുന്ന ഞങ്ങളുടെമേലനു ഗ്രഹിച്ചുഞങ്ങളും ഭാഗ്യപ്പെട്ട മരണംപ്രാ പിപ്പാൻ ദൈവത്തിൽ നിന്നു മനോഗു ണം ലഭിച്ചുതരേണമെന്നു നിന്നോട ഞ ങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ ചെ

യ്യ പാപങ്ങളാൽ ഇത്ര വലിയ മനോഗു ണത്തിനു യോഗ്യരാകുന്നില്ലായെങ്കിലും നിൻെറ വിശേഷ ഭക്തിക്കാരനായ ലിഗോരിപ്പുണ്യവാൻെറ വചനത്തിന്നൊത്തവണ്ണം ഞങ്ങൾക്കു നീ തുണയായിരുന്നാൽ ഞങ്ങൾ നശിച്ചുപോകയില്ല. നീ ഞങ്ങൾക്കുവേണ്ടി ഈശോമിശിഹായോടു അപേക്ഷിച്ചാൽ നരക ശിക്ഷയ്ക്കു ഞങ്ങളെ വിധിക്കയില്ലായെന്നു ഈ പുണ്യവാൻെറ വചനം വിശ്വസിച്ചുകൊണ്ടു ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി തെരഞ്ഞെടുക്കുന്നു. ആയതിനാൽ ദയയുള്ള പിതാവെ! നിൻെറ സങ്കേതത്തിൽ ഓടിവരുന്ന ഞങ്ങളെ ഉപേക്ഷിക്കാതെ ഞങ്ങളുടെ ജീവിതകാലമൊക്കയിലും പിശാചിൻെറ തന്ത്രങ്ങളിൽനിന്നു ഞങ്ങളെ കാത്തുരക്ഷിച്ചു, ഞങ്ങൾ മരണപ്രമാദത്തിൽ ഉൾപ്പെട്ടപ്പോൾ നീ ഞങ്ങളുടെ പക്കൽ എഴുന്നുള്ളി നിൻെറ തുണയാൽ നല്ലമരണം പ്രാപിച്ചു, നിന്നെയും നിന്നോടുകൂടെ ദൈവത്തെയും സ്തുതിപ്പാനുള്ളതിന്നു മോക്ഷത്തിൽ വന്നു ചേരുവാൻ നീ ദൈവത്തോട് അപേക്ഷിച്ചു മനോഗുണം തരു

വിക്കേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൩ ആ. ൩ ന. ൩ ത്രി.

മീനമാസം ൨൫-ാംനു-
ഗെവ്റിയേൽ ദൈവദൂതൻ എ.
ഭാ. ക. മറിയത്തിനോടു മംഗലവാൎത്ത
ചൊല്ലിയ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

മീനമാസം ൧൬-ാംനു- തുടങ്ങുന്നു.

൧. നന്മനിറഞ്ഞ മറിയമെ! ദൈവദൂതൻ നിന്നോടു മംഗലവാൎത്ത ചൊല്ലിയപ്പോൾ നിന്നോടരുളിയ പരമ സന്തൊഷം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൨. എത്രയും നിൎമ്മലയായിരിക്കുന്ന മറിയമെ! ഗെവ്റിയേൽ മാലാഖാ നിന്നെ ദൈവനന്മയാൽ പൂരിക്കപ്പെട്ടവളായി വാഴ്ത്തിയതിനാൽ നിനക്കു കിട്ടിയ വിശേഷ ദൈവേഷ്ടപ്രസാദം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൩. ഈശ്വൽ കറയററ കന്യാസ്ത്രീ

യായിരിക്കുന്ന മറിയമെ! ദൈവദൂതൻ ആകാശത്തിൽ നിന്നു എഴുന്നള്ളി നിന്നോടറിയിച്ച ഏത്രയും ഭാഗ്യപ്പെട്ട ആ അറിയിപ്പു വാഴ്ത്തപ്പെട്ടതാകട്ടെ.

൧ നന്മ.

൪. കന്യാംവ്രതത്തിന്നു അന്തരംവരാത്തമറിയമെ! "തമ്പുരാന്റെ അടിയാട്ടി, ഇതാ ഞാൻ" എന്നു നീ അരുളിച്ചെയ്ത തിരുവചനങ്ങളാൽ കാട്ടിയ ഉപമയില്ലാത്ത എളിമ വാഴ്ത്തപ്പെട്ടതാകട്ടെ.

൧ നന്മ.

൫. അത്ഭുതത്തിന്റെ വിഷയമായിരിക്കുന്ന മറിയമെ! ദൈവ ചിത്തത്തിന്നു കീഴ്വഴങ്ങിയ ആ വിശേഷ കീഴ്വഴക്കം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൬. വല്ലഭമുള്ള മറിയമെ! കന്യാത്വത്തിന്നന്തരം ഇല്ലാതെ ദൈവ വചനത്തെ നിന്റെ തിരു ഉദരത്തിൽ ധരിച്ച മാലാഖാമ്മാരുടെ ശുദ്ധത വാഴ്ത്തപ്പെട്ടതാകട്ടെ ൧ നന്മ.

൭. ആകാശമോക്ഷത്തിന്റെ വാതിലായ മറിയമെ! നീ ദൈവപുത്രനെ നമ്മുടെ മാംസം ധരിപ്പിച്ച ആ ക്ഷണം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

വ്. ഉഷഃകാലത്തിലെ നക്ഷത്ര മായ മറിയമെ! നീ ദൈവ പുത്രനു മാതാവായി തീൎന്ന ആ ഭാഗ്യപ്പെട്ട ക്ഷണം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

ൻ. ക്രിസ്ത്യാനികളുടെ സഹായമായ മറിയമെ! ദൈവപുത്രൻെറ മാനുഷാവതാരത്താൽ മാനുഷവൎഗ്ഗത്തിൻെറ രക്ഷയാരംഭിച്ചു എന്ന ആ ക്ഷണം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ. ആമ്മേൻ.

---

മേടമാസം ൨൩—ാംനു
ശുദ്ധ. ഗീവൎഗീസിൻെറ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള ത്രിദിന ജപങ്ങൾ.

---

മേടമാസം ൨൦—ാംനു- തുടങ്ങുന്നു.

൧. ദ്യൊക്ലെസ്യാനോസു ചക്രവൎത്തിയുടെ സേനയിൽ നീ ഉന്നത ഉദ്യോഗം പ്രാപിച്ചിരുന്നു, എങ്കിലും ക്രിസ്ത്യാനികളെ നിൎമ്മൂലമാക്കുന്നതിന്നു ച

ക്രവൎത്തി കല്പിച്ച സമയം ധൈൎയ്യത്തോടെ ആ നിഷ്ഠുരകല്പന അന്യായമാണെന്ന് രാജസമക്ഷം വാദിച്ച മഹാ ധൈൎയ്യവാനായ ഗീവറുഗീസു പുണ്യവാനേ! ലോകം, പിശാച് എന്ന ഉഗ്രശത്രുകളായ ചക്രവൎത്തികൾ ദൈവസ്നേഹത്തെ നിൎമ്മൂലമാക്കുന്ന പാപങ്ങളിൽ ഉൾപ്പെടുന്നതിന്നു ഞങ്ങളെ നിൎബ്ബന്ധിക്കുന്ന സമയം നിന്റെ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ധൈൎയ്യത്തോടെ അവയെ എതിൎത്ത് അടക്കുന്നതിന്നു വേണ്ട ധൈൎയ്യം നീ ദൈവത്തോടു അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ፈ ആ. ፈ ന. ፈ ത്രി.

൨. ചക്രവൎത്തിയുടെ അനീതിയായ കല്പനയെ നീ അനുസരിയ്ക്കായ്ക നിമിത്തം ഇരിമ്പു ചക്രത്തിന്മേൽ നിന്നെ കെട്ടിച്ചു ചുററിച്ചതിനാൽ നിന്റെ ദേഹമാസകലം മുറിവേൽക്കപ്പെട്ടിരുന്ന സമയം നിന്റെ അതിശയിക്കത്തക്ക ക്ഷമയേയും വേദത്തിലുള്ള സ്ഥിരതയേയും കണ്ടു ദൈവം "ഗീവറുഗീസെ! നീ ഭയപ്പെടെണ്ടാ, ഞാൻ നി

ന്നോടുകൂടെ ഉണ്ടായിരിക്കു"മെന്നു് അരു ളിച്ചെയ്ത ദിവ്യവാക്യം കേൾപ്പാൻ പാത്രവാനായ ശീവറുഗീസു പുണ്യവാ നേ! പാപികളായ ഞങ്ങളെ പിശാ ചെന്ന നരക ചക്രവത്തി പാപത്തി ലകപ്പെടുത്തി ദൈവത്തെ നിന്ദിക്കുന്ന തിന്നു പരീക്ഷിക്കുന്ന ആപത്തുനേര ത്തു മഹാ ധൈൎയ്യത്തോടും ക്ഷമയോടും കൂടെ ആ വഞ്ചനകളെയും തന്ത്രങ്ങളെ യും തള്ളി നിൻെറ സന്മാതൃകയ്ക്കൊ ത്തവണ്ണം ദൈവേഷ്ടത്തെ നഷ്ടമാക്കാ തിരിപ്പാൻ നീ ദൈവത്തോടു അപേ ക്ഷിച്ചു മനോഗുണം തരുവിക്കേണമെ ന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

പ ആ. പ ന. പ ത്രി.

൩. ഡ്യ്വാക്ലേസ്യാനോസു ചക്രവ ത്തിയോടുകൂടെ അപ്പൊളോൻ എന്ന വിഗ്രഹത്തിൻെറ പക്കൽ ചെന്നു അ തിലാവസിച്ചിരുന്ന പിശാചിനെ കു രിശിൻെറ അടയാളത്താൽ ഓടിച്ചുക ളയുന്നതിന്നും ആ വിഗ്രഹത്തെ തക ത്തു ധൂളിയാക്കുന്നതിന്നും ദൈവത്തിൽ നിന്നു ശക്തി പ്രാപിച്ച ശീവറുഗീസു പുണ്യവാനേ! പിശാചു ഞങ്ങളെ വ

ഞ്ചിച്ച് അവന്റെ പക്ഷത്തിലാക്കുന്നതിന്നു പരീക്ഷിക്കുന്ന നേരത്തു നിന്റെ ദൃഷ്ടാന്തത്തിന്നൊത്തവിധം കുരിശിന്റെ അടയാളത്താൽ അവനെ ഓടിക്കുന്നതിന്നും അവന്റെ പരീക്ഷകളെ ഒക്കെയും പൊടിപോലെ പൂളിക്കുന്നതിന്നും നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

---

## മിഥുനമാസം ൧൩-ാംനു- ശ്രു. അന്തോനീസു പാദുവായുടെ തിരുനാളിന്നു അസ്ഥപ്പാടായിട്ടുള്ള ത്രിദിന ജപങ്ങൾ.

---

### മിഥുനം ൧൦-ാംനു- തുടങ്ങുന്നു.

൧. ബാല്യപ്രായത്തിൽതന്നെ ലോക സുഖാദികളെ ഉപേക്ഷിച്ചു "കന്നൊനിക്കൊരും റെഗുളാരിയും" എന്നു പറ

യപ്പെട്ടന്ന സന്ന്യാസ സഭയിൽ ചേരുകയും മൊറോക്ക് ദേശത്തിൽ വേദത്തെ പ്രതി പ്രാണനെക്കൊടുത്ത അഞ്ചു വേദസാക്ഷികളുടെ ശരീരങ്ങളെക്കണ്ട്, അ പ്രകാരമുള്ള ഭാഗ്യത്തെ പ്രാപിക്കുന്നതിനുവേണ്ടി ആദ്യസഭയെ ഉപേക്ഷിച്ചു, അഞ്ചുകായം പ്രംസീസ്സോസു പുണ്യവാൻെറ സഭയെ തെരിഞ്ഞെടുക്കയും ചെയ്തിട്ടു, ഹൃദയത്തിൽ ജ്വലിച്ചിരുന്ന അനല്പ ആഗ്രഹത്താൽ സർച്ചെൻകാരുടെ പക്കലേക്കു പോകുന്നതിന്നു പുറപ്പെട്ടു എങ്കിലും വഴിമദ്ധ്യേവച്ചുണ്ടായ ശരീരാസ്വാസ്ഥ്യം ഹേതുവാൽ മാത്രം തടസ്ഥപ്പെട്ടകയും ചെയ്ത അന്തോനീസു പുണ്യവാനേ! പാപികളായ ഞങ്ങൾ നിൻെറ ഉത്തമദൃഷ്ടാന്തത്തിന്നൊത്തവണ്ണം ലോകസുഖ ഭാഗ്യങ്ങളെ നിസ്സാരമായി വിചാരിക്കുന്നതിന്നും പുണ്യജീവിതത്തിന്നു ഏററം ഉത്തമപോംവഴി ഇന്നതെന്നറിഞ്ഞാൽ അവയെ ത്യജിക്കാതെ അനുഗമിക്കുന്നതിന്നും പാട്ടപീഡകളെ സഹിക്കുന്നതിന്നും നിന്നെപ്പോലെ ധൈര്യവാന്മാരാകുന്നതിന്നും ദൈവത്തോട്ട നീ അപേക്ഷിച്ചു മനോ

ഗ്രണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൨. ധ്യാനം, ഉറക്കൊഴിച്ചിൽ, നോയമ്പു മുതലായ തപഃകൃത്യങ്ങളിൽ ദീൎഘനാൾ ചിലവഴിക്കയും തിരുപ്പട്ട മേററശേഷം സുവിശേഷം അറിയിപ്പു കാരനായി നയമിക്കപ്പെടുകയും ശ്രു. മാ ൎപ്പാപ്പാ നിൻെറ പ്രസംഗം കേട്ടു വാഗ്ദ ത്തത്തിൻെറ പെട്ടകമെന്നു പേരിടുക യും ഇടത്തുട്ടുകാരുടെ കോട്ടപ്പടിയെന്നു വിളിക്കപ്പെടുകയും ചെയ്തു അന്തോനീ സു പുണ്യവാനേ! പാപികളായ ഞങ്ങ ൾ ശുഷ്കാന്തിയോടെ ധ്യാനത്തിലഭ്യ സിക്കുന്നതിന്നും ഞങ്ങളുടെ പാപങ്ങൾ ക്കു പരിഹാരമായി നോയമ്പു, ഉറക്കൊ ഴിച്ചിൽ, പ്രായശ്ചിത്തം മുതലായ ത പകൃത്യങ്ങളിലിടവിടാതെ തീഷ്ണത യോടെ വ്യാപരിക്കുന്നതിന്നും വേണ്ട ധൈൎയ്യവും താല്പൎയ്യവും ഞങ്ങൾക്കുണ്ടാ കുന്നതിന്നു നീ ദൈവത്തോടു അപേ ക്ഷിച്ചു മനോഗ്രണം തരുവിക്കേണമെ ന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൩. നിൻെറ ഹൃദയത്തിൽ ജ്വലിച്ചിരുന്ന ദൈവ സ്നേഹാഗ്നിയിൽ അനേകരുടെ ആത്മരക്ഷയ്ക്കും സഹോദരരുടെ നല്ല പഠനത്തിനുമായി മഹാ ധൈൎയ്യത്തോടും ജാഗ്രതയോടും കൂടെ വേല ചെയ്കയും അനേക അത്ഭുതങ്ങളാൽ പല പാപികളുടെ ദുൎന്നടപ്പിനെ മാററുകയും ചെയ്തശേഷം പാദുവാ നഗരിയിൽ വച്ചു നിൻെറ സകല സുകൃത്യങ്ങൾക്കും തക്ക സമ്മാനം പ്രാപിക്കുന്നതിന്നു ശരീരത്തിന്നടുത്ത ജീവിതത്തിൽനിന്നു വേർതിരിഞ്ഞ അന്തോനീസ് പുണ്യവാനേ! പാപികളായ ഞങ്ങൾ നിൻെറ സുകൃത ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ദൈവസ്നേഹത്തിൽ പൂൎണ്ണമായി ജീവിക്കുന്നതിന്നും ഞങ്ങളുടെയും ശേഷംപേരുടെയും ആത്മരക്ഷയെ പ്രതി എല്ലാസ്സോഴും പ്രയാസപ്പെടുന്നതിന്നും ഇപ്രകാരം മരണപൎയ്യന്തം ദൈവേഷ്ടത്തെ നഷ്ടമാക്കാതെ ജീവിച്ചു മരിച്ചശേഷം മോക്ഷത്തിൽ വന്നു നിന്നോടുകൂടെ ദൈവസ്തുതികളെ നിത്യമായി പാടുന്നതിന്നും വേണ്ട മനോഗുണം ദൈവത്തോടു അപേക്ഷിച്ചു ത

രുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

---

## മിഥുനമാസം ൨൧-ാംനു.

## ശു. ലൂയീസ് ഗോൻസാഗയുടെ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

---

മിഥുനം ൧൨-ാംനു തുടങ്ങുന്നു.

൧. മാലാഖാസ്സടുത്ത ലൂയീസുപുണ്യവാനേ! നീ ഈ ഭൂലോകത്തിന്റെ അരവാരങ്ങളുടെ മദ്ധ്യേ വസിച്ചിരുന്നാലും ജപധ്യാനത്തിന്റേയും, ഏകാന്തത്തിന്റേയും ഇടവിടാതെയുള്ള അഭ്യാസംകൊണ്ടു ലയമില്ലാത്ത മോക്ഷ നന്മയുടെ പ്രാപ്തിക്കു യോഗ്യനായല്ലോ. ഓ! ഞങ്ങളുടെ പ്രിയം നിറഞ്ഞ പുണ്യവാനേ! നിത്യായുസ്സിന്റെ പട്ടാങ്ങയുള്ള ഭാഗ്യത്തിന്നു നിശ്ചയം വരുത്തുവാൻ ഈ

ലോകത്തിന്നടുത്ത ആരവാരങ്ങളേയും സന്തോഷാദികളേയും നിൻെറ നല്ലമാതൃകയ്ക്കൊത്തവണ്ണം വിട്ടുപേക്ഷിക്കുന്നതിന്നുള്ള മനോഗുണം ദൈവത്തോടു നീ അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

വ. മാലാഖമാൎക്കൊത്ത ളുയീസു പുണ്യവാനേ! നീ മാമ്മോദീസായിൽ കൈക്കൊണ്ട ദൈവേഷ്ടപ്രസാദത്തെ പാപത്താൽ നഷ്ടമാക്കാതെ ഏത്രയും കഠിനമായ കരുക്കളെക്കൊണ്ടും ഏററം ഭയങ്കരമായ നോമ്പുകളാലേയും നിൻെറ ശരീരത്തെ ശിക്ഷിച്ചമൎത്തി വന്നുവല്ലോ. ഓ! ഞങ്ങളുടെ പ്രിയമുള്ള പുണ്യവാനേ! വിലതീരാത്ത നിക്ഷേപമായ ദൈവേഷ്ടപ്രസാദം ഞങ്ങൾക്കു നഷ്ടമായിപ്പോകാതെ ഇരിക്കുന്നതിന്നു ഞങ്ങളുടെ ദുരിശ്ചരകളെയും ശരീരേന്ദ്രിയങ്ങളേയും അമൎത്തി ജീവിക്കുന്നതിനു വേണ്ടിയ ദൈവസഹായം അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ ൧ നന്മ. ൧ ത്രി.

൩. മാലാഖാസ്ഥൂട്ടത്ത ളൂയീസു പുണ്യവാനേ! നീ ചെറുപ്രായത്തിൽ ചെയ്തു അല്പകുററങ്ങളെക്കുറിച്ചു എത്രയും ഉയിരുള്ള മനസ്താപത്തോടെ വിലപിച്ചു കരകയും പാപസങ്കീൎത്തനത്തിൽ ആ കുററങ്ങളെ അറിയിക്കയിൽ ബോധക്ഷയമാകയും ചെയ്തുവല്ലൊ. ഓ! പ്രിയമുള്ള പുണ്യവാനേ! ഞങ്ങളുടെ പാപങ്ങളെ ഒക്കയും, വേണ്ടിയ മനസ്താപത്തോടെ കുമ്പസാരിപ്പാനും ശുദ്ധ. കുബ്ബാന യോഗ്യതയോടെ കൈക്കൊള്ളുവാനുമുള്ള മനോഗുണം ദൈവത്തോട്ട അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോട്ട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

പ ആ. പ ന. പ ത്രി.

## മിഥുനമാസം ൨൪-ാംനു.
## ശ്രു. യോഹന്നാൻ മാംദാനായുടെ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള
### ത്രിദിന ജപങ്ങൾ.

---

മിഥുനം ൨൧-ാംനു- തുടങ്ങുന്നു.

൧. മഹാ പുണ്യവാനായ യോഹന്നാൻ മാംദാനായെ! ഊനമില്ലാത്ത ശുദ്ധതയാൽ ദൈവേഷ്ടപ്രസാദമെന്നത്ഥമായിരിക്കുന്ന നിന്റെ നാമധേയത്തിന്നു ശരിയായ ജീവിതം നീ കഴിച്ചുവല്ലൊ. ഓ! മഹാപുണ്യവാനേ! പാപികളായിരിക്കുന്ന ഞങ്ങളെ ദയയുള്ള കണ്ണുകളാൽ നോക്കി മിശിഹായുടെ ശിഷ്യരെന്നു ഞങ്ങൾ ധരിച്ചിരിക്കുന്ന മഹിമയുള്ള പേരിന്റെ അത്ഥത്തിന്നൊത്തവണ്ണം ഞങ്ങൾ നടപ്പാൻ ദൈവത്തോടു നീ അപേക്ഷിച്ച മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. മഹാപുണ്യവാനേ! നീ കഠിന തപസ്സും പുണ്യജീവിതവും കഴിപ്പാനുള്ളതിന്നു ചെറുപ്രായത്തിൽതന്നെ ഈ പ്രപഞ്ചമായങ്ങളിൽ നിന്നകന്നു വനവാസത്തിലേക്കു പോയല്ലൊ. എന്നാൽ പാപികളായ ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളെ, അഴിഞ്ഞുപോകുന്ന ഈ പ്രപഞ്ച വസ്തുക്കളിൽ നിന്നു വേർതിരിച്ച് ഇടവിടാതെയുള്ള ഇന്ദ്രിയ അടക്കങ്ങളാലേയും തപസ്സുകളാലേയും ദൈവേഷ്ടത്തിന്നു വിരോധിക്കുന്ന ഞങ്ങളുടെ ശരീരത്തേയും അമർത്തികൊള്ളുവാൻ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൩. മഹാ പുണ്യവാനായ യോഹന്നാൻ മാംദാനായെ! നീ ദൈവസ്വരത്തിന്നു കീഴ്പ്പെടുവാൻവേണ്ടി എത്രയും സ്നേഹിച്ചിരുന്ന ഏകാന്തത്തെ വിട്ടുപേക്ഷിച്ചു മാമ്മോദീസാ മുക്കുന്നതിന്നും പ്രസംഗിക്കുന്നതിന്നും ജനങ്ങൾ കൂടിയിരുന്ന സ്ഥലമായ യോർദാനാൻ നദീതീരത്തിൽ ചെന്നുവല്ലൊ. എ

ന്നാൽ നിന്റെ അയോഗ്യഭക്തിക്കാരായ ഞങ്ങളും ദൈവസ്വരങ്ങൾക്കും നല്ല തോന്നിപ്പുകൾക്കും ചെവികൊടുത്തു കൊണ്ടു ക്ഷണത്തിലവയെ നിറവേററുന്നതിന്നു മനോഗുണം ദൈവത്തോടപേക്ഷിച്ചു തരുവിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

ഃ ആ. ഃ ന. ഃ ത്രി.

കക്കടകമാസം ൨–ാംനു.

ദേവമാതാവു എലിശാ അമ്മയെ സന്ദശിക്കുന്നതിന്നു പോയ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള

നവനാൾ ജപങ്ങൾ.

മിഥുനം ൨൩–ാംനു തുടങ്ങുന്നു.

ഃ. ദൈവജനനിയായ മറിയമെ! നിന്റെ ഇളയമ്മയായ എലീശാ അമ്മയെ സന്ദശിക്കുന്നതിനു നിനക്കുണ്ടായ ഭക്തിക്കടുത്ത ആ നിരുപണ വാഴ്ത്തപ്പെട്ടതാകട്ടെ! ഃ നന്മ.

൨. പരിശുദ്ധ മറിയമേ! നിൻെറ ഇളയമ്മയായ ശ്രു. ഏലീശാ അമ്മയുടെ വീട്ടിലേക്ക നീ നടന്ന യാത്ര വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൩. മിശിഹായുടെ മാതാവായ മറിയമെ! നിൻെറ ഇളയമ്മയായ ശ്രു. ഏലീശാ അമ്മയുടെ വീട്ടിൽചെയ്ത പ്രവേശനം വാഴ്ത്തപ്പെട്ടതാകട്ടെ ൧ നന്മ.

൪. ദൈവപ്രസാദത്തിൻെറ മാതാവായ മറിയമെ! നിൻെറ ഇളയമ്മയായ ശ്രു. ഏലീശാ അമ്മയോട്ട നീ ചൊല്ലിയ സ്വസ്തി വാഴ്ത്തപ്പെട്ടതാകട്ടെ.

൧ നന്മ.

൫. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളായ മറിയമെ! നിൻെറ ഇളയമ്മയായ ശ്രു. ഏലീശാ അമ്മയെ പിടിച്ചു തഴുകിയ അതിസ്നേഹപ്രവൃത്തി വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ

൬. കന്യാവ്രതത്തിന്നന്തരം വരാത്ത മാതാവായ മറിയമെ! നിൻെറ ഇളയമ്മയായ ശ്രു. ഏലീശാ അമ്മയുടെ മുഖത്തിൽ മുത്തിയ മുത്തൽ വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൭. സ്നേഹഗുണത്തിന്ന പാത്രമായ

മറിയമെ! നീ നിൻെറ ഇളയമ്മയുടെ വീട്ടിൽ പാൎത്തതിനാൽ ആ ശുദ്ധമാക്കപ്പെട്ടവരുടെ ആത്മത്തിന്നു സിദ്ധിച്ച ഏററിക്കപ്പെട്ട ദൈവവരപ്രസാദം വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

വ്വ. ദിവ്യജ്ഞാനത്തിൻെറ സിംഹാസനമായ മറിയമെ! നിൻെറ ഇളയമ്മയായ ഏലീശാ അമ്മക്കു നീ ചെയ്ത ആശ്ചൎയ്യമായ താഴ്മയോടുകൂടിയ ശുശ്രൂഷ വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ.

൯. ഞങ്ങളുടെ തെളിവിൻെറ കാരണമായ മറിയമെ! നീ നിൻെറ ഇളയമ്മയായ ഏലീശാ അമ്മയോടുകൂടി മൂന്നു മാസം പാൎത്തുവല്ലൊ, ആ ഭാഗ്യപ്പെട്ട നിൻെറ വാസം വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ.

## കൎക്കടകമാസം ൧൬-ാംനു-
## എ. ഭാ. കൎമ്മെല മാതാവിന്റെ തിരു
## നാളിന്ന് ആസ്ഥപ്പാടായിട്ടുള്ള
## നവനാൾ ജപങ്ങൾ.

---

### കൎക്കടകം ൭-ാംനു- തുടങ്ങുന്നു.

൧ ത്രിലോക രാജ്ഞിയായ കൎമ്മെലമാതാവെ! പാപികളായ ഞങ്ങൾ നിന്റെ ശുശ്രൂഷികളും പ്രിയപ്പെട്ട മക്കളുമാകുന്നു എന്നു എല്ലാവരും അറിവാൻ തക്കവണ്ണം വിശേഷ പക്ഷത്തിന്റെ മുദ്രയായിട്ടു നിന്റെ ശുദ്ധമാകപ്പെട്ട ഉത്തരീയം ഞങ്ങൾക്കു തന്ന് ശേഷം സഭക്കാരിൽനിന്നു നീ ഞങ്ങളെ വേർതിരിച്ചുവല്ലൊ, എന്നാൽ ഞങ്ങൾ നിന്റെ വിശേഷ പക്ഷത്തെ ഓൎത്തു നിന്നോടു അപേക്ഷിക്കുന്നതെല്ലാം ഞങ്ങൾക്കു ലഭിക്കുമെന്നു ശരണപ്പെട്ടുകൊണ്ടു, ആകാശരാജ്ഞിയായി മുടി ധരിക്കപ്പെട്ടവളായ നിന്റെ തിരുമുമ്പാകെ സാഷ്ടാംഗം വീണു, നീ ഞങ്ങൾക്കുവേണ്ടി സൎവ്വേശ്വര

നിൻെറ ദിവ്യകുമാരനേയും നിന്നെയും പലപ്രാവശ്യം സങ്കടപ്പെട്ടത്തിയതിനെ ക്കുറിച്ചും മനസ്സാപപ്പെട്ടു, മേലാൽ പാപങ്ങളെ ഒക്കയും പ്രത്യേകം നീ അധികം അറെക്കുന്ന കുററങ്ങളായ ശുദ്ധതക്കു വിരോധമായ പാപങ്ങളേയും തള്ളിക്കളയുന്നുണ്ടെന്നു പ്രതിജ്ഞചെയ്യുന്നു. ആയതിനാൽ ഠരാശോമിശിഹായോട്ട ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു ഞങ്ങളുടെ പാപങ്ങളുടെ പൂൎണ്ണപൊറുതി തരുവിക്കെണമെന്നും ഠരം ശുദ്ധ ഉത്തമ്മും നിൻെറ പറഞ്ഞൊപ്പിന്നു ഒത്തവണ്ണം ഞങ്ങളുടെമേൽ നിനക്കുള്ള പ്രിയത്തിൻെറ അടയാളവും ആപത്തുകളിൽ രക്ഷയും പിശാചിനോടുള്ള യുദ്ധത്തിൽ ഉറപ്പുള്ള പരിശയും നിത്യായുസ്സിൻെറ നിശ്ചയമുള്ള സഹായവും ഞങ്ങൾക്കാകുവാനും ഞങ്ങളുടെ മരണപൎയ്യന്തം നിൻെറ വിശ്വാസമുള്ള മക്കളായി ഞങ്ങൾ നടന്നു നല്ലമരണം പ്രാപിച്ചതിൻെറശേഷം മോക്ഷത്തിൽവന്നു നിത്യമായി നിന്നെ സ്തുതിപ്പാനും കൃപചെയ്യേണമെന്നും നിന്നോട്ട ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ന്മനന്മ.

## കക്കടകമാസം ൨൬-ാംനു-.
## എ. ഭാ. ക. മറിയത്തിൻെറ അമ്മയായിരിക്കുന്ന വി. അന്നാ അമ്മയുടെ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

---

### കക്കടകം ൧൭-ാംനു- തുടങ്ങുന്നു.

൧. ദൈവമാതാവിൻെറ അമ്മയാകുവാൻ തക്ക യോഗ്യതയുള്ളവളായ അന്നാഅമ്മയെ! നിൻെറ നമസ്കാരങ്ങളോടുകൂടെ നീ ചെയ്ത കഠിന തപസ്സുകളെക്കുറിച്ചു ഞങ്ങളുടെ നമസ്കാരങ്ങൾ ദൈവതിരുസ്സന്നിധിയിൽ സമ്മാനത്തിന്നു യോഗ്യമുള്ളതാകുവാൻ തക്കവണ്ണം അവയെ തപസ്സിൻെറ അരൂപിയോടുകൂടെ ചേപ്പാൻ ദൈവത്തോടു നീ അപേക്ഷിച്ച കൃപ തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൨. വിശുദ്ധ അന്നാഅമ്മയെ! നിൻെറ ശുദ്ധമുള്ള അനുഗ്രഹങ്ങൾ നിറ

വേറുമെന്നു നീ ഉറപ്പായി വിശ്വസിച്ചു വല്ലോ. നിന്റെ ആ ദൈവീക വിശ്വാസത്തെക്കുറിച്ചു ദൈവാനുഗ്രഹങ്ങളെ കൈക്കൊള്ളുന്നതിന്നു ഞങ്ങളെ യോഗ്യരാക്കുന്ന ഉറപ്പും ഉയിരുള്ള വിശ്വാസവും നീ ദൈവത്തോടു അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ ൧ നന്മ. ൧ ത്രി.

൨. ദൈവസ്നേഹത്താൽ പൂരിക്കപ്പെട്ടവളായ അന്നാഅമ്മയെ! നീ ദിവ്യ പുത്രിയെ ഉണ്ണിപ്രായത്തിൽ തന്നെ ദേവാലയത്തിൽ കൂട്ടിക്കൊണ്ടു ചെന്നു ദൈവശുശ്രൂഷക്കു കയ്യാളിച്ചതിനാൽ നീ ചെയ്ത മഹാ പൂജയെക്കുറിച്ചു ഞങ്ങളും ഞങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്നു കാഴ്ച വെപ്പാനും അതുമൂലം ദൈവനന്മകളെ ലഭിപ്പാൻ യോഗ്യമുള്ളവരാകുന്നതിന്നും വേണ്ടിയ മനോധൈൎയ്യത്തെ ദൈവത്തോടു അപേക്ഷിച്ചു ഞങ്ങൾക്കു ലഭിച്ചു തരേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

## ചിങ്ങമാസം ൨-ാംനു
## വി. അല്ലോൻസ് ലിഗോരിയുടെ
### നവനാൾ ജപം.

കൎക്കടകം ൨൮-ാംനു- തുടങ്ങുന്നു.

ദൈവസ്തുതിയിന്മേൽ എരിഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോൻസെ! ശുദ്ധ. റോമ്മാതിരുസ്സഭ പഠിപ്പിക്കുന്നതൊക്കെയും അനുസരിക്കുന്നതിന്നു വേണ്ടുന്ന ഉയിരുള്ള വിശ്വാസവും ലോകനന്മകളുടെ മായവും എന്റെ പാപങ്ങളുടെ ദുഷ്ടതയും അറിയുന്നതിനുള്ള ദൈവവെളിവും എനിക്കു നീ ലഭിച്ചു തരേണമെ. ൧ ത്രി.

൨. ദൈവ സ്തുതിയിന്മേൽ എരിഞ്ഞിരുന്ന വി. അല്ലോൻസേ! ഈശോമിശിഹായുടെ യോഗ്യതകളും കന്യാസ്ത്രീ മറിയത്തിന്റെയും നിന്റെയും മദ്ധ്യസ്ഥവും വഴിയായി എന്റെ പാപങ്ങളുടെ പൊറുതിയും അന്ത്യംവരെയുള്ള നിലനില്പും, മോക്ഷഭാഗ്യം ദൈ

വത്തിൽനിന്ന പ്രാപിക്കുന്നതിനുള്ള സ്ഥിരമായ ശരണവും എനിക്ക നീ ലഭിച്ചു തരേണമെ. ൧ ത്രി.

൩. ദൈവ സ്തുതിയിന്മേൽ എരിഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോൻസേ! സൃഷ്ടികളിൽനിന്നും എന്നിൽനിന്നും ഞാൻ മുഴുവനായി വേർതിരിഞ്ഞു ദൈവത്തെമാത്രം സ്നേഹിച്ചു സകലവും തന്റെ സ്തുതിക്ക ഉപയോഗപ്പെടുത്തുന്നതിനുവേണ്ട എരിവുള്ള ദൈവസ്നേഹം എനിക്ക നീ ലഭിച്ചുതരേണമെ. ൧ ത്രി.

൪. ദൈവസ്തുതിയിന്മേൽ എരിഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോൻസെ! നിന്ദകളും ഞെരുക്കങ്ങളും സമാധാനത്തോടെ സഹിക്കുന്നതിനും സമ്പത്തു, ബഹുമാനം, മാതാപിതാക്കന്മാർ, ആയുസ്സുക്കുടെയും നഷ്ടമായാലും ദൈവതിരുമനസ്സിന്ന പൂർണ്ണമായി അനുയോജിക്കുന്നതിന്നും വേണ്ടുന്ന സഹായം ലഭിച്ചുതരേണമെ. ൧ ത്രി.

൫. ദൈവസ്തുതിയിന്മേൽ എരിഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോൻസെ! കർത്താവിന്ന ഞാൻ വരു

ത്തിയ സങ്കടത്തെക്കുറിച്ചു ഞാൻ എ പ്പോഴും പ്രലപിച്ചു കരവാൻ വേണ്ടി എൻെറ പാപങ്ങളിന്മേൽ വലിയ മന സ്സാപം എനിക്കു നീ ലഭിച്ചുതരേണ മെ. പ ത്രി.

൬. ദൈവസ്തുതിയിന്മേൽ എരി ഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോ ൻസെ! എന്നെ ഉപദ്രവിക്കുന്നവരെക്കൂ ടെയും സ്നേഹിക്കുന്നതിന്നു മനസ്സാക്കുന്ന ഫലസിദ്ധിയുള്ള പരസ്നേഹം എനിക്കു നീ ലഭിച്ചുതരേണമെ. പ ത്രി.

൭. ദൈവസ്തുതിയിന്മേൽ എരി ഞ്ഞിരുന്ന വേദപാരഗനായ വി. അല്ലോ ൻസെ! ശുദ്ധതയെന്ന പുണ്യത്തേയും അശുദ്ധ പരീക്ഷകൾ നേരിട്ടപ്പോൾ ഈശോമറിയത്തിൻെറ പരിശുദ്ധ തി രുനാമങ്ങളെ വിളിച്ചുകൊണ്ടു അവക ളോടെതൃക്കുന്നതിനുള്ള സഹായവും എ നിക്കു നീ ലഭിച്ചു തരേണമെ.

പ ത്രി.

൮. ദൈവസ്തുതിയിന്മേൽ എരി ഞ്ഞിരുന്ന വേദപാരഗനായ വി. അ ല്ലോൻസെ! ഈശോമ്ശിഹായുടെ പാ ടുകളിന്മേലും വിശുദ്ധ കുർബാനയുടെ

മേലും വിശേഷസ്നേഹം എനിക്ക നീ ല
ഭിച്ചു തരേണമെ. പ ത്രി.

ൻ. ദൈവസ്തുതിയിന്മേൽ എരി
ഞ്ഞിരുന്ന വേദപാരഗനായ വി. അ
ല്ലോൻസെ! ഒട്ടക്കത്തോളമുള്ള നിലനി
ൽപ്പും എല്ലാപ്പോഴും പ്രത്യേകം പരീക്ഷ
യിലും മരണനേരത്തിലും അതിനെ അ
പേക്ഷിപ്പാനുള്ള സഹായവും എനിക്ക
നീ ലഭിച്ചു തരേണമെ. പ ത്രി.

മു: ഈശോമ്ശിഹായുടെ പ...

സ: വി അല്ലോൻസെ!...

## പ്രാൎത്ഥിക്ക.

കൎത്താവെ! ആത്മാവുകളുടെനേരെ
യുള്ള സ്നേഹത്താൽ എരിഞ്ഞിരുന്ന ഭാ
ഗ്യപ്പെട്ട മെത്രാനായ വി. അല്ലോൻ
സ് വഴിയായി നിന്റെ പള്ളിയെ ഒ
രു നൂതനസഭയാൽ അലങ്കരിച്ച നീ,
ഈ പുണ്യദേഹത്തിന്റെ രക്ഷണീയ പ
ഠനങ്ങളെ ഞങ്ങൾ അനുസരിച്ചു ഭാഗ്യ
പൂരിതരായി നിന്റെപക്കൽ വന്നുചേ
രുവാൻ കൃപചെയ്യേണമെന്നു അപേ
ക്ഷിക്കുന്നു. ആമ്മേൻ.

## ചിങ്ങമാസം ൧൫-ാംനു

### ദേവമാതാവു മോക്ഷത്തിൽ കരേററപ്പെട്ട തിരുനാളാന്നു ആസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

---

ചിങ്ങം ൬-ാംനു തുടങ്ങുന്നു.

൧. പരിശുദ്ധ ദേവമാതാവെ! സർവ്വേശ്വരൻ നിന്നെ മോക്ഷത്തിലേക്ക വിളിച്ച നാഴിക സ്തുതിക്കപ്പെട്ടതാകട്ടെ. ൧ നന്മ.

൨. ദൈവപ്രസാദത്തിന്റെ മാതാവെ! നീ ദൈവദൂതരാൽ മോക്ഷത്തിലേക്ക കരേററപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൩. എത്രയും നിർമ്മലയായിരിക്കുന്ന മാതാവെ! മോക്ഷവാസികൾ സകലരും നിന്നെ എതിരേല്പാൻ വന്ന നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ. ൧ നന്മ.

൪. അത്യന്തവിരക്തിയുള്ള മാതാവെ! സർവ്വേശ്വരൻ പറഞ്ഞൊപ്പിക്കരുതാത്ത ബഹുമാനത്തോടുകൂടെ നിന്നെ

മോക്ഷത്തിൽ കൈക്കൊണ്ട നേരം സ്തുതിക്കപ്പെട്ടതാകട്ടെ. ൧ നന്മ.

൭. ഊനമററ കന്യാസ്ത്രീ ആയിരിക്കുന്ന മാതാവെ! സൎവ്വേശ്വരൻ നിന്റെ ദിവ്യ കുമാരന്റെ വലത്തുവശത്തു നിന്നെ ഇരുത്തിയ നാഴിക സ്തുതിക്കപ്പെട്ടതാകട്ടെ! ൧ നന്മ.

൮. കന്യാവ്രതത്തിന്നന്തരം വരാത്ത മാതാവെ! നീ മോക്ഷത്തിൽ ആനന്ദമഹിമയോടുകൂടെ മുടി ധരിക്കപ്പെട്ട നിഴിക വാഴ്ത്തപ്പെട്ടതാകട്ടെ!

൧ നന്മ.

൯. സ്നേഹഗുണത്തിന്നു പാത്രമായിരിക്കുന്ന മാതാവെ! നീ മോക്ഷത്തിൽ ദൈവത്തിന്റെ മകളും, മാതാവും, മണവാട്ടിയും എന്ന നാമധേയങ്ങളാൽ അലങ്കരിക്കപ്പെട്ട നാഴിക സ്തുതിക്കപ്പെട്ടതാകട്ടെ. ൧ നന്മ.

൰. അത്ഭുതത്തിന്റെ വിഷയമായിരിക്കുന്ന മാതാവെ! നീ ത്രിലോക രാജ്ഞിയായിട്ടു സ്ഥാപിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ.

൰൧. സൃഷ്ടിതാവിന്റെ മാതാവെ! മോക്ഷവാസികൾ സാഷ്ടാംഗം വീണു,

നിന്നെ ആരാധിച്ച നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ.

൧൦ രക്ഷിതാവിന്റെ മാതാവെ! മോക്ഷത്തിൽ ഞങ്ങളുടെ അപേക്ഷക്കാരത്തിയായിട്ടു നീ സ്ഥാപിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ.

൧൧. വിവേകൈശ്വൎയ്യമുള്ള കന്യകയെ! മോക്ഷരാജ്യത്തിൽ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പാൻ നീ തുടങ്ങിയ നാഴിക സ്തുതിക്കപ്പെട്ടതാകട്ടെ. ൧ നന്മ.

൧൨. വല്ലഭമുള്ള കന്യകയെ! മോക്ഷത്തിൽ ഞങ്ങളെ കൈക്കൊള്ളുവാൻ നീ തിരുമനസ്സാകുന്ന നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ! ൧ നന്മ. ആമ്മേൻ.

## ചിങ്ങമാസം ൨൭-ാംനു ശുദ്ധ. അഗ്ലസ്തീനോസു പുണ്യവാൻെറ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള ത്രിദിന ജപങ്ങൾ.

ചിങ്ങം ൨൫-ാംനു തുടങ്ങുന്നു.

൧. വേദപാരഗന്മാരുടെ ഗണത്തിൽ സൂൎയ്യനെപ്പോലെ പ്രകാശിക്കുന്ന അഗസ്തീനോസു പുണ്യവാനേ! നീ ബാല്യപ്രായത്തിൽ അബദ്ധ വഴിയിൽ നടന്നു മനിക്ക്യരുടെ അബദ്ധ പഠനങ്ങളെ അനുഗമിച്ചെന്നു വരികിലും, വിശുദ്ധ നിൻെറ അമ്മയുടെ ശുശ്രൂഷാന്തിയുള്ള അപേക്ഷകളാലും ജ്ഞാന പുസ്തകങ്ങളുടെ വായനകളാലും ന-ന- വയസ്സിൽ സകല തിന്മകളേയും ഉപേക്ഷിച്ചു മാമ്മോദീസാ മുങ്ങിയല്ലോ. ഒ! മഹാ പുണ്യവാനേ! പാപികളായ ഞങ്ങൾ ചെറുപ്രായത്തിൽ തന്നെ മാമ്മോദീസാ കൈക്കൊണ്ടു, എങ്കിലും പിശാചിൻെറ തന്ത്രങ്ങളാൽ പാപ വഴിയിൽ അകപ്പെ

ട്ടു, ദൈവത്തെ ഉപേക്ഷിച്ചു, എങ്കിലും അവയെക്കുറിച്ചു മനസ്താപപ്പെടുന്ന ഞങ്ങളുടെ മേലനുഗ്രഹിച്ചു, ഞങ്ങളുടെ കഴിഞ്ഞ പാപങ്ങളെക്കുറിച്ചു ദൈവത്തിൽനിന്നു പൊറുതി ലഭിപ്പാനും നിന്റെ സന്മാതൃകയ്ക്കൊത്തവണ്ണം ജ്ഞാനപുസ്തകങ്ങളുടെ വായനയാലും ജ്ഞാനപ്രസംഗങ്ങൾ വഴിയായിട്ടും ദൈവം ഞങ്ങളുടെ ഹൃദയങ്ങളിൽ തോന്നിക്കുന്ന നല്ല നിനവുകൾക്കൊത്തവണ്ണം ജാഗ്രതയോടെ പുണ്യവഴിയിൽ നടക്കുന്നതിനും നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. മഹാ ശാസ്ത്രിയും വിശുദ്ധ പള്ളിയുടെ ദീപവുമായ വിശുദ്ധ അഗുസ്തീനോസു പുണ്യവാനേ! നീ മാമ്മോദീസായിൽ കൈക്കൊണ്ട ദൈവേഷ്ടപ്രസാദത്തെനഷ്ടമാക്കാതെയിരിക്കുന്നതിനുംവരുത്തിയ അബദ്ധങ്ങൾക്കു പരിഹാരംചെയ്യുന്നതിനുമായി ഏകാന്ത ജീവിതത്തെ തിരഞ്ഞെടുത്തു കഠിനതപസ്സുകൊണ്ടുനിന്റെശരീരത്തെപീഡിപ്പിക്കയുംദീർഘനേ

രത്തെ അപേക്ഷകളാൽദൈവിക ദാന
ങ്ങളെ പൂൎണ്ണമായിക്കൈക്കൊള്ളുകയും ചെ
യ്യുവല്ലൊ. ഓ! മഹാ പുണ്യവാനേ! പാ
പികളായ ഞങ്ങൾ ചെയ്ത പാപങ്ങൾ
ക്കു പരിഹാരം ചെയ്യുന്നതിന്നും പ്രായ
ശ്ചിത്തങ്ങളാലും നോയമ്പുകൾകൊണ്ടും
ഞങ്ങളുടെ ശരീരത്തെ പീഡിപ്പിക്കു
ന്നതിന്നും വേണ്ട ധൈൎയ്യവും ഇനി ദോ
ഷങ്ങളിൽ അകപ്പെടാതിരിക്കുന്നതിന്നു
തക്ക സൂക്ഷവും ഞങ്ങൾക്കുണ്ടാകുന്നതി
ന്നും ദൈവാനുഗ്രഹങ്ങളെ സമ്പാദിക്കു
ന്നതിന്നു ശുഷ്കാന്തിയുള്ള അപേക്ഷക്കാർ
ഞങ്ങൾ ആകുന്നതിന്നും നീ ദൈവ
ത്തോടു അപേക്ഷിച്ചു മനോഗുണം തരു
വിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാ
ൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

൩. മഹാ മല്പാനായ അഗുസ്തീ
നോസു പുണ്യവാനേ! നിന്റെ ഹൃദയ
ത്തിൽ കത്തി ജ്വലിച്ചിരുന്ന ദൈവ
സ്നേഹാഗ്നിയുടെ ആധിക്യത്താലും സ
ഹോദരന്മാരുടെ ആത്മരക്ഷയെക്കുറിച്ചു
ള്ള ശുഷ്കാന്തിയാലും നിന്റെ ജ്ഞാനപ്ര
സംഗങ്ങളെക്കൊണ്ടും ഉപദേശങ്ങളാ
ലെയും നീ എഴുതിയ ദിവ്യ പുസ്തകങ്ങ

ളാലും അനേകരെ അബദ്ധ പഠനങ്ങ ളിൽനിന്നും പാപവഴികളിൽനിന്നും നേർവഴിക്കു തിരിച്ചു ദൈവേഷ്ടന്മാരാക്കി തീൎക്കയും മനിക്കേയ്യരുടെയും ദൊനാസ്ത്യരുടെയും പെലാജിയരുടെയും അബദ്ധ പഠനങ്ങളോടെതൃത്തു ജയം പ്രാപിക്കയും ചെയ്തുവല്ലൊ. ആ! ദിവ്യ മല്പാനായ അഗുസ്തീനോസു പുണ്യവാനേ! പാപികളായ ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നു ലൌകിക ആഗ്രഹങ്ങളൊക്കെയും നീങ്ങി ദൈവസ്നേഹാഗ്നി അതിൽ കത്തിയെരിയുന്നതിന്നും അബദ്ധ പഠനങ്ങളിൽ അകപ്പെട്ടു നടക്കുന്ന ഇടത്തുട്ടുകാർ, ശീശ്മക്കാർ മുതലായവരുടെ മനസ്സുതിരിഞ്ഞു അവർ സത്യവേദ പഠനത്തിന്നൊത്തവണ്ണം വ്യാപരിക്കുന്നതിന്നും നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

## ചിങ്ങമാസം ൨൦-ാംനു.

### എലിസബത്ത് മറിയം റോസ ദെലീമ്മ എന്ന പുണ്യവതിയുടെ തിരുനാളിന്നു അടിസ്ഥാനപ്പാടായിട്ടുള്ള ത്രിദിന ജപങ്ങൾ.

---

ചിങ്ങം ൨൭-ാംനു-തുടങ്ങുന്നു.

അമേരിക്കാ ഖണ്ഡത്തിൻെറ ആദ്യ പുണ്യപുഷ്പമായ റോസ പുണ്യവതിയെ! ലിമ്മാ നഗരിയുടെ പ്രകാശമെ! ദൈവമാതാവിന്നു നിൻെറ നേരെയുണ്ടായ വിശേഷ പക്ഷത്താൽ നിനക്ക കാണപ്പെട്ടു മറിയമെന്ന തിരുനാമംകൂടെ നിനക്ക കല്പിച്ചുതരുന്നതിന്നു പാത്രമായവളെ! അഞ്ചുവയസ്സുപ്രായത്തിൽ കന്യാവ്രതത്തിൻെറ നേർച്ച നേന്നവളെ! ഈ പാപികളായ ഞങ്ങളുടെ മേലലിവായിരുന്നു, ഞങ്ങൾ ദേവമാതാവിൻെറ മേൽ മഹാ ഭക്തരാകുന്നതിന്നും, മാലാഖാസ്സുകളുടെ പുണ്യമായ ശുദ്ധതയുടെ മേൽ താല്പൎയ്യക്കാരായി ഈ പുണ്യത്തി

ന്നു നാശം വരുത്തുന്ന അല്പകാരണങ്ങളിൽനിന്നു കൂടെയും ഞങ്ങൾ ഒഴിഞ്ഞു മാറുന്നതിന്നുമായി നിൻെറ മേൽ വിശേഷ പക്ഷം കാണിച്ച ദേവമാതാവിനോടും കന്യാസ്ത്രീകളുടെ കിരീടമായ ഈശോമിശിഹായോടും ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി

വ. കുററമില്ലാത്ത നിൻെറ കന്യകയ്ക്കടുത്ത ദേഹത്തെ നോയമ്പാലെയും ഇരിമ്പു തുടലുകളാലെയും പീഡിപ്പിക്കയും ഇരിമ്പു മുൾമുടികൊണ്ടു നിൻെറ ശിരസ്സിനെ ഇടവിടാതെ വേദനപ്പെടുത്തുകയും ചെയ്ത റോസപ്പുണ്യവതിയെ! പാപങ്ങളാൽ ദൈവത്തെ പലപ്പോഴും ഞങ്ങൾ ഉപദ്രവിച്ചു എങ്കിലും അയതിനു തക്ക പരിഹാരം ചെയ്യുന്നതിന്നു ധൈൎയ്യം തോന്നാത്ത ബലക്ഷയപ്പെട്ടവരായ ഞങ്ങൾ കുററമില്ലാത്ത നിൻെറ തപസ്സിന്നടുത്ത കൃത്യങ്ങളെക്കണ്ടു ലജ്ജിക്കുന്നു. എങ്കിലും ചെറുപ്രായക്കാരിയായ നിൻെറ തപഃകൃത്യങ്ങളെ

കണ്ടു ധൈൎയ്യം പ്രാപിക്കുന്നതിനാൽ ഞങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ചെയ്ത പാപങ്ങളെക്കുറിച്ചു മനസ്താപപ്പെട്ടു പ്രായശ്ചിത്തമെടുക്കുന്നതിന്നും നോയമ്പാലും മററു തപഃക്രിയകളാലും ഞങ്ങളുടെ ശരീരത്തെ അമൎത്തി, മേലാൽ ദൈവേഷ്ടത്തെ മാത്രം നിറവേററി ജീവിക്കുന്നതിന്നും നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൩. പല പ്രാവശ്യം പിശാചുക്കാണപ്പെട്ടു നിന്നോടു ചെയ്ത യുദ്ധത്തിൽ ആ ദുഷ്ട അരൂപികളെ ജയിച്ചു ഓടിച്ച മഹാ ധൈൎയ്യവതിയായ റോസപ്പുണ്യവതിയെ! നീ ഇത്ര പുണ്യവതിയായിരുന്നിട്ടും നിന്റെ വീട്ടിലുള്ളവരിലും പുറത്തുള്ളവരിലും ചിലർ നിന്നെക്കൊണ്ടു കുററം പറകയും അവകളാൽ ഉണ്ടായ സങ്കടങ്ങളെയും നിനക്കുണ്ടായ ദീനങ്ങളാൽ ശരീരത്തിന്നു വന്നുകൂടിയ വേദനകളെയും ക്ഷമയോടെ നീ സഹിക്കയും ചെയ്തുവല്ലൊ. ഓ മഹാ പുണ്യവതിയെ! ക്ഷമയുടെ ദൃഷ്ടാ

ന്നമെ! പാപികളായ ഞങ്ങൾ പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ തോററു അവൻെറ കൈയിലകപ്പെടാതെയിരിക്കുന്നതിന്നും ശേഷംപേരിൽ നിന്നു ഞങ്ങൾക്കു വന്നുകൂട്ടുന്ന അപമാനങ്ങളൊക്കയും നിൻെറ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ക്ഷമയോടുകൂടെ സഹിക്കുന്നതിന്നും നീ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

---

കന്നിമാസം ൮-ാംനു-.
ഏ. ഭാ. ക. മറിയത്തിൻെറ
പിറവി തിരുനാളിന്നാസ്ഥപ്പെടായിട്ടുള്ള
നവനാൾ ജപങ്ങൾ.

ചിങ്ങം ൩൦-ാംനു- തുടങ്ങുന്നു.

൧. ഭാഗ്യപ്പെട്ട അമ്മയായ അന്നായമ്മയുടെ ഉദരത്തിൽനിന്നു ദാവീദി

ന്റെ രാജവംശക്കാരത്തിയായി ലോക വെളിച്ചത്തിലേക്കു മഹാ പുകഴ്ച്ചയോടുകൂടെ പുറപ്പെട്ട മറിയമെ! നിനക്കു സ്വാഗതം. ൧ നന്മ.

൨. പഴയ ശത്രുവായ നരകസർപ്പത്തിന്റെ ദാസ്യാപമാനത്തോടു കൂടിയ ഉത്ഭവദോഷം കൂടാതെ ജനിക്കപ്പെട്ട പരിശുദ്ധതയുടെ എത്രയും വെണ്മയുള്ള മാടപ്രാവും പരമ പൈതലുമായ മറിയമെ! നിനക്കു സ്വാഗതം.

൧ നന്മ.

൩. നീതിയുടെ സൂര്യനായിരിക്കുന്ന മിശിഹാ കർത്താവിന്റെ വരവിനെ അറിയിച്ചുംകൊണ്ടു ഭൂലോകത്തിന്നു പരമ വെളിച്ചം പ്രകാശിപ്പിച്ച എത്രയും ശോഭയുള്ള ഉഷഃകാല നക്ഷത്രമെ! നിനക്കു സ്വാഗതം. ൧ നന്മ.

൪. പാപത്തിന്റെ ഇരുളുള്ള രാത്രിയിൽ കറയില്ലാത്ത സൂര്യനെപ്പോലെ ഉദിച്ചവളായ ശുദ്ധ ത്രിത്വത്തിൽ നിന്നു തിരിഞ്ഞെടുക്കപ്പെട്ടവളെ! നിനക്കു സ്വാഗതം. ൧ നന്മ.

൫. അജ്ഞാനാന്ധകാരത്തിൽ മുഴുകിയിരുന്ന ലോകത്തെ പ്രകാശിപ്പിച്ച

എത്രയും അഴകുള്ള ചന്ദ്രനെ! നിനക്കു സ്വസ്തി. പ്ര നന്മ.

൩. മഹാ സേനകൾ കൂടിയതിൻവണ്ണം നീ തന്നെ നരകത്തെ തോല്പിച്ചവളായ മറിയമെ! നിനക്കു സ്വസ്തി.

പ്ര നന്മ.

൪. അനാദിതൊട്ടു ദൈവത്തിന്നു പ്രിയമുള്ളവളായ മറിയത്തിന്റെ എത്രയും അഴകുള്ള ആത്മാവെ! നിനക്കു സ്വസ്തി. പ്ര നന്മ.

൫. സ്നേഹത്തിന്നു പാത്രമായ പൈതലെ! നിന്റെ മൃദുവായിട്ടുള്ള തിരുശ്ശരീരത്തെയും അതിനെ കെട്ടിയ തിരുക്കെട്ടുകളെയും കിടന്ന തൊട്ടിയെയും ഞങ്ങൾ വന്ദിച്ചു നീ പിറന്ന ക്ഷണത്തെ വാഴ്ത്തികൊണ്ടു നിന്നെ സ്തുതിക്കുന്നു. പ്ര നന്മ.

൬. സകല ശുദ്ധമാകപ്പെട്ടവരുടെ രാജ്ഞിയായി സ്ഥാപിക്കപ്പെട്ടുവാൻ തക്കവണ്ണം മാനുഷ ബുദ്ധിയിലടങ്ങാത്ത വിധത്തിൽ എല്ലാ ദൈവിക പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ടുവാൻ യോഗ്യതയുള്ളവളായ മറിയമേ! നിനക്കു സ്വസ്തി. പ്ര നന്മ.

## തുലാമാസം ൧-ാം ഞായറാഴ്ച.

### ജപമാലരാജ്ഞിയുടെ തിരുനാളിന്നു ആസ്ഥപ്പാടായുള്ള ത്രിദിന ജപങ്ങൾ.

കന്നി ൨൯-ാംനു- തുടങ്ങുന്നു.

൧. അമലോത്ഭവ കന്യകയും ജപമാലരാജ്ഞിയുമായ മാതാവെ! വിശ്വാസം ക്ഷയിച്ചും അവിശ്വാസം ആദിയായ നാനാവിധ തിന്മകൾ വൎദ്ധിച്ചുമിരിക്കുന്ന ഈ കാലത്തിൽ സ്വൎഗ്ഗരാജ്ഞിയായ നീ ജപമാല വഴിയായി മനുഷ്യർ സത്യദൈവത്തെ അറിഞ്ഞാരാധിപ്പാനും മനുഷ്യവൎഗ്ഗത്തിനു രക്ഷയും ആശ്രയവുമായിരിക്കുന്ന നിന്നെ അറിഞ്ഞു സ്നേഹിപ്പാനും സംഗതി വരുത്തുവാൻ ചിത്തമായല്ലൊ. പരിശുദ്ധ കന്യകയെ! നിന്റെ ഉന്നത സിംഹാസനത്തിൽനിന്നു പാപികളായ ഞങ്ങളെ ദയയോടെ തൃക്കണ്പാൎത്തു അങ്ങേ പരിശുദ്ധ ജപമാലഭക്തി ഞങ്ങ

ളിൽ വദ്ധിപ്പാനും അതു വഴിയായി ഞങ്ങളും അവിശ്വാസം ആദിയായ സകല തിന്മകളിൽനിന്നും രക്ഷപ്പെടുവാൻ കൃപചെയ്യേണമെ.

൧ ആ. ൧ ന. ൧ ത്രി.

൨. സവ്വേശ്വരൻെറ ഉന്നത ജനനിയും ജപമാലരാജ്ഞിയുമായ മാതാവേ! പാപികളായ ഞങ്ങൾ നിൻെറ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണു, നിന്നെ വണങ്ങി ഞങ്ങൾക്ക മാതാവും സങ്കേതവും രക്ഷയുമായ നിൻെറ ദയയിൽ ആശ്രയിക്കുന്നു. പരിശുദ്ധ കന്യകയെ ദയനിറഞ്ഞ മാതാവേ! നിൻെറ ഉന്നത സിംഹാസനത്തിൻമുമ്പാകെ സാഷ്ടാംഗം ചെയ്തു കിടക്കുന്ന പാപികളായ ഞങ്ങളുടെ മേൽ നിൻെറ ദയയുള്ള തൃക്കണ്ണുകളെ തിരിച്ചു, ഞങ്ങൾ ധരിച്ചിരിക്കുന്ന പരിശുദ്ധ ജപമാലയെപ്രതി ആത്മശരീര സംബന്ധമായ സകല തിന്മകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിച്ചു കൊള്ളേണമെ. ൧ ആ. ൧ ന. ൧ ത്രി.

൩. പാപികൾക്കാശ്രയവും നിർഭാഗ്യവാന്മാൎക്ക ആശ്വാസവുമായപരിശുദ്ധ

കന്യയെ! ജപമാലരാജ്ഞിയെ! നി
ൻെറ അയോഗ്യമക്കളായ ഞങ്ങൾ ഞ
ങ്ങൾക്ക നേരിടുന്ന ആപത്തുകളിൽ ദ
യനിറഞ്ഞ മാതാവായ നിൻെറ പക്ക
ലല്ലാതെ മററാരുടെ പക്കൽ പോകും.
ഓ! പരിശുദ്ധ കന്യകയെ! ഞങ്ങൾ
അയോഗ്യ പാപികളായിരുന്നാലും നി
ൻെറ പരിശുദ്ധജപമാല ധരിച്ചിരിക്ക
യാൽഅതിൽ അടങ്ങിയിരിക്കുന്ന പരമ
രഹസ്യങ്ങളെ പ്രതിയും ഞങ്ങളോട്ട കൃ
പചെയ്യു. ഞങ്ങളുടെ അപേക്ഷയെ
കേൾക്ക. ജപമാലഭക്തി സകലരിലും
നാൾക്കുനാൾ വദ്ധിപ്പാനും അതുവഴി
യായി അവിശ്വാസം, പതിതമതങ്ങൾ
ആദിയായ സകല തിന്മകളും സകല
ക്രിസ്തുവരിൽനിന്നു നീങ്ങുവാനും അനു
ഗ്രഹം ചെയ്യേണമെ.

൧ ആ. ൧ ന. ൧ ത്രി.

മു: ഈശോമിശിഹായുടെ...

സ: സവ്വേശ്വരൻെറ പരിശുദ്ധ...

പ്രാത്ഥിക്ക.

അങ്ങേ ഏകസുതൻെറ ജീവിത
ം, മരണവും, ഉത്ഥാനവും വഴിയായി

നിത്യരക്ഷയുടെ ദാനം ഞങ്ങൾക്കു അ യത്തമാക്കുവാൻ തിരുമനസ്സായ സർവ്വേ ശ്വരാ! ഭാഗ്യവതിയായ കന്യക മറിയ ത്തിൻെറ ജപമാലയാൽ ഈ പരമര ഹസ്യങ്ങളെ ചിന്തിച്ചു ധ്യാനിക്കുന്ന അടിയങ്ങൾ ഇവകളിൽ അടങ്ങിയിരി ക്കുന്നതു അനുകരിപ്പാനും ഇവകൾ വാ ഗ്ദാനം ചെയ്യുന്നതു പ്രാപിപ്പാനും കൃ പചെയ്യേണമെന്നു പ്രാൎത്ഥിക്കുന്നു.

ഈ ഇരപ്പുകളൊക്കയും ഞങ്ങളു ടെ കൎത്താവീശോമിശിഹായുടെ തിരു മുഖത്തെക്കുറിച്ചു തന്നരുളേണമെ.

ആമ്മേൻ.

---

## തുലാമാസം ൨.ാംനു- കാവൽ മാലാഖാമാരുടെ തിരുനാളിന്നു അസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ

---

കന്നിമാസം ൨൫-ാംനു- തുടങ്ങുന്നു.

പ്ര. പ്രിയം നിറഞ്ഞ ഞങ്ങളുടെ കാവൽമാലാഖാമാരെ! ഞങ്ങൾ പിറ

ന്ന ക്ഷണം മുതൽ ഇതുവരെയും ഞങ്ങളു
ടെ ആത്മകാൎയ്യങ്ങളെ നിങ്ങൾ വിചാ
രിച്ചു നടത്തിവരുന്ന നിങ്ങളുടെ വി
ശേഷതാല്പൎയ്യത്തെക്കുറിച്ചു നിങ്ങൾക്കു
ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആകാശ
മോക്ഷത്തിൻെറ ഉന്നത പ്രഭുക്കളായ
നിങ്ങളുടെ സൂക്ഷത്തിന്നു ഞങ്ങളെ ഏ
ല്പിപ്പാൻ തിരുമനസ്സായ ദൈവാനുഗ്ര
ഹത്തിന്നു ഞങ്ങളുടെ പേൎക്കായിട്ടു സ്തു
തിയും സ്തോത്രവും ചെയ്യേണമെന്നു നി
ങ്ങളോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ഫ ആ. ഫ ന. ഫ ത്രി.

വ. എത്രയും പ്രിയമുള്ള ഞങ്ങളു
ടെ കാവൽക്കാരായ മാലാഖാമാരെ! നി
ങ്ങളുടെ നല്ല ഗുണദോഷങ്ങളെയും ശാ
സനകളെയും കൂട്ടാക്കാതെ നിങ്ങളുടെ
മുമ്പാകെതന്നെ ഞങ്ങൾ ദൈവത്തിന്നു
വിരോധമായ കുററങ്ങളെ ചെയ്തതിനാ
ൽ നിങ്ങൾക്കു വരുത്തിയ നിന്ദാപമാ
നങ്ങളെല്ലാവറെറക്കുറിച്ചും നിങ്ങളോടു
ഞങ്ങൾ പൊറുതി അപേക്ഷിക്കുന്നതു
കൂടാതെ കഴിഞ്ഞ ജീവിതത്തിലെ കു
ററങ്ങൾക്കു തക്ക പ്രായശ്ചിത്തമെടുപ്പാ
നും ദൈവചിററാഴ്മ എത്രയും വലിയ

ശ്രുശ്രൂഷാന്തിയോടുകൂടെ ചെയ്വാനും നി ലനില്പിന്റെ മാതാവിന്റെ മേൽ എ പ്പോഴും ഭക്തിക്കാരാകുന്നതിന്നും ദൈവ ത്തോടു നിങ്ങൾ അപേക്ഷിച്ചു മനോ ഗുണം തരുവിക്കണമെന്നു നിങ്ങളോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൩. പ്രിയം നിറഞ്ഞ ഞങ്ങളുടെ കാവൽ മാലാഖാമാരെ! പുണ്യവഴിയി ലുണ്ടാകുന്ന വിഘ്നങ്ങളെല്ലാം നീക്കി അ തിൽ ഞങ്ങൾ വൎദ്ധിക്കുന്നതിന്നും ഞ ങ്ങളുടെ ആത്മാവുകളെ ഞെരുക്കുന്ന ഉപദ്രവങ്ങളിൽനിന്നു രക്ഷപെടുവാ നും വേണ്ടി ഞങ്ങളുടെ നേരെ നിങ്ങ ൾക്കുണ്ടായിരിക്കുന്ന താല്പൎയ്യത്തെ ഇര ട്ടിപ്പിക്കുന്നതല്ലാതെ നിങ്ങളുടെ സന്നി ധിയിൽ വേണ്ടതായ ആചാരം ഒരിക്ക ലും ഞങ്ങൾ വിടാതെയും നിങ്ങളുടെ കുററപ്പാടുകളെ ഭയപ്പെട്ടുകൊണ്ടും നി ങ്ങളുടെ നല്ല ഗുണദോഷങ്ങളെ അനു സരിച്ചുകൊണ്ടും നടന്നു ദൈവദ്രോഹി കളായ മാലാഖാമാൎക്കു പൊയ്പോയ സിം ഹാസനങ്ങളിൽ ഞങ്ങൾ കരേറുന്ന തിന്നും അവിടെവച്ചു നിങ്ങളോടുകൂടെ

ദൈവാനുഗ്രഹങ്ങളെ നിത്യമായി പാട്ടന്നതിന്നും യോഗ്യരാകുവാൻ ദൈവത്തോട്ട നിങ്ങൾ അപേക്ഷിച്ച മനോഗുണം തരുവിക്കേണമെന്ന നിങ്ങളോട്ട ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

---

## തുലാമാസം ൪-ാംനു
## വി. അഞ്ചുകായം പ്രംസീസ്കോസിൻെറ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

കന്നി ൨൫-ാംനു തുടങ്ങുന്നു.

൧. ഈശോമിശിഹായ്ക്ക് ഏററവും പ്രിയവും വിശ്വാസവുമുള്ളവനായ സ്രാപ്പെസ്കുട്ടത്ത പ്രംസീംസ്കോസു പുണ്യവാനേ! കുരിശിന്മേൽ തറസ്കപ്പെട്ട ഈശോമിശിഹായുടെ അഞ്ചു തിരുമുറിവുകളിന്മേൽ നീ വച്ച പക്ഷത്താലും തൻെറ പാട്ടുകളെയും പീഡകളെയും ഹൃ

ദയ അലിവോടും കണ്ണുനീരോടുംകൂടെ ഇടവിടാതെ ധ്യാനിച്ചുകൊണ്ടു വന്നതിനാലും ഏറിയ പുണ്യയോഗ്യതകളെയും വരപ്രസാദങ്ങളെയും നീ പ്രാപിച്ചുവല്ലൊ. ഈ യോഗ്യതകളെക്കുറിച്ചു പാപികളായ ഞങ്ങളുടെ ഹൃദയങ്ങളിലും ഈ അഞ്ചുതിരുമുറിവുകളുടെ മേലുള്ള ഭക്തിയും സ്നേഹവും ജ്വലിച്ചെരിവാൻ മനോഗുണം തരുവിക്കേണമെന്നും ഈ തിരുമുറിവുകളുടെമേൽ നീ വച്ച പക്ഷത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

൨. സ്രാപ്പെസ്സുടത്ത ഫ്രംസീസ്സോസു പുണ്യവാനേ! നിനക്കു കിട്ടിയ ബോധജ്ഞാനത്താൽ ഈശോമിശിഹായെ നോക്കി തന്റെ പാടുകളെയും നിന്ദാപമാനങ്ങളെയും കൂടെക്കൂടെ ധ്യാനിച്ചു വന്നതിനാൽ ആ ദിവ്യ മാതൃകയ്ക്കൊത്തവണ്ണം നടന്നു വിശേഷ എളിമയാൽ അലങ്കരിക്കപ്പെട്ടുവല്ലൊ. ഈ നിന്റെ ആഴപ്പെട്ട എളിമയെക്കുറിച്ചു അഹംകാരികളായ ഞങ്ങൾ ഞങ്ങളുടെ നീചതപത്തെയും ഞങ്ങളുടെ പക്കലുള്ള കുറച്ചിലുകളെയും അറിവാനും ഈ ലോകത്തി

ൻെറ അനിത്യ വാഴ്ചകളെ വെറുത്തു പേക്ഷിപ്പാനും ഞങ്ങൾക്കു നേരിടുന്ന നിന്ദാപമാനങ്ങളെയും ഉപദ്രവങ്ങളെയും നിൻെറ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം നല്ല മനസ്സോടും സന്തോഷത്തോടും കൂടെ സഹിപ്പാനും ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൩. ഞങ്ങൾക്കു ഉത്തമ പിതാവാ യ പ്രംസീസ്സോസുപുണ്യവാനേ! നമുക്കു വേണ്ടി കുരിശിന്മേൽ തൂങ്ങി മരിച്ച ഈശോമ്ശിഹായുടെ പാടുകളെക്കുറിച്ചുള്ള ധ്യാനത്താൽ അയാളെ അനുഗമിപ്പാൻ ആശപ്പെട്ടു, കഠിന തപസ്സുകളാൽ നിൻെറ മൃദുവായ ദേഹത്തെ നീ പീഡിപ്പിച്ചുകൊണ്ടു വന്നുവല്ലൊ. ഓ! പ്രിയ പുണ്യവാനേ! നിൻെറ സന്മാതൃകയ്ക്കൊത്തവണ്ണം പാപികളായ ഞങ്ങൾക്കു തപസ്സിൻെറ അരുപി തന്നു ഞങ്ങൾ ചെയ്ത പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തമെടുത്തു, ഉത്തരിപ്പാൻ മനോഗുണം തരുവിക്കേണമെന്നു ഈശോമിശിഹായുടെ പാടുകളിന്മേൽ നിനക്കു

ണ്ടായിരുന്ന ഭക്തിയെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രീ.

---

## തുലാമാസം ൧൫-ാം നു ശുദ്ധ. ത്രേസ്യാപുണ്യവതിയുടെ തിരുനാളിന്നു ആസ്ഥപ്പാടായുള്ള നവനാൾ ജപങ്ങൾ.

---

തുലാം ൬-ാംനു തുടങ്ങുന്നു.

### ൧-ം ൪-ം ൭-ം ദിവസങ്ങളിൽ ചൊല്ലേണ്ടുന്നതു.

൧. എത്രയും പ്രിയപ്പെട്ട ഈശോയെ! സ്രാപ്പെസ്സൂട്ടത്ത കന്യാസ്ത്രീയായ ത്രേസ്യാ പുണ്യവതിയെ നിന്റെ ദൈവിക നന്മകളാൽ നീ അലങ്കരിച്ചതിനാൽ അവർ ചെറുപ്രായം തൊട്ടു നിത്യത്വത്തിന്മേലുള്ള വിചാരം അതിശയമായ പ്രകാരത്തിൽ മനസ്സിലാക്കി

യത്നംകൊണ്ടു 'എപ്പോഴും എന്നന്നേക്കും' എന്നു കൂടെക്കൂടെ നിലവിളിക്കുമായിരുന്നുവല്ലൊ. ഈ മഹാ പുണ്യവതിയുടെ യോഗ്യതകളാൽ ഞങ്ങൾക്കുകൂടെയും നിൻെറ നന്മകളെ സംപൂൎണ്ണമായി തരേണമെന്നും നിത്യതാത്തിൻെറ വിചാരം ഞങ്ങളുടെ മനസ്സിൽ സദാനേരവും ഉണ്ടാകുന്നതിന്നും തന്നിമിത്തം ഒരിക്കലും അഴിഞ്ഞുപോകാത്ത ഭാഗ്യത്തിന്നുവേണ്ടി വേഗത്തിൽ അഴിഞ്ഞുപോകുന്ന ഞങ്ങളുടെ ആയുസ്സിനെ ക്രമപ്പെടുത്തുവാനും നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയത്തെ കുത്തി മുറിപ്പെടുത്തേണമെ!

൨. എത്രയും പ്രിയംനിറഞ്ഞ ഈശോമിശിഹായെ! നിൻെറ വാത്സല്യപുത്രിയ ത്രേസ്യാ പുണ്യവതിയുടെ ഹൃദയത്തിൽ അതിശയമായ മനൊധൈൎയ്യം ചിന്തിയതിനാൽ ഇവർ ഏഴ വയസ്സു പ്രായമുള്ളപ്പോൾ മാതാപിതാക്കളെ വിട്ടു, ഒന്നുകിൽ വേദത്തെ

അറിയിപ്പാൻ അല്ലെങ്കിൽ വേദത്തെപ്രതി മരിപ്പാൻ എന്നുള്ള ആഗ്രഹത്തോടെ അഫ്റിക്കായിലേക്കു പോകുവാൻയാത്രയായല്ലൊ. ഈ എത്രയും ഉയിരുള്ള വിശ്വാസത്തിന്റെ യോഗ്യതകളെക്കുറിച്ചു ഞങ്ങളുടെ വിശ്വാസം ഇതുവരെ ജീവനില്ലാത്തതായിരുന്നു എങ്കിലും ഇനിമേൽ ഇപ്രകാരമാകാതെ കത്തോലിക്കാ സത്യവേദത്തിന്റെ പുണ്യത്തിന്നു തക്കതായിട്ടുള്ള വ്യാപാരങ്ങളെയും പ്രവൃത്തികളെയും ജനിപ്പിക്കുന്ന ജീവനുള്ള വിശ്വാസമാവാൻ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിന്റെ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെമുറിപ്പെടുത്തിയ ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയത്തെയും കുത്തി മുറിപ്പെടുത്തേണമെ.

൩. പ്രിയംനിറഞ്ഞ ഈശോമ്ശിഹായെ! എത്രയും പ്രിയംനിറഞ്ഞ മണവാട്ടിയായ ത്രേസ്യാപുണ്യവതിക്കു നികൊടുത്ത അതിശയമായ ശരണത്തെകുറിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എന്നാൽ നിന്റെയും ഈ പുണ്യവതിയുടെ യോഗ്യതകളേയും, ഞങ്ങ

ളെക്കുറിച്ചു നീ ചിന്തിയ തിരുരക്ത
ത്തെയും കുറിച്ചു ഞങ്ങൾ നിന്റെ അ
നുഗ്രഹത്തിന്മേൽ ആശ്രയിച്ചു ശരണ
പ്പെടുവാൻ കൃപചെയ്യേണമെ.

൧ ആ. ൧ നന്മ. ൧ ത്രി.

സ്നേഹത്തിന്റെ കുന്തത്താൽ ത്രേ
സ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ
ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയ
ത്തെയും കുത്തി മുറിപ്പെടുത്തേണമെ.

## ൨, ൭, ൮ ഈ ദിവസങ്ങളിൽ ചൊല്ലേണ്ടതു്.

൧. എത്രയും മധുരമുള്ള ഈശോയെ!
നിന്റെ മണവാട്ടിയായ ത്രേസ്യാപുണ്യ
വതി വ്യാധിയുള്ളവളും മാനുഷ ഉപ
കാരസഹായം ഇല്ലാത്തവളും ആയിരുന്നു
എങ്കിലും അത്ഭുതമായ പ്രകാരത്തിൽ ക
ർമ്മലീത്താ സഭയെ പൂർവ്വാലങ്കാരത്തോടും
പുണ്യത്തോടും കൂടെ പുത്തനാക്കി സ്ഥാ
പിച്ചതു നിന്റെ അററമില്ലാത്ത വല്ല
ഭത്തിന്റെ അതിശയിക്കത്തക്ക പ്രവൃത്തി
ആകുന്നുവല്ലൊ. ഓ! ദയയുള്ള കർത്താ
വേ! ഞങ്ങളുടെ നടപടിയെ നിന്റെ

പ്രമാണങ്ങൾക്ക യോജിക്കുംവണ്ണം നന്നാക്കവാനും മുൻചെയ്യ പാപങ്ങളിൽ വീഴാതിരിപ്പാനും വേണ്ടിയ വരപ്രസാദം ഞങ്ങളുടെ മാതാവായ ഈ പുണ്യവതിയുടെ യോഗ്യതകളെക്കുറിച്ച കൎത്താവേ! ഞങ്ങൾക്ക നീ തരുമെന്നു മുഴുവൻമനസ്സോടെ ശരണപ്പെട്ടിരിക്കുന്നു.

പ. ആ. പന. പത്രി.

സ്നേഹത്തിന്റെ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയത്തേയും കുത്തി മുറിപ്പെടുത്തേണമെ.

വ. കുരിശിന്മേൽ ഞങ്ങൾക്കുവേണ്ടി തറയ്ക്കപ്പെട്ട മരിച്ച കറയില്ലാത്ത കുഞ്ഞാടായ ഈശോയെ! നിന്റെ പ്രിയ മണവാട്ടിയായ ത്രേസ്യാ പുണ്യവതി കറയില്ലാത്തവളായിരുന്നു; എങ്കിലും മുള്ളുകളിൽ ഉരുണ്ടുകൊണ്ടും ചമ്മട്ടികൾകൊണ്ട് കന്യകയ്ക്കടുത്ത ദേഹത്തെ അടിച്ച മുറിപ്പെടുത്തിക്കൊണ്ടും പാടുകളും മരണവും ഈ രണ്ടിലൊന്നു നിന്നോട അപേക്ഷിച്ചുകൊണ്ടും എത്രയും കഠിന തപസ്സുകൾ ചെയ്യുവല്ലൊ. എന്നാൽ ഞങ്ങൾ അതിനെക്കുറിച്ച ധ്യാനിക്ക

മ്പോൾ ശങ്കിച്ചു ലജ്ജിക്കുന്നു. എന്തു കൊണ്ടെന്നാൽ ഞങ്ങൾ അനേക പാപങ്ങൾ ചെയ്തിരുന്നിട്ടും ഒരു ചെറിയ പ്രായശ്ചിത്തമെങ്കിലും ഏറ്റപ്പാൻ മനസ്സുകേട്ടും വെറുപ്പുമുള്ളവരായിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവായ ഈശോതമ്പുരാനെ! ഈ മഹാ പുണ്യവതിയുടെ യോഗ്യതകളെക്കുറിച്ചു പാപികളായ ഞങ്ങൾക്കു തപസ്സിൻെറ അരുപി തന്നു ഇതുവരെ ചെയ്ത പാപങ്ങൾക്കു ഇന്നുമുതൽ പ്രായശ്ചിത്തമെടുത്തു ഉത്തരിപ്പാൻ കൃപ ചെയ്യേണമെ. ൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യഈശോയെ! ഞങ്ങളുടെ ഹൃദയത്തേയും കുത്തിമുറിപ്പെടുത്തേണമെ.

ന. സൎവ്വവല്ലഭമുള്ള കൎത്താവേ! നിൻെറ പ്രിയമണവാട്ടിയായ ത്രേസ്യാപുണ്യവതി സുകൃത പുണ്യത്തിനടുത്തതിനെമാത്രം മരണപൎയ്യന്തം ചെയ്വാൻ പ്രതിജ്ഞ ചെയ്തുവെന്ന ഈ വിഷയമുള്ളതും ഉപമയില്ലാത്തതുമായ നേർച്ച പാപികളായ ഞങ്ങളുടെ മനസ്സുറപ്പില്ലായ്മയേയും നിൻെറമേലുള്ള സ്നേഹക്കുറവിനേയും

പാപത്തിൽ ചാഞ്ഞിരിക്കുന്ന ഞങ്ങളുടെ മനസ്സിനെയും എത്രയൊ കുററപ്പെടുത്തുന്നു. ഓ! കത്താവേ! അബ്രാഹത്തിനു കട്ടപ്പമുള്ള കല്ലിൽനിന്നു മക്കളെ പുറപ്പെടുത്തുവാൻ ശക്തനായ നീ ഞങ്ങളുടെ തണുത്ത ഹൃദയങ്ങളിൽ ഭക്തിയേയും സ്നേഹത്തേയും കത്തിച്ച് ഈ മഹാ പുണ്യവതിയുടെ സന്മാതൃകയ്ക്കൊത്തവണ്ണം ഞങ്ങൾ നടന്നു നിനക്കിഷ്ടമാകുന്നതിനെ മാത്രം ചെയ്യാൻ കൃപ ചെയ്യേണമെ. ൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയത്തേയും കുത്തി മുറിപ്പെടുത്തേണമെ.

## ൨, ൩, ൪ ഈ ദിവസങ്ങളിൽ ചൊല്ലേണ്ടതു്.

൧. എത്രയും പ്രിയമുള്ള ഈശോയെ! ത്രേസ്യാ പുണ്യവതിയുടെ ഹൃദയം സ്രാപ്പെ എന്ന ഒരു മാലാഖാ വഴിയായി തീയെരിയുന്ന കുന്തത്താൽ കുത്തി കാണത്തക്കവണ്ണം മുറിവേല്പിച്ചപ്പോൾ ആ

ശുദ്ധമുള്ള ഹൃദയത്തിൽ നീ കത്തിച്ച ദിവ്യ സ്നേഹജ്വാലകൾ ഇന്നതെന്നു പറഞ്ഞൊപ്പിപ്പാൻ വശമുള്ളവരാരു? ഓ! ദിവ്യ രക്ഷിതാവെ! ഈ പരിശുദ്ധ സ്നേഹത്തിൻെറ അഗ്നി ഭൂലോകത്തിലും കത്തിപ്പാൻ ആകാശത്തിൽനിന്നു ഭൂമിയിൽ വന്ന നീ, ഭൂമിസ്സംബന്ധവും അശുദ്ധമുള്ളതുമായ സ്നേഹത്തെ ഞങ്ങളുടെ ഹൃദയത്തിൽ നിന്നു അകററി ആകാശത്തിന്നടുത്തതും പരിശുദ്ധമുള്ളതുമായ സ്നേഹംകൊണ്ടു അതിനെ നിറച്ച ഈ നിൻെറ പരിശുദ്ധ മണവാട്ടി സ്നേഹാധിക്യത്താൽ മരിച്ചതുപോലെ ഞങ്ങളും മരിപ്പാൻ കൃപ ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയെ ഞങ്ങളുടെ ഹൃദയത്തേയും കുത്തി മുറിപ്പെടുത്തേണമെ.

വ. അളവില്ലാത്ത ദയയുള്ള ഈശോയെ! നീ ത്രേസ്യാപുണ്യവതിക്ക് നിൻെറ മാതാവിൻെറ മേലും നിൻെറ

വളൎത്തുപിതാവായ യൌസേപ്പു പുണ്യവാൻെറ മേലും കൊട്ടത്ത വിശേഷ ഭക്തിയെക്കുറിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എന്നാൽ നിൻെറ അറുതിയില്ലാത്ത യോഗ്യതകളെക്കുറിച്ചും ഈ നിൻെറ വിശ്വാസമുള്ള മണവാട്ടിയുടെ യോഗ്യതകളെക്കുറിച്ചും നിൻെറ മാതാവിൻെറമേലും നിൻെറമേലും യൌസേപ്പു പുണ്യവാൻെറ മേലും വിശേഷ ഭക്തിയും ആശ്രയവും ഞങ്ങൾക്കു തരേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയേ! ഞങ്ങളുടെ ഹൃദയത്തേയും കുത്തി മുറിപ്പെടുത്തേണമെ.

൩. ഞങ്ങളുടെ രക്ഷിതാവായ ഈശോമിശിഹായെ! ഞാൻ മുഴുവനും നിനക്കുള്ളവനെന്നും നീ മുഴുവനും എനിക്കുള്ളവളെന്നും ഞാൻ ആകാശമോക്ഷം സൃഷ്ടിച്ചില്ലായെങ്കിൽനിന്നെപ്രതി തന്നെ അതിനെ സൃഷ്ടിക്കുമായിരുന്നു എന്നും, പ്രിയ മണവാളൻെറ മാധുൎയ്യത്തോ

ടെ ത്രേസ്യാ പുണ്യവതിയോടു നീ അരു
ളിച്ചെയ്തിരിക്കയാൽ, മാനുഷമക്കളോടു
കൂടെ ഇരിക്കുന്നതു നിനക്കു സന്തോഷമാ
കുന്നു എന്നു കാണിച്ചുവല്ലൊ. ഓ! ദയയു
ള്ള രക്ഷിതാവെ! ആകാശമോക്ഷം ഞ
ങ്ങൾക്കുവേണ്ടി കൂടെയും സൃഷ്ടിച്ചിരി
ക്കയാലും വിശുദ്ധ കുർബ്ബാന വഴിയായി
നിന്നെ മുഴുവനും ഞങ്ങൾക്കു തന്നിരിക്ക
യാലും ഞങ്ങളും മോക്ഷാനന്ദത്തിൽ
നിന്നെ അനുഭവിപ്പാനും ഈ നിന്റെ
പ്രിയ മണവാട്ടിയായ ത്രേസ്യാ പുണ്യവ
തിയോടുകൂടെ നിന്റെ പറഞ്ഞൊ
പ്പിക്കരുതാത്ത അനുഗ്രഹങ്ങളെ നിത്യ
മായി പാടുവാനും ഞങ്ങൾക്കു അനുഗ്ര
ഹം ചെയ്യണമെന്നു മുഴു ഹൃദയത്തോ
ടുകൂടെ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കു
ന്നു. ൧ ആ. ൧ ന. ൧ ത്രി.

സ്നേഹത്തിന്റെ കുന്തത്താൽ ത്രേ
സ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ
ദിവ്യ ഈശോയെ! ഞങ്ങളുടെ ഹൃദയ
ത്തേയും കുത്തി മുറിപ്പെടുത്തേണമെ.

ആമ്മേൻ.

## വൃശ്ചികമാസം ൨൰-ാംനു-
## എ. ഭാ. ക. മറിയം തന്നത്താൻ ദേവാലയത്തിൽ കാഴ്ചവെച്ച തിരുനാളിന്നു ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ.

---

വൃശ്ചികം ൰൮-ാംനു- തുടങ്ങുന്നു.

൧. ദൈവത്തിന്നു മാതാവായി തിരിഞ്ഞെടുക്കപ്പെട്ട പരിശുദ്ധ കന്യാസ്ത്രീമറിയമെ! നീ ശിശുപ്രായത്തിൽ ദേവാലയത്തിൽ പോയി നിന്നെത്തന്നെ ദൈവത്തിന്നു കാഴ്ചവെപ്പാനുള്ളതിന്നു നിനക്കുണ്ടായ ആ അതിശയമായ മനോധൈൎയ്യം വാഴ്ത്തപ്പെട്ടതാകട്ടെ.
ന. നന്മ

൨. ത്രിലോക രാജ്ഞിയായ മാതാവെ! നീ ദേവാലയത്തിൽ ദൈവത്തിന്ന് ഊഴിയം ചെയ്യുമ്പോൾ നിനക്കുണ്ടായ ആ വിശേഷ ഭക്തി വാഴ്ത്തപ്പെട്ടതാകട്ടെ.
ന. നന്മ.

൩. സകല പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട മാതാവെ! പുണ്യത്തിന്റെ

ദൃഷ്ടാന്തവും മാതൃകയും ആകുവാനുള്ളതിന്നു് ആ ദേവാലയത്തിൽവച്ചു നിനക്കു കിട്ടിയ സകല പുണ്യങ്ങളുടെ പൂൎണ്ണത വാഴ്ത്തപ്പെട്ടതാകട്ടെ. ൩ നന്മ.

---

## വൃശ്ചികമാസം ൨൪-ാംനു- വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ തിരുനാളിന്നു് അസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

വൃശ്ചികം ൧൫-ാംനു- തുടങ്ങുന്നു.

### ൧, ൪, ൭, ഈ ദിവസങ്ങളിൽ ചൊല്ലേണ്ടതു്.

൧. ഭാഗ്യപ്പെട്ട കുരിശിന്റെ യോഹന്നാൻ പുണ്യവാനേ! നീ ബാല്യപ്രായം മുതൽ ദേവമാതാവിനെയും ഈശോമിശിഹായുടെ വിശുദ്ധ കുരിശിനെയും സ്നേഹിച്ചതിനാൽ സങ്കടപ്പെടുന്നവൎക്കു പ്രത്യേക മദ്ധ്യസ്ഥനാകുവാൻ പാത്രവാനായല്ലൊ. ഓ! ഞങ്ങളുടെ കൃപയുള്ള പിതാവേ! ഉയിരുള്ള വിശ്വാസവും ഉറ

പ്പുള്ള ശരണവും സ്നേഹാഗ്നി ജ്വലിക്കു
ന്ന ഉപവിയും രക്ഷിതാവിൻെറ കുരി
ശിന്മേൽ പ്രിയവും ഞങ്ങൾക്കുണ്ടാകുവാ
നും ഈ പുണ്യങ്ങളിൽ ഞങ്ങൾ മരണ
പൎയ്യന്തം അഭ്യസിപ്പാനും ഈ ദിവസ
ങ്ങളിലെ അപേക്ഷകളാൽ ഞങ്ങളാ
ശിക്കുന്ന ക്രൂട്ടങ്ങൾ ഞങ്ങളുടെ നിത്യര
ക്ഷയ്ക്കുതകുന്നതായിരുന്നാൽ ലഭിപ്പാനും
ദേവമാതാവിനോടും അവരുടെ ദിവ്യ
പുത്രനോടും ഞങ്ങൾക്കുവേണ്ടി അപേ
ക്ഷിച്ചു കൃപ തരുവിക്കേണമെന്നു നി
ന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. ഞങ്ങളുടെ ഉത്തമ പിതാവാ
യിരിക്കുന്ന കുരിശിൻെറ യോഹന്നാ
നെ! നീ മാലാഖായെപ്പോലെ പരിശു
ദ്ധനായിരുന്നു എങ്കിലും നമുക്കുവേണ്ടി
കുരിശിന്മേൽ മരിച്ച മിശിഹാ കൎത്താ
വിനെ അനുഗമിപ്പാനാശപ്പെട്ടു, ചെറു
പ്രായത്തിൽ തന്നെ കഠിന തപസ്സുക
ളാൽ നിൻെറ മൃദുവായ ശരീരത്തെ
പീഡിപ്പിച്ചു ആത്മത്തിന്നു കീഴമൎത്തി
യല്ലൊ. ഓ! ഞങ്ങളുടെ പ്രിയമുള്ള പു
ണ്യവാനേ! പാപികളായ ഞങ്ങൾ തപ

സ്സിന്മേൽ പ്രിയംവച്ചു ദൈവം കല്പി
ക്കുന്ന സങ്കടങ്ങളൊക്കെയും ക്ഷമയോടു
കൂടെ സഹിപ്പാനും ഇതിനാൽ ഞങ്ങ
ൾ ചെയ്തു പാപങ്ങൾക്കു തക്ക പരിഹാ
രംചെയ്ത്, ആത്മാവിനെ ശുദ്ധിയാക്കി
നിന്നോടുകൂടെ ആകാശമോക്ഷത്തിൽ
ദൈവസ്തുതികളെ പാടുന്നതിന്നും വേണ്ടു
ന്ന സഹായം ചെയ്യണമെന്നു നിന്നോ
ടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. ഞങ്ങളുടെ എത്രയും പ്രിയമു
ള്ള പിതാവായ യോഹന്നാൻ പുണ്യവാ
നേ! നീ ഇടവിടാതെയുള്ള ധ്യാനങ്ങളാ
ലും എഴുതിയുണ്ടാക്കിയ പുസ്തകങ്ങളാ
ലും രഹസ്യത്തിന്നടുത്ത ദൈവ ശാസ്ത്ര
ത്തിന്റെ മല്പാനും പുണ്യാത്മാക്കളെ ധ
ൎമ്മ വഴിയിൽ നടത്തുന്നതിന്നു വിശേ
ഷ സൂൎയ്യനും എന്ന ഈ മഹിമപ്പെട്ട
നാമധേയങ്ങൾ നിനക്കു സിദ്ധിച്ചുവ
ല്ലൊ. ആയതിനാൽ കുരുടരായ ഞങ്ങ
ൾ നിന്റെ ആകാശത്തിന്നടുത്ത പാഠ
ങ്ങളുടെ ശോഭയാൽ ധ്യാനത്തിന്മേ
ൽ പക്ഷമായി ഭ്രമിച്ചുകൂട്ടത്തതൊക്കെയും
വെറുത്തുപേക്ഷിച്ചു ദൈവത്തെയും മോ

ക്ഷഭാഗ്യത്തെയും സ്നേഹിപ്പാനും ഈ ധൎമ്മവഴിയിൽ മരണപൎയ്യന്തം നടപ്പാനും നീ ദൈവത്തോടു അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ നി. ൧ ത്രി.

## ൨, ൩, ൪, ഈ ദിവസങ്ങളിൽ ചൊല്ലേണ്ടതു്.

൧. ഞങ്ങളുടെ പ്രിയമുള്ള പിതാവായിരിക്കുന്ന കരിശിന്റെ യോഹന്നാൻ പുണ്യവാനേ! നീ പൌലോസു ശ്ലീഹായെപ്പോലെ നിന്ദാപമാനങ്ങളിൽ സന്തോഷപ്പെട്ടുകൊണ്ടു് ദൈവസ്തുതിക്കായും നീ അഭിവൃദ്ധിപ്പെടുത്തിയ സഭയുടെ ഗുണത്തെപ്രതിയും വളരെ സങ്കടങ്ങളെയും ഉപദ്രവങ്ങളെയും അതിശയമായ ധൈൎയ്യത്തോടെ അനുഭവിച്ചതിനാൽ ക്ഷമ, മനോധൈൎയ്യം എന്ന പുണ്യങ്ങൾ സമ്പാദിപ്പാനാശയുള്ളവൎക്കു സന്മാതൃകയായിരിക്കുന്നതിന്നു പാത്രവാനായല്ലൊ. ആയതിനാൽ ഞങ്ങൾക്കു വിരോധമായി നേരിടുന്നതൊക്കെയും ക്ഷമയോടും ധൈൎയ്യത്തോടുംകൂടെ സഹിപ്പാനും

നമ്മുടെ ദിവ്യരക്ഷിതാവിൻെറ സ്തുതിക്കാ യിട്ട പാടുപെട്ടുകൊണ്ടും അയാളെ സ്നേ ഹിച്ചുകൊണ്ടും ഞങ്ങളുടെ ആത്മാവു ദോഷത്തിൻെറ അടിമയിൽ നിന്ന ര ക്ഷപെട്ടു, പുണ്യങ്ങളിൽ വൎദ്ധിപ്പാനും, ദൈവത്തെപ്രതിയും അങ്ങേ സ്തുതിക്കാ യിക്കൊണ്ടും ക്ഷമയോടുകൂടെ പാടുപെ ടുന്നവൎക്ക താൻ ആസ്ഥമാക്കിയിരിക്കുന്ന സമ്മാനം ഞങ്ങൾക്ക ലഭിപ്പാനും നീ ദൈവത്തോടു അപേക്ഷിച്ചു തരുവിക്കേ ണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥി ക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

വ. ഞങ്ങളുടെ വല്ലഭമുള്ള മദ്ധ്യ സ്ഥനായ യോഹന്നാൻ പുണ്യവാനേ! നീ നരക പിശാചുക്കളുടെമേൽ വിശേഷ അധികാരവും അവയെ പുറപ്പെടുത്തു ന്നതിന്നു വിശേഷ വരപ്രസാദവും ദൈ വത്തിൽനിന്നു പ്രാപിച്ചതിനാൽ അതി ശയക്കാരനെന്ന നാമധേയം നിനക്ക കിട്ടിയല്ലൊ. എന്നാൽ നരകശത്രുവാ യ പിശാചു ഞങ്ങൾക്ക തോന്നിക്കുന്ന അറെസ്സുത്തക്ക നിനവുകളെയും അവൻെറ തന്ത്രങ്ങളേയും ഈ ആയുസ്സുകാലത്തിലും പ്രത്യേകം മരണനേരത്തിലും മുഴുവനാ

കംവണ്ണം ജയിപ്പാനുള്ളതിന്നു തക്ക വരപ്രസാദം തരുവിക്കേണമെന്നു നിന്നോട്ട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൩. ഞങ്ങളുടെ എത്രയും മഹിമപ്പെട്ട മദ്ധ്യസ്ഥനായിരിക്കുന്ന കുരിശിന്റെ യോഹന്നാൻ പുണ്യവാനേ! നീ പരിശുദ്ധമുള്ളവനായിരുന്നതു കൊണ്ട് നിന്റെ മുഖത്തിൽ നോക്കുന്നവരുടെ ഹൃദയത്തിലെ അശുദ്ധമുള്ള നിരൂപണകളേയും തൃണ്യഇശ്ചകളെയും അമൎത്തി നീക്കുവാനുള്ളതിന്നു വിശേഷവരപ്രസാദം സൎവ്വേശ്വരനിൽനിന്നു കൈക്കൊള്ളുവാനും ഇതിനാൽ അശുദ്ധതയിൽ മുഴുകിയ വളരെ ആത്മാവുകളെ പരിശുദ്ധവഴിയിൽ തിരിപ്പാനും പാത്രവാനായല്ലൊ. ഓ! കൃപയുള്ള പുണ്യവാനേ! പാപികളായ ഞങ്ങളുടെ വീഴ്ചകളിന്മേൽ കോപിക്കാതെ ആത്മശരീരശുദ്ധതയോടുകൂടെ നടന്നു മോക്ഷഭാഗ്യം പ്രാപിപ്പാനും പരിശുദ്ധദേവമാതാവിനേയും നിന്നേയും നിത്യമായി സ്തുതിച്ചുവണങ്ങുവാനുംവേണ്ടി ഉടയതമ്പുരാൻ തന്റെ പരിശുദ്ധ ദേവമാതാവിന്റെ ആ

പേക്ഷകളാൽ പൂൎണ്ണമായ വിരക്തി ഞ
ങ്ങൾക്കുതരുവാനും ഈ ദിവസങ്ങളിലെ
അപേക്ഷയാൽ ഞങ്ങൾ അപേക്ഷി
ക്കുന്നതൊക്കെയും നിത്യരക്ഷ നേടുവാൻ
സഹായിക്കുന്നതായിരുന്നാൽ അവയൊക്കെ
യും ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അ
പേക്ഷിച്ചു തരുവിക്കേണമെന്നും നിന്നോ
ടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ആ. ൧ന. ൧ത്രി.

## ൯, ൰, ൰൧, ഈ ദിവസങ്ങളിൽ ചൊല്ലേണ്ടത്.

൧. ഏത്രയും ദയയുള്ള പുണ്യവാനേ! നിനക്കുകൂടിയ വിശേഷജ്ഞാനം ഹേതുവായി ജ്ഞാനശാസ്ത്രത്തിന്റെ ഗുരുനാഥൻ എന്ന മഹിമയുള്ള നാമം നിനക്കു സിദ്ധിച്ചുവെങ്കിലും ദിവ്യമാതൃകയായിരിക്കുന്ന മിശിഹായെ നോക്കി ആ ദിവ്യമാതൃകയ്ക്കൊത്തവണ്ണം നടന്നു, വിശേഷ എളിമയിൽ അലങ്കരിക്കപ്പെട്ടവനായല്ലൊ. ഈ നിന്റെ വിശേഷപുണ്യത്തെക്കുറിച്ചു അഹങ്കാരികളായ ഞങ്ങളുടെ നീചത്വത്തെയും ഞങ്ങളുടെ പ

കല്ലുള്ള കുറച്ചില്ലുകളെയും ഗ്രഹിപ്പാനും, ഈ ലോകത്തിന്റെ അനിത്യവാഞ്ഛകളെ വെറുത്തുപേക്ഷിപ്പാനും, ഞങ്ങളോടു ചെയ്യപ്പെടുന്ന നിന്ദകളെയും ഉപദ്രവങ്ങളെയും നിന്റെ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ക്ഷമിപ്പാനുമായി ആഴപ്പെട്ട താഴ്മയെ ഞങ്ങൾക്കു തരുവിച്ചു, സൎവ്വനന്മസ്വരൂപിയായിരിക്കുന്ന ദൈവത്തെ നിത്യമായി സ്തുതിച്ചാരാധിപ്പാൻ ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. പര. നന്മ. ത്രീ.

൨ ശുദ്ധമാക്കപ്പെട്ട കുരിശിന്റെ യോഹന്നാനെ! നീ കണ്ണുനീരുകളുടെ സ്ഥലമായ ഇഹലോകത്തിൽ ജീവിച്ചിരുന്നപ്പോൾ നിന്റെ മനോഗുണ പ്രവൃത്തികളാലെയും, ഇപ്പോൾ മോക്ഷഭാഗ്യം അനുഭവിക്കുന്ന നിന്റെ പരിശുദ്ധ അവസ്ഥകൾ വഴിയായിട്ടു നിന്റെ ഭക്തർ ലഭിച്ചുവരുന്ന വിശേഷസഹായങ്ങളാലെയും, അഗതികൾക്കു പിതാവും, വ്യാധിക്കാൎക്കു സ്വസ്ഥാനവും, സങ്കടപ്പെടുന്നവൎക്കു രക്ഷയും, എന്ന ഈ നാമധേയങ്ങൾ നിനക്കു കിട്ടിയിരിക്കുന്നുവല്ലൊ.

ഓ! ഞങ്ങളുടെ പുണ്യവാനേ! പാപി കളും പുണ്യത്തിൽ ദരിദ്രന്മാരുമായ ഞ ങ്ങളുടെ പാപങ്ങളാൽ ഞങ്ങളെ വെറു ത്തുപേക്ഷിക്കാതെ ഞങ്ങളുടെ മേലനുഗ്ര ഹിച്ചു ഞങ്ങൾ നിത്യകാലം ദൈവസ്തു തികളെ പാടുന്നതിന്നും ചെയ്ത ദോഷ ങ്ങളുടെ പൂൎണ്ണപൊറുതിയും ആത്മാലങ്കാ രങ്ങളായ പുണ്യങ്ങളെല്ലാകയും ഞങ്ങൾ ക്കു കിട്ടുന്നതിന്നും നീ ദൈവത്തോടു അ പേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോ ടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. ഞങ്ങളുടെ പിതാവായ യോ ഹന്നാൻപുണ്യവനേ! നീ ദിവ്യരക്ഷി താവിൻെറ പിന്നടിയെ നടന്നു, ദിവ്യ ഗുരുവായ തന്നെപ്പോലെ വ്യാകുലങ്ങളി ൽ നിറയപ്പെട്ടു ജീവിതംകഴിപ്പാനാഗ്ര ഹിച്ചു ആശ്വാസവും സന്തോഷവും സ്വ ൎഗ്ഗത്തിന്നടുത്തതായിരുന്നാലും, അവയെ ഉപേക്ഷിച്ചു നിന്ദാപമാനങ്ങളേയും സ ങ്കടങ്ങളേയും സന്തോഷത്തോടെ അനുഭ വിച്ചുവന്നതല്ലാതെ, യോഹന്നാനെ! നീ എൻെറ സ്നേഹത്തെപ്രതി സഹിച്ച പ്രയ ത്നങ്ങളെല്ലാക്കും സമ്മാനമായി എന്തുവേ

ന്നമെന്നു ഈശോമിശിഹാ നിന്നോടു ചോദിച്ചപ്പോൾ കൎത്താവെ! നിന്നെപ്രതി പാടുപെടുവാനും നിന്ദിക്കപ്പെടുവാനുംമാത്രം ആഗ്രഹിക്കുന്നുവെന്നു നീ ധൈൎയ്യത്തോടെ പറഞ്ഞപേക്ഷിച്ചുവല്ലൊ. എന്നാൽ നിന്റെ അപേക്ഷയ്ക്കു ഒത്തവണ്ണം സൃഷ്ടിപ്പുകളാൽ നിന്ദിക്കപ്പെട്ടവനായി മരിച്ചുവെങ്കിലും സൃഷ്ടിതാവായ ദൈവത്തിന്റെ തൃക്കൈകളിൽ ശുദ്ധമുള്ള നിന്റെ ആത്മാവിനെ ഏല്പിച്ചു, ഭാഗ്യപ്പെട്ടവനായി മരണത്തെ പ്രാപിച്ചുവല്ലൊ. ഇതിനെക്കുറിച്ചു പാപികളായ ഞങ്ങൾ ജീവിക്കുന്നതുവരെ നിന്റെ സന്മാതൃകപോലെ നടന്നു രക്ഷിതാവിന്റെ പാടുകളുടെ ഫലങ്ങൾ അനുഭവിപ്പാനും അതിനാൽ മരണപൎയ്യന്തം ദൈവത്തിന്നു വിശ്വാസമുള്ള മക്കളായിട്ടു നടപ്പാനും ഒടുക്കം നിത്യാനന്ദഭാഗ്യത്തിൽ ചേൎന്നു നിന്നോടുകൂടെ ദൈവത്തെ സ്തുതിപ്പാനും നീ ദൈവത്തോടു അപേക്ഷിച്ചു കൃപലഭിച്ചു തരേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ന. ൧ത്രി.

## ധനുമാസം ൩-ാംനു.
## വിശുദ്ധ ശവരിയാരിന്റെ തിരുനാളിന്നു ആസ്ഥപ്പാടായുള്ള നവനാൾ ജപങ്ങൾ.

വൃശ്ചികം ൨൪-ാംനു തുടങ്ങുന്നു.

൧. ഉയിരുള്ള വിശ്വാസത്താൽ പല ഭാഷകളെ സംസാരിപ്പാനും, വരുവാനുള്ള കാൎയ്യങ്ങളെ ദീൎഘദൎശനമായി മുമ്പുക്കൂട്ടി അറിയിപ്പാനും, മരിച്ചവരെ ഉയിൎപ്പിപ്പാനും, സൎവ്വേശ്വരനിൽനിന്നു വരം കൈക്കൊണ്ട് ഇന്ത്യാദേശത്തിലെ മഹാശ്ലീഹായായ വി. ഫ്രാൻസീസ്സ് ശവരിയാർ പുണ്യവാനേ! നിന്റെ അടിയാരായ ഞങ്ങളുടെമേൽ അനുഗ്രഹിച്ച് ഏറിയ വിരോധങ്ങളുടെ ഇടയിൽ ഇളക്കമില്ലാത്തതും സൽക്രിയകളെ മുളപ്പിക്കുന്നതുമായ ജ്ഞാനവരം ഞങ്ങൾക്കു ലഭിപ്പു, അതിനാൽ ഈശോമിശിഹായുടെ ദിവ്യവേദത്തിന്റെ ന്യായങ്ങൾക്കു തക്കപോലെ നടപ്പാനും അതിൽനിന്നുമാത്രം വരുന്ന നന്മകൾക്കും ഭാഗ്യങ്ങൾക്കും യോ

ഗ്യരാകുവാനും സൎവ്വേശ്വരനോട നീ കൃപ തരുവിക്കേണമെന്ന നിന്നോട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ആ. ൧ന. ൧ത്രി.

൨. ദൈവസ്നേഹാഗ്നി നിന്റെ ഹൃദയത്തിൽ അത്ഭുതമാംവണ്ണം പററി എരിഞ്ഞിരുന്നതിനാൽ അതിനെ കുറയ്ക്കുന്നതിന്ന സൎവ്വേശ്വരനോട അപേക്ഷിപ്പാൻ നിൎബ്ബന്ധപ്പെട്ടവനായ ഇന്ത്യാദേശത്തിന്റെ ശ്ലീഹായേ! നിന്റെ അടിയാരായ ഞങ്ങളുടെമേൽ കൃപയായിരുന്നു, നമ്മുടെ ദിവ്യരക്ഷിതാവ് ഈ ഭൂമിയിൽ ഇടുവാൻ തിരുമനസ്സായിയെന്ന ആ ദിവ്യാഗ്നി ഞങ്ങളുടെ തണുപ്പുള്ള ഹൃദയങ്ങളിൽ കത്തിയെരിവാനും, അതിനാൽ ഭൂമിക്കടുത്ത പക്ഷങ്ങളൊക്കയും ഭസ്മമാക്കപ്പെടുവാനും, ആയതിന്മണ്ണം ഞങ്ങളുടെ ജീവിതകാലമെല്ലാം സൎവ്വേശ്വരനെ മാത്രം പൂൎണ്ണമായിട്ട സ്നേഹിപ്പാനും, നീ അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്ന നിന്നോട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ആ. ൧ന. ൧ത്രി.

൩. നമ്മുടെ കൎത്താവീശോമിശി ഹായുടെതിരുമുറിവുകളിന്മേലും നമ്മുടെ അമ്മയായ കന്യാസ്ത്രീ ദേവമാതാവി ന്റെമേലും ജീവിതകാലമൊക്കയിലും ഏററം ഭക്തിവണക്കമായിരുന്ന ഇന്ത്യാ ദേശത്തിന്റെ ശ്ലീഹായായ വി. ഫ്രാ സീസ്സ് ശവരിയ്യാർ പുണ്യവാനേ! നി ന്റെ അടിയാരായ ഞങ്ങളുടെമേലനു ഗ്രഹിച്ചു, ഞങ്ങളുടെ ജീവിതകാലത്തി ലും പ്രത്യേകം മരണനേരത്തിലും ന മ്മുടെ രക്ഷനാഥന്റെ തിരുമുറിവുക ളിലും തന്റെ പരിശുദ്ധ മാതാവി ന്റെ മദ്ധ്യസ്ഥത്തിലും നിശ്ചയമുള്ള സങ്കേതം കണ്ടെത്തുവാനും, കൎത്താവി ങ്കൽ മയ്യരിക്കപ്പെട്ട ഉറക്കം പ്രാപിച്ചു നിത്യ പരമ അവകാശത്തിന്നു വന്നു ചേരുവാനും നിന്നോടുകൂടെ സൎവ്വേശ്വ രനെ നിത്യമായി സ്തുതിച്ചു വണങ്ങു വാനും, സൎവ്വേശ്വരനോടു നീ അപേ ക്ഷിച്ചു മനോഗുണം തരുവിക്കേണമെ ന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧. ന. ത്രി.

## ധനുമാസം ൮-ാംനു
## അമലോത്ഭവ മാതാവിന്റെ തിരുനാളിന്നു് ആസ്ഥപ്പാടായുള്ള
## നവനാൾ ജപങ്ങൾ.

വൃശ്ചികം ൩൦-ാംനു തുടങ്ങുന്നു.

### ഒന്നാംദിവസം ചൊല്ലേണ്ടതു്.

൧. ഉത്ഭവദോഷത്തിന്റെ നിഴൽ പോലും തീണ്ടാതെ ജനിച്ച ഞങ്ങളുടെ നാഥയെ! പാപികളായ ഞങ്ങൾ നിന്റെ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം വീണു ആരാധിക്കുന്നു. നീ അനാദി മുതൽ ദൈവത്തിന്നു മാതാവായി തിരിഞ്ഞെടുക്കപ്പെട്ടവളും ഉത്ഭവദോഷമില്ലാതെ ജനിച്ചവളുമായിരിക്കുകകൊണ്ടു ഞങ്ങൾ ആനന്ദിക്കുന്നു. നിന്റെ ഉത്ഭവത്തിൽ തന്നെ ഈ വിശേഷനന്മകളാൽ നിന്നെ അലങ്കരിച്ച ശുദ്ധ. ത്രീത്വത്തിന്നു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഓ! ദയയുള്ള മാതാവേ! ഉത്ഭവപാപത്താൽ ഞങ്ങളിൽ ജനിച്ച ദുർഗ്ഗു

ണങ്ങളൊക്കയും അമൎത്തികൊള്ളുവാനും സകലനന്മ സ്വരൂപിയായിരിക്കുന്ന സ ൎവ്വേശ്വരനെ നിത്യമായി സ്നേഹിപ്പാ നും ഞങ്ങൾക്കു മനോഗുണം തരുവി പ്പാറാകെണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൯ നന്മ. ൧ ത്രി.

## രണ്ടാംദിവസം ചൊല്ലേണ്ടതു്.

ഉത്ഭവദോഷത്തിന്റെ കറക്കൂടാ തെ ജനിച്ച പരിശുദ്ധ കന്യകയെ! നീ ഉത്ഭവിച്ച ക്ഷണത്തിൽ തന്നെ ന ന്മനിറഞ്ഞവളും പൂൎണ്ണമാംവണ്ണം ദൃഢത യുള്ളവളുമായതിനാൽ നിനക്കുണ്ടായ അത്യന്ത സന്തോഷത്തെക്കുറിച്ചു ഞങ്ങ ൾ ആനന്ദിക്കുന്നു. ഈ ഉന്നതവരങ്ങ ളാൽ നിന്നെ മഹത്വപ്പെടുത്തിയ ശു ദ്ധ. ത്രീത്വത്തിന്നു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഓ! ഞങ്ങളുടെ തെളിവി ന്റെ കാരണമായ മറിയമെ! ഞങ്ങൾ ദൈവനന്മകളിൽ കുറയപ്പെട്ടവരാക യാൽ ലജ്ജിക്കുന്നു, എങ്കിലും സൎവ്വ ന ന്മകളാൽ പൂരിക്കപ്പെട്ടവളായ നിന്റെ ദയയിന്മേൽശരണപ്പെട്ടു നിന്റെ ദാ സരായ ഞങ്ങളുടെ മേലനുഗ്രഹിച്ചു,

നിൻെറ കറയില്ലാത്ത ഉത്ഭവത്തിൽ നീ പ്രാപിച്ച നന്മയുടെ നിക്ഷേപങ്ങളിൽ ഞങ്ങളെ പങ്കാളികളാക്കികൊള്ളണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൯ നന്മ. ൧ ത്രി.

## മൂന്നാംദിവസം ചൊല്ലേണ്ടതു്.

ജന്മപാപത്തിൻെറ കറയില്ലാത്തവളായി ജനിച്ച മറിയമെ! നിൻെറ പരിശുദ്ധ ഉത്ഭവത്തിൽ നരകസൎപ്പത്തെ ജയിച്ചതിനെക്കൊണ്ടു നിനക്കുണ്ടായ സന്തോഷത്തെക്കുറിച്ചു ഞങ്ങൾ ആനന്ദിക്കുന്നു. ഈ വിശേഷ വരങ്ങളാൽ നിന്നെ അലങ്കരിക്കുന്നതിനു തിരുച്ചിത്തമായ ശുദ്ധ. ത്രീത്വത്തിനു ഞങ്ങൾ മുഴുഹൃദയത്തോടെ സ്തോത്രം ചെയ്യുന്നു. ഉഷഃകാല നക്ഷത്രമെ! നരകസൎപ്പത്തിൻെറ തലയെ തകൎത്തിയവളെ! നീ നരകസൎപ്പത്തിൻെറ തന്ത്രങ്ങളൊക്കെയും പാപച്ഛുദ്ധങ്ങളാൽ ഞങ്ങളുടെ ആത്മാവിനെ അശുദ്ധിയാക്കാതെയിരിപ്പാനും, മരണപൎയ്യന്തം ദോഷമൊന്നും കൂടാതെ ജീവിച്ചു് നിത്യാനന്ദ ഭാഗ്യത്തെ പ്രാപിപ്പാനും മനോഗുണം ത

രുവിച്ചരുളേണമെന്നു നിന്നോടു ഞങ്ങ
ൾ പ്രാൎത്ഥിക്കുന്നു. ൯ നന്മ. ൧ ത്രി.

## നാലാംദിവസം ചൊല്ലേണ്ടതു്.

പരിശുദ്ധതയുടെ ദൎപ്പണമെ! അ
മലോത്ഭവ മറിയമെ! നീ ഉത്ഭവിച്ച
ക്ഷണത്തിൽ തന്നെ സകല സുകൃത പു
ണ്യങ്ങളാലെയും റൂഹാദക്കുദശായുടെ ദാ
നങ്ങളാലെയും നിന്റെ കറയില്ലാത്ത
ആത്മാവു അലങ്കരിക്കപ്പെട്ടതിനെ ചി
ന്തിച്ചു നിന്റെ ദാസരായ ഞങ്ങൾ എ
ത്രയും സന്തോഷപ്പെടുന്നു. എന്നാൽ ഈ
വിശേഷ ദാനങ്ങളാൽ നിന്നെ അല
ങ്കരിപ്പാൻ തിരുമനസ്സായ ശുദ്ധ ത്രി
ത്വത്തിന്നു ഞങ്ങൾ സ്തുതിയും സ്തോത്ര
വും ചെയ്യുന്നു. ഈ വിശേഷ പുണ്യ
ങ്ങൾ ഞങ്ങൾക്കു കിട്ടുവാനും റൂഹാദക്കു
ദശായുടെ ദാനങ്ങളെ കൈക്കൊള്ളുവാ
നും ഞങ്ങൾ യോഗ്യരാകുവാൻ ദയയു
ള്ള മാതാവെ! നീ ഞങ്ങൾക്കുവേണ്ടി
ദൈവത്തോടു് അപേക്ഷിച്ചു കൃപ തരു
വിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാ
ൎത്ഥിക്കുന്നു. ൯ നന്മ. ൧ ത്രി.

## അഞ്ചാം ദിവസം ചൊല്ലേണ്ടതു.

പരിശുദ്ധതയാൽ എത്രയും ശോഭിക്കുന്ന ജ്ഞാനചന്ദ്രനായ അമലോത്ഭവ മറിയമെ! ഉത്ഭവദോഷം കൂടാതെയുള്ള നിന്റെ ഉത്ഭവത്തിന്റെ രഹസ്യം മാനുഷവൎഗ്ഗത്തിന്നുണ്ടായ രക്ഷയുടെ തുടസ്സവും സകല ലോകത്തിന്നും സന്തോഷവും ആയതിനാൽ നിനക്കുണ്ടായ സന്തോഷത്താൽ ഞങ്ങൾ നിന്നെ പുകഴ്ത്തി സ്തുതിക്കുന്നു. എന്നാലിതിന്നുള്ളും നിന്നെ മഹിമപ്പെടുത്തിയ ത്രിത്വൈക സൎവ്വേശ്വരനെ ഞങ്ങൾ സ്തുതിച്ചു വണങ്ങികൊണ്ടു നിന്റെ ദിവ്യകുമാരൻ ചിന്തിയ തിരുരക്തം ഞങ്ങളുടെ ദോഷങ്ങളാൽ നിഷ്ഫലമാകാതെ ഇരിപ്പാനും അയാളുടെ കഠിനഭംഗപ്പാടിന്റെയും മരണത്തിന്റെയും ഫലങ്ങൾ അനുഭവിച്ചു നിത്യമായി രക്ഷപെടുവാനും ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു, ൯ നന്മ. ൧ ത്രി.

## ആറാം ദിവസം ചൊല്ലേണ്ടത്.

പരിശുദ്ധതയാൽ അത്യന്തം വിളങ്ങി പ്രകാശിക്കുന്ന ജ്ഞാനനക്ഷത്രമായ ജന്മപാപമില്ലാതെ ജനിച്ച മറിയമെ! ജന്മപാപംകൂടാതെയുള്ള നിന്റെ ഉത്ഭവം സകല മോക്ഷവാസികൾക്കു സന്തോഷകാരണമായതിനാൽ നിനക്കുണ്ടായ സന്തോഷത്തെക്കുറിച്ചു നിന്റെ എളിയദാസരായ ഞങ്ങൾ എത്രയും സന്തോഷപ്പെട്ടുകൊണ്ടു ഈ വിശേഷ വരപ്രസാദത്താൽ നിന്നെ അലങ്കരിച്ചു ശു. ത്രിത്വത്തിന്നു സ്തുതിയും പുകഴ്ചയും ചെയ്തുകൊള്ളുന്നു. എന്നാൽ എത്രയും പ്രിയമാതാവെ! നീ പാപികളായ ഞങ്ങളുടെമേലനുഗ്രഹിച്ചു, ഞങ്ങൾ ദൈവദൂതരോടുകൂടെ നിന്നെ നിത്യമായി സ്തുതിച്ചു വണങ്ങുവാനും മോക്ഷവാസികൾക്കുള്ള സന്തോഷങ്ങളിൽ എന്നന്നേക്കും പങ്കാളികളാകുവാനും മനോഗുണം തരുവിപ്പാറാകണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൩ നന്മ. ത്രി.

## ഏഴാം ദിവസം ചൊല്ലേണ്ടത്.

പരിശുദ്ധതയുടെ ജ്ഞാന ഉഷഃ കാലമെ! ഉത്ഭവദോഷം കൂടാതെ ജനിച്ച മറിയമെ! നീ ഉത്ഭവിച്ചക്ഷണത്തിൽ തന്നെ ദൈവനന്മയിൽ ഉറപ്പിക്കപ്പെട്ട വളും ദോഷം പിഴപ്പാൻ വഹിയാത്ത വളുമായി ചമഞ്ഞതുകൊണ്ടു നിനക്കുണ്ടായ പരിപൂൎണ്ണ സന്തോഷത്തെക്കുറിച്ചു ഞങ്ങളും സന്തോഷപ്പെട്ടുകൊണ്ടു ഈ എത്രയും വിശേഷവരപ്രസാദത്താൽ നിന്നെ അലങ്കരിപ്പാനും ശേഷം ശുദ്ധമാക്കപ്പെട്ടവരെക്കാൾ നിന്നെ മഹിമപ്പെടുത്തുവാനും തിരുമനസ്സായ ശു. ത്രീത്വത്തിന്നു സ്തുതിയും സ്തോത്രവും ചെയ്യുന്നു. എന്നാൽ പരിശുദ്ധ കന്യകയെ! ദയയുള്ള മാതാവെ! ചെയ്ത പാപങ്ങളെക്കുറിച്ചു മനസ്താപപ്പെടുന്ന പാപികളായ ഞങ്ങളുടെമേലനുഗ്രഹിച്ചു ഇനിയെങ്കിലും സൎവ്വതിന്മകളെക്കാൾ ദോഷത്തെ ഭയന്നു വെറുത്തുപേക്ഷിപ്പാനും വീണ്ടതിൽ വീഴും മുമ്പെ മരിപ്പാനും ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അപേ

ക്ഷിച്ചു മനോഗുണം തരുവിക്കേണമെ ന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

ൻ ന. ൧ ത്രി.

എട്ടാം ദിവസം ചൊല്ലേണ്ടതു്.

സകല ലോകത്തേയും പ്രകാശിപ്പിക്കുന്ന കളങ്കമില്ലാത്ത സൂൎയ്യനും പാപികളുടെ സങ്കേതവും കറയില്ലാതെ ഉത്ഭവിച്ച കന്യാസ്ത്രീയും ആയ മറിയമെ! സകല ശുദ്ധമാകപ്പെട്ടവൎക്കും ദൈവദൂതന്മാൎക്കും കിട്ടിയ ദൈവവരപ്രസാദങ്ങളെല്ലാം ഒന്നായി ചേൎത്തു നോക്കിയാൽ ഏററം വലുതായി തോന്നുമെങ്കിലും ത്രിലോകരാജ്ഞിയായി നീ ഉത്ഭവിച്ച ക്ഷണത്തിൽതന്നെ പ്രാപിച്ച ദൈവവരപ്രസാദങ്ങൾ എത്രയും വലുതായിരുന്നതിനാൽ നീ അനുഭവിച്ച വാക്കിലടങ്ങാത്ത സന്തോഷാനന്ദത്തെക്കുറിച്ചു നിന്റെ ദാസരായ ഞങ്ങൾ സന്തോഷിച്ചുകൊണ്ടു ഈ വിശിഷ്ട വരപ്രസാദവും മനോഗുണവും നിനക്കു നൽകിയ ത്രീതൈ്വക സൎവ്വേശ്വരനെ ഞങ്ങൾ സ്തുതിച്ചു സ്തോത്രം ചെയ്യുന്നു. ഓ! ദയയുള്ള നാഥയെ! കറയില്ലാതെ ഉത്ഭവിച്ച

വളെ! നിൻെറ വിശ്വാസമുള്ള ദാസരാ
യി നടപ്പാൻ അനുഗ്രഹിക്കുന്ന ഞങ്ങളു
ടെമേലനുഗ്രഹിച്ചു, പാപത്തിലേക്ക്
ചാഞ്ഞിരിക്കുന്ന ഈ ഞങ്ങളുടെ ഹൃദ
യങ്ങളെ നവമാക്കി ഇപ്പോൾ തന്നെ
പുണ്യവഴിക്ക് തിരിഞ്ഞു അതിന്മേൽ
അത്യന്ത ആശ വെപ്പാനും ദൈവനന്മ
യെ നിർമ്മൂലമാക്കിക്കളയാതിരിപ്പാനും
നീ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു
കൃപ തരുവിക്കേണമെന്നു നിന്നോടു ഞ
ങ്ങൾ പ്രാർത്ഥിക്കുന്നു.

൯ നന്മ. ൧ ത്രി.

ഒമ്പതാംദിവസം ചൊല്ലേണ്ടത്.

പുണ്യത്തിൻെറ ഉയിരുള്ള പ്രകാ
ശവും പരിശുദ്ധതയുടെ ദിവ്യമാതൃക
യും ദൈവത്തിൻെറ മാതാവുമായി ഉ
ത്ഭവദോഷംകൂടാതെ ജനിച്ച കന്യാ
സ്ത്രീമറിയമെ! നീ ഉത്ഭവിച്ച ക്ഷണ
ത്തിൽ തന്നെ സർവ്വനാഥനായ ദൈവ
ത്തെ ആരാധിച്ചുവണങ്ങി, ആദത്തി
ൻെറ മക്കളായ ഞങ്ങളുടെ മേലുണ്ടായി
രുന്ന പൂർവ്വശാപത്തെ നിൻെറ വിശു
ദ്ധോത്ഭവം വഴിയായിട്ടുനീക്കി പൂർണ്ണാ

ശീൎവ്വാദം ഉണ്ടാകുവാൻ ദൈവം തിരു ച്ചിത്തമായതിനാൽ നീ ഈ സകലന ന്മസ്വരൂപിയായ ദൈവത്തിനു അത്യ ന്ത സ്തോത്രം ചെയ്യുവല്ലൊ. ഓ! പ്രി യം നിറഞ്ഞ മാതാവേ! ഈ ആശീൎവ്വാ ദത്താൽ ദൈവസ്നേഹാഗ്നി ഞങ്ങളുടെ ഹൃദയങ്ങളിൽ കത്തിജ്വലിപ്പാനും ഈ അഗ്നി കെട്ടുപോകാതിരിപ്പാനും ദൈ വത്തെ സദാ സ്നേഹിപ്പാനും നീ ആ ദൈവസ്നേഹം ഞങ്ങളുടെ ഹൃദയങ്ങ ളിൽ ജ്വലിപ്പിക്കേണമെ! ഏത്രയും കനിവുള്ള മറിയമേ! സൎവ്വേശ്വരൻ നിനക്കു നൽകിയ വിശേഷ മനോഗുണ ങ്ങളെക്കുറിച്ചു ഞങ്ങൾ ദൈവത്തിനു ഇടവിടാതെ സ്തുതിയും സ്തോത്രവും ചെ യ്യാനുള്ളതിന്നും കറക്കൂടാതെ ജീവിച്ചു മരിച്ചശേഷം നിന്റെ തിരുസ്സന്നിധി യിൽവന്നു നിത്യസ്തുതികളെ മോക്ഷ വാസികളോടുകൂടെ പാടുന്നതിന്നും നീ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു മനോ ഗുണം തരുവിപ്പാറാകണമെന്നു നിന്നോ ടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൯ നന്മ. ൧ ത്രി.

## ധനുമാസം ൨൧-ാംനു മാർ തോമ്മാശ്ലീഹായുടെ തിരുനാളിന്നു ആസ്ഥപ്പാടായുള്ള നവനാൾ ജപങ്ങൾ.

---

ധനു ൧൧-ാംനു തുടങ്ങുന്നു.

൧. ദിവ്യരക്ഷിതാവിൻെറ ൧൨ ശിഷ്യരിൽ ഒരുവനും ഞങ്ങളുടെ ദേശത്തിൽ ആദ്യമായി മിശിഹായുടെ വേദത്തെ പ്രസംഗിച്ചവനും ഞങ്ങളുടെ പിതാവുമായ തോമ്മാശ്ലീഹായെ! ദിവ്യഗുരുവായ ഈശോമിശിഹാ നിൻെറമേൽ മഹാ ദയയായി, നിൻെറ വിരലിനെ അങ്ങെ തിരുമുറിവുകളിലും നിൻെറ കൈയ്യേ അങ്ങേ തിരുഹൃദയത്തിലും വെപ്പാൻ നിന്നോടു അരുളിച്ചെയ്തതിനാൽ നിനക്കു സിദ്ധിച്ച വിശേഷവരപ്രസാദത്തെക്കുറിച്ചും അതിനാൽ ദിവ്യരക്ഷിതാവിൻെറ ദിവ്യ ഉയിർപ്പിന്മേൽ നിനക്കുണ്ടായ സ്ഥിരമുള്ള വിശ്വാസത്തെക്കുറിച്ചും പാപികളും അയോഗ്യരെങ്കിലും നിൻെറ മക്കളുമായ ഞങ്ങളു

ടെമേലനുഗ്രഹിച്ച വിശ്വാസസത്യങ്ങളുടെമേൽ ഇളക്കമില്ലാത്ത പൂർണ്ണവിശ്വാസം ഞങ്ങൾക്കുണ്ടാകുവാനും നമ്മുടെ ദിവ്യരക്ഷിതാവായ ഈശോമിശിഹാ ഞങ്ങളുടെ ഏകദൈവവും പട്ടാങ്ങയുള്ള നാഥനുമാകുന്നു എന്നു സ്ഥിരമായി വിശ്വസിപ്പാനും അങ്ങെ പ്രമാണങ്ങളെ കുറവില്ലാതെ കാപ്പാനും ദൈവത്തോടു നീ അപേക്ഷിച്ച മനോഗുണം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രീ.

൨. ഞങ്ങളുടെ പിതാവായ തോമ്മാശ്ലീഹായേ! എത്രയും അരിഷ്ടതയും അപത്തും നിറഞ്ഞ വഴിയാത്രകളെ കഴിക്കുന്നതിന്നും ഈശോമിശിഹാ സ്ഥാപിച്ച സത്യമാർഗ്ഗത്തെ അനേക നാടുകളിൽ പഠിപ്പിക്കുന്നതിന്നും, പാപികളും നിന്റെ മക്കളുമായ ഞങ്ങളെ സത്യവേദത്തിൽ കൂട്ടുന്നതിന്നും കാരണമായ നിന്റെ വൈദിക ശുശ്രൂഷാന്തിയെക്കുറിച്ച ഞങ്ങളുടെനേരെ നിന്റെ പിതാവിന്നുടുത്ത തൃക്കണ്ണുകളെ തിരിപ്പിച്ച് ഞ

ങ്ങളും നിൻെറ സന്മാതൃകകൊത്തച
ണ്ണം ദൈവസ്തുതിക്കായി ശുശ്രൂഷാന്തി
പ്പെട്ടു അതിനെ വൎദ്ധിപ്പിപ്പാൻ പ്രയാ
സപ്പെട്ടുന്നതിന്നും ഞങ്ങളുടെ ഹൃദയങ്ങ
ളിൽ ദൈവസ്നേഹത്തെ ജ്വലിപ്പിക്കു
ന്നതിന്നും നീ ദൈവത്തോടു അപേക്ഷി
ച്ചു മനോഗുണം തരുവിക്കേണമെന്നു നി
ന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി

൩. മഹാത്മാവും ഞങ്ങളുടെ പിതാ
വുമായിരിക്കുന്ന തോമ്മാശ്ലീഹായെ! ഈ
ശോമിശിഹാ അങ്ങേ തിരുരക്തം ചി
ന്തിക്കൊണ്ടു സ്ഥാപിച്ച ദിവ്യവേദത്തെ
അറിയിക്കുന്നതിന്നു നിനക്കു നേരിട്ടു
നാനാവിധ വിരോധങ്ങളേയും വിഘ്ന
ങ്ങളേയും ഗണ്യമാക്കാതെ ധൈൎയ്യത്തോ
ടെ സകലത്തേയും ജയിക്കുന്നതിന്നും
ഈ ദിവ്യവേദത്തെക്കുറിച്ചും നമ്മുടെ ര
ക്ഷയുടെ അടയാളമായിരിക്കുന്ന വിശുദ്ധ
കുരിശിൻെറ വാഴ്ചയെക്കുറിച്ചും നിൻെറ
പ്രാണൻ ഉപേക്ഷിക്കുന്നതിന്നും ദൈ
വം നിനക്കു നൽകിയ ധൈൎയ്യത്തെ
ക്കുറിച്ചു പാപികളായ ഞങ്ങളെ ദയ
യോടുകൂടെ നോക്കി ഞങ്ങളും ദൈവ

ത്തെക്കുറിച്ചും നെറിവിനെപ്രതിയും സ
ത്യവിശ്വാസത്തിന്നവേണ്ടിയും പാടുപീ
ഡകളെ അനുഭവിക്കേണ്ടിവന്നാൽ മോ
ക്ഷാനന്ദം പ്രാപിക്കേണ്ടതിന്നു വേണ്ടി
സന്തോഷത്തോടും മനോധൈൎയ്യത്തോടും
കൂടെ ഈ പാടുകളൊക്കെയും അനുഭ
വിപ്പാൻ ദൈവത്തോടു നീ അപേക്ഷി
ച്ചു കൃപ തരുവിക്കേണമെന്നു നിന്നോടു
ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രീ.

---

ധനുമാസം ൨൫-ാംനു
ന. ക. ഈശോമിശിഹായുടെ പിറവി
തിരുനാളിന്നു ആസ്ഥപ്പാടായുള്ള
നവനാൾ ജപങ്ങൾ.

---

ധനു ൧൬-ാം തുടങ്ങുന്നു.

൧. എത്രയും സ്നേഹമുള്ള ഉണ്ണീശോ
യെ! ഞങ്ങളുടെ രക്ഷയ്ക്കായി ഇഹലോ
കത്തിലേക്കു എഴുന്നള്ളിവരുവാൻ തി
രുമനസ്സായിരിക്കുന്ന നിൻെറ ഭാഗ്യപ്പെ
ട്ട വരവിനെ അധികാഗ്രഹത്തോടെ

പാൎത്തിരിക്കുന്ന ഞങ്ങളെ ദയയോടെ തൃക്കണ്ണോൎത്ത് ഞങ്ങളുടെ ഹൃദയത്തിൽ ജ്ഞാന വിധമായി പിറന്നു അതിനെ അങ്ങെ ഭവനമാക്കി അതിൽ നിന്നെ സംഗ്രഹിച്ചുകൊണ്ടു ജീവിപ്പാൻ കൃപ ചെയ്യേണമെ. ൧ആ. ൧ന, ൧ത്രി.

൨. എത്രയും ദയവുള്ള ഉണ്ണീശോയെ! പൂൎവ്വബാവാന്മാരുടെ അപേക്ഷകൾക്കും ആഗ്രഹങ്ങൾക്കും ഏക വിഷയമായിരിക്കുന്ന നിൻെറ പ്രിയ മാതാവിൻെറ സ്നേഹത്തിന്നടുത്ത നെടുവീൎപ്പുകളിന്മേൽ പ്രസാദിച്ചു അറുതിയില്ലാത്ത സ്നേഹത്തോടെ അവരുടെ ഉദരത്തിൽ എഴുന്നള്ളവന്നു അതിൽ ഒമ്പതു മാസം താമസിച്ചുവല്ലോ. ഓ! ദിവ്യ ഉണ്ണീശോയെ! ഞങ്ങളുടെ ആഗ്രഹങ്ങളെ കേട്ടു നിൻെറ ആടുകളായ ഞങ്ങളെ ശീഘ്രത്തിൽ രക്ഷിപ്പാൻ വന്നരുളേണമെ.

൧ആ. ൧ന. ൧ത്രി.

൩. എത്രയും മനോഹരമുള്ള ഉണ്ണീശോയെ! ലോകത്തിൻെറ അധിക സന്തോഷത്തോടുക്കൂടെ ദൈവത്തിൻെറ അറുതിയില്ലാത്ത വചനമായിരിക്കുന്ന നീ ഉണ്ണിയുടെ ഭാഷയായിട്ടു പിറന്നയുടനെ

നിൻെറ തൃക്കൈകളെ ആകാശത്തി ൻെറ നേരെ പോക്കി നിൻെറ ദിവ്യ പിതാവിനോട്ട ഞങ്ങൾക്കവേണ്ടി അ നുഗ്രഹവും ദയയും അപേക്ഷിക്കയും ദാരിദ്ര്യപ്പെട്ടവനായി രണ്ട മൃഗങ്ങളുടെ ഇടയിൽ പുൽക്കൂട്ടിൽ വൈക്കോലി ന്മേൽ കിടക്കയും കുളിർ, പശി, ദാ ഹം മുതലായത്ത സഹിക്കയും ആ പുൽ ക്കൂട്ടിൽ നിന്നെ വന്ദിച്ചാരാധിച്ച കാ ഴ്ച്ചവെപ്പാൻ വന്ന ദാരിദ്ര്യപ്പെട്ട ആട്ടി ടയരെ സന്തോഷിപ്പിക്കയും മോക്ഷവഴി യെ അവരെ പഠിപ്പിക്കയും ചെയ്തുവ ല്ലൊ. ആ എത്രയും മധുരമുള്ള ഉണ്ണി യെ! നിൻെറ തിരുമുമ്പാകെ നില്ക്കുന്ന പാപികളായ ഞങ്ങളെ കൃപയോടെ തൃക്കൺപാൎത്തു. നിന്നെ സ്നേഹിപ്പാൻ ഞങ്ങളെ പഠിപ്പിക്കയും ഞങ്ങളുടെ ജീവിതം മുഴുവനും നിനക്ക വിശ്വാസ മുള്ള ശുശ്രൂഷചെയ്തു, മോക്ഷാനന്ദത്തി ൽ നിന്നെ കാണ്മാൻ വരുന്നതിന്ന അ നുഗ്രഹംചെയ്കയും ചെയ്യരുളേണമെ.

൧ ആ. ൧ ന. ൧ ത്രി.

## മാർ യൌസേപ്പ പുണ്യവാൻെറ മദ്ധ്യസ്ഥതിരുനാളിന്ന ആസ്ഥപ്പാടായുള്ള ത്രിദിന ജപങ്ങൾ.

---

### ഒന്നാംദിവസം ചൊല്ലേണ്ടുന്നത്.

൧. ഞങ്ങളുടെ ദയയുള്ള മദ്ധ്യസ്ഥനായിരിക്കുന്ന മാർ യൌസേപ്പ പുണ്യവാനേ! സൎവ്വേശ്വരൻ അങ്ങേ ദിവ്യകുടുംബത്തിൻെറ പാലകനായിരിക്കുന്നതിന്നു, വിശ്വാസ്ഥനും വിവേക സൽഗുണങ്ങളാൽ അലങ്കരിക്കപ്പെട്ടവനുമായ ഒരു ശുശ്രൂഷി ആരെന്നു ആലോചിച്ചു, മനുഷ്യഗണത്തിൽവച്ചു എത്രയും ഉത്തമനായി നിന്നെ തെരിഞ്ഞെടുത്തിരിക്കയാൽ നിന്നിൽ വിളങ്ങി ശോഭിക്കുന്ന സൽപുണ്യങ്ങളും ശുദ്ധതയും എത്രയും വിശേഷമായതു തന്നെ എന്നു പറവാൻ ന്യായമായിരിക്കുന്നു. ആ! ദയയുള്ള ഞങ്ങളുടെ പിതാവെ! സൎവ്വത്തിന്നും ആദികാരണമായ സൎവ്വേശ്വരൻ നിൻെറ മേൽ ഇത്ര പക്ഷമുള്ളവനാകു

ന്നതിന്നു കാരണമായ നിൻെറ വിശി ഷ്ട സൽപുണ്യങ്ങളെക്കുറിച്ചു പാപിക ളായ ഞങ്ങളുടെമേൽ നിൻെറ പക്ഷ മുള്ള തൃക്കണ്ണുകളെ തിരിച്ചു നിൻെറ മദ്ധ്യസ്ഥതിന്മേൽ ആശ്രയിക്കുന്ന ഞ ങ്ങളെ നിൻെറ സങ്കേതത്തിൽ ചേൎത്തു സൎവ്വപുണ്യങ്ങളുടെ അടിസ്ഥാനമാകുന്ന എളിമയും ഹൃദയശുദ്ധതയും എന്ന ഈ ഇരു ഉത്തമ പുണ്യങ്ങളെ ഞങ്ങൾക്കു തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ആ. ൧ന. ൧ത്രി.

൨. എത്രയും ദയയുള്ള യൌസേപ്പു പുണ്യവാനേ! ദിവ്യരക്ഷിതാവു പിറക്കു ന്നതിന്നു മുമ്പും പിറന്നതിൻെറ ശേഷ വും നിനക്കു അറുപതുവയസ്സു നടക്കുന്ന തുവരെയും നീ മനുഷ്യരക്ഷയെപ്രതി അനേക സങ്കടങ്ങളെയും പീഡകളെ യും സഹിച്ചുവല്ലൊ. ആ ദയയുള്ള പി താവെ! നീ വളൎത്തിയ ദിവ്യപുത്രനും നീയും പാപികളായ ഞങ്ങളെപ്രതി പാ ടുപെട്ട എന്നോൎത്തു, ഞങ്ങൾ നിത്യര ക്ഷയെ പ്രാപിക്കുന്നതിന്നു വേണ്ട സൽ പുണ്യങ്ങളായ ഇളക്കമില്ലാത്ത വിശ്വാ സം, ഉറപ്പുള്ള ശരണം, ജ്വലിച്ചെരി

യുന്ന സ്നേഹം ആദിയായ സകലപുണ്യ
ങ്ങളെയും നീ ദിവ്യരക്ഷിതാവിനോട
അപേക്ഷിച്ചു ഞങ്ങൾക്ക തരുവിക്കെ
ണമെന്ന നിന്നോട ഞങ്ങൾ പ്രാൎത്ഥി
ക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

൩. എത്രയും വല്ലഭമുള്ള മദ്ധ്യസ്ഥ
നായ യൌസേപ്പു പുണ്യവാനേ! ഇതാ
ഞങ്ങൾ താഴ്മവണക്കത്തോടെ നിന്റെ
സങ്കേതത്തിൽ ഓടിവരുന്നു. ഞങ്ങളു
ടെ പാപങ്ങൾ ഹേതുവായി ദൈവ
ദാനങ്ങൾക്ക ഞങ്ങൾ അപാത്രവാന്മാ
രായിരിക്കുന്നു എന്നുവരികിലു, രക്ഷിതാ
വായ ഈശോമിശിഹാ നിന്നെ പാ
പികളുടെ മദ്ധ്യസ്ഥനായി സ്ഥാപിച്ച
തിനെ ഓൎത്തു നിന്റെ ആശ്രയം തേടു
ന്നവൎക്ക നീ എത്രയും കൃപയുള്ള പിതാ
വാകുന്നു എന്നറിഞ്ഞു പൂൎണ്ണശരണത്തോ
ടെ നിന്റെ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം
വീണു, ഞങ്ങളിൽ വ്യാപിച്ചിരിക്കുന്ന
സകല ദുൎഗ്ഗുണങ്ങളെയും പാപശീല
ത്തെയും ഞങ്ങളിൽനിന്നകററി ദിവ്യ
സ്നേഹം ഞങ്ങളുടെ ഹൃദയത്തിൽ ക
ത്തിച്ചു, വീണ്ടു ദോഷത്താൽ പിശാചി
ന്റെ തന്ത്രവലകളിൽ അകപ്പെടാതെ

ഇരിപ്പാനും നിൻെറ വളൎത്തുകുമാരനായ ഈശൊമ്ശിഹായെ മരണപൎയ്യന്തം സ്നേഹിച്ചു സേവിപ്പാനും മരണത്തിൻെറശേഷം മോക്ഷാനന്ദത്തിൽ വന്നു ദൈവത്തെ നിത്യമായി വാഴ്ത്തി സ്തുതിപ്പാനും ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അപേക്ഷിച്ചു കൃപലഭിച്ചുതരണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന, ൧ ത്രി.

## രണ്ടാംദിവസം ചൊല്ലേണ്ടതു്.

൧. എത്രയും ഭാഗ്യപ്പെട്ടവനായയൌസേപ്പു പുണ്യവാനേ! നിൻെറ സ്ഥാനമഹിമയെ എളിമയാൽ മാനുഷ ദൃഷ്ടിക്കു മറച്ചുകളവാൻ സാധിച്ചു എങ്കിലും മോക്ഷത്തിൽ നിനക്കു സിദ്ധിച്ച വല്ലഭ മഹിമ എത്രയും ഉന്നതപ്പെട്ടതാകുന്നു എന്നു ഞങ്ങൾ അറിഞ്ഞിരിക്കുന്നു. ആയതിനാൽ ഞങ്ങളുടെ ആവശ്യങ്ങളൊക്കയിലും നിൻെറ ആശ്രയത്തെ തേടുന്ന ഞങ്ങൾക്കു നിശ്ചയമുള്ള സഹായവും ഉറപ്പുള്ള തുറമുഖവും നീ ആകുമെന്നു പൂൎണ്ണമായി വിശ്വസിച്ചുകൊണ്ടു ഞങ്ങൾ ലോകത്തിൽ ജീവിക്കുന്നതുവരെ അ

നുഭവിപ്പാനിരിക്കുന്ന ദുരിത സങ്കടങ്ങ
ളൊക്കെയും ചെയ്ത ദോഷങ്ങൾക്കു പ്രാ
യശ്ചിത്തമായി എളിമയോടുകൂടെ ക്ഷമി
പ്പാൻ നീ ദൈവത്തോടു അപേക്ഷിച്ചു
കൃപ ലഭിച്ചുതരേണമെന്നു നിന്നോടു
ഞങ്ങൾ പ്രാർത്ഥിക്കുന്നു.

൧ ആ. ൧ ന. ൧. ത്രി.

൨. ദിവ്യരക്ഷിതാവായ ഈശോ
മിശിഹായുടെ വളൎത്തുപിതാവും ദാവീദു
രാജാവിന്റെ ഗോത്രത്തിൽ പ്രകാശി
ക്കുന്ന നക്ഷത്രവും മനുഷ്യവൎഗ്ഗത്തിന്റെ
ബഹുമാനവുമായ യൌസേപ്പു പുണ്യ
വാനേ! ദൈവ വരപ്രസാദങ്ങളുടെ ഭ
ണ്ഡാരം നിനക്കു തുറന്നു തന്നിരിക്കയാ
ൽ നിന്നോടു ഞങ്ങൾ ആത്മോപകാര
ത്തിനായി അപേക്ഷിക്കുന്നതെല്ലാം സി
ദ്ധിക്കുമെന്നു പൂൎണ്ണ ഉറപ്പായി ഞങ്ങൾ
വിശ്വസിക്കുന്നു. ആയതിനാൽ ഞങ്ങളു
ടെ കൃപയുള്ള പിതാവെ! ഞങ്ങൾ മ
രണപൎയ്യന്തം ദൈവേഷ്ടപ്രസാദത്തിൽ
സ്ഥിരമുള്ളവരായി ജീവിക്കുന്നതിന്നും
ആത്മശത്രുവായിരിക്കുന്ന ഈ ശരീര
ത്തെ അമൎത്തുവാനും ദൈവത്തിന്മേൽ
പൂൎണ്ണശരണം വെപ്പാനും ഇപ്രകാരം ക

റയില്ലാത്തവരായി ജീവിച്ചു മരണനേര
ത്തു ഈശോമറിയമെ! യൌസേപ്പെ!
എന്നി മൂന്ന തിരുനാമങ്ങളെ വിളിച്ചു
കൊണ്ടു നിന്റെ തൃക്കയ്യിൽ ഞങ്ങളു
ടെ ആത്മാവിനെ ഏല്പിപ്പാനും കൃപ
ചെയ്യേണമെന്ന നിന്നോടു ഞങ്ങൾ
പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

൨. ഞങ്ങളുടെ കൃപയുള്ള പിതാ
വായ യൌസേപ്പു പുണ്യവാനെ! മഹാ
പാപികളായ ഞങ്ങൾ വണങ്ങത്തക്കനി
ന്റെ സിംഹാസനത്തിന്റെ സന്നിധി
യിൽ സാഷ്ടാംഗം വീണു, നിന്റെ വ
ല്ലഭമുള്ള സങ്കേതത്തിൽ ഞങ്ങളെ കൈ
ക്കൊള്ളണമെന്ന നിന്നോടു ഞങ്ങൾ ആ
ശിച്ചപേക്ഷിക്കുന്നു. എന്നാൽ നീ ത്രി
ലോക രാജ്ഞിയായ ദൈവമാതാവി
ന്റെ മണവാളനായിരിക്കയാൽ ഈ
നാഥയോടു നീ അപേക്ഷിക്കുന്നതെല്ലാം
പരിപൂരണം ലഭിക്കുന്നതാകകൊണ്ടു പാ
പികളായ നിന്റെ ദാസരിൽനിന്ന
ദുശ്ശീലങ്ങളൊക്കയും തള്ളി അതിനുപ
കരം ആത്മ ശരീര ശുദ്ധത ആദിയായി
ശേഷം പുണ്യങ്ങളൊക്കയും സമ്പാദിപ്പാ
ൻ വേണ്ടുന്ന ദൈവസഹായം തരുവി

പ്പാൻ നിൎമ്മല കന്യാസ്ത്രീയോട നീ അപേക്ഷിച്ച മനോഗുണം ലഭിച്ചതരേണമെന്നു നിന്നോട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ത. ൧ന. ൧ത്രി.

മൂന്നാംദിവസം ചൊല്ലേണ്ടത്.

൧. ഞങ്ങളുടെ ദയയുള്ള പിതാവായ യൌസേപ്പു പുണ്യവാനേ! ഞങ്ങളുടെ ദിവ്യരക്ഷിതാവിന്റെ ആയുസ്സിനെ നീ എല്ലാപ്രകാരവും രക്ഷിച്ചതുകൊണ്ട സൎവ്വവല്ലഭനായ ദൈവത്തിൻ പക്കൽ നിന്നു കിട്ടുവാൻ പാടുള്ള നന്മകളൊക്കയും നിന്റെ മദ്ധ്യസ്ഥം വഴിയായി കിട്ടുമെന്നു ഞങ്ങൾ മുഴുഹൃദയത്തോടെ ശരണപ്പെടുന്നു. ആയതിനാൽ ഭാഗ്യപ്പെട്ടവരുടെ വിശിഷ്ടാലങ്കാരവും നിൎഭാഗ്യമനുഷരുടെ സങ്കേതവും ആയ ഞങ്ങളുടെ പിതാവെ! നിന്റെ മദ്ധ്യസ്ഥം ഈ പാപികളായ ഞങ്ങളുടെ ആത്മോപകാരത്തിന്നായി പ്രയോഗിച്ചു പിതാവിന്നുടത്ത കല്പനയെപ്പോലെ നിന്റെ അപേക്ഷകളെ കേൾക്കുന്ന ഈശോമിശിഹായോട അപേക്ഷിച്ചു ഞങ്ങളുടെ ആത്മരക്ഷയ്ക്കാവശ്യമാകുന്ന നന്മകളൊക്ക

യും തന്നരുളേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൨. എത്രയും അനുഗ്രഹമുള്ള യൌസേപ്പു പുണ്യവാനേ! യാക്കോബിന്റെ പുത്രനായ യൌസേപ്പു, പറവോൻ രാജാവിന്റെ കല്പനപ്രകാരം പ്രതിപുരുഷനായി രാജ്യഭരണം നടത്തി വരുമ്പോൾ അയാൾ എത്രയും വല്ലഭമുള്ള ഒരു രാജാവിനെപ്പോലെ എവൎക്കും നന്മ ഉപകാരങ്ങളെ ചെയ്തു വന്നതിനാൽ മെസ്രേൻ രാജധാനിപ്പട്ടണത്തിന്റെ തെരുവീഥികളിൽ കൂടിയ അസംഖ്യ ജനം മെസ്രേൻ രാജ്യത്തിന്റെ രാജാവായി ആ ദേഹത്തെ വാഴ്ത്തിസ്തുതിച്ചിരുന്നു. ഇങ്ങനെയെങ്കിൽ, രാജാധിരാജനും സൎവ്വവല്ലഭ പിതാവുമായ ദൈവം അങ്ങേ സ്ഥാനത്തിൽ നിന്നെ കല്പിച്ചാക്കിയതിനാൽ നിന്റെ മഹത്വവും വല്ലഭവും ദയയും സകല സ്തുതിക്കു യോഗ്യതയുള്ളതും മനുഷ്യബുദ്ധിയിലടങ്ങാത്തതും ആകുന്നുവല്ലോ. ഓ! ഭാഗ്യപ്പെട്ട പിതാവെ! ഭൂലോകത്തിൽ പരമ ദൈവപിതാവിന്നു പ്രതിപുരുഷനാകുന്നതി

ന്നു യോഗ്യനായ നിന്നോട്ട അപേക്ഷി ക്കുന്ന പാപികളായ ഞങ്ങളുടെ അപേ ക്ഷകളെ കേട്ടു ദൈവത്തിന്നു പ്രസാദം വരുത്തുന്ന ഉയിരുള്ള വിശ്വാസം ഞങ്ങൾ ക്കുണ്ടാകുവാൻ കൃപചെയ്യേണമെന്നു നി ന്നോട്ട ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

൩. ഞങ്ങളുടെ മദ്ധ്യസ്ഥനായ യൌസേപ്പു പുണ്യവാനേ! ഇതാ ഞങ്ങൾ എളിമയോടെ നിൻെറ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം വണങ്ങുന്നു. എന്നാൽ ഞ ങ്ങൾ ചെയ്ത പാപങ്ങളെപ്രതി ഭയ പ്പെടുന്നു എങ്കിലും നിൻെറ സഹായ ത്തോടെ ദോഷവഴി ഉപേക്ഷിച്ചു പു ണ്യവഴിയിൽ നടപ്പാൻ ഇടയാകുമെ ന്നും ഈ ദിവസങ്ങളിൽ നിന്നോട്ട അ പേക്ഷിച്ച ദൈവദാനങ്ങളൊക്കയും ഞങ്ങൾക്ക സാധിച്ചുതരുമെന്നും ഉറപ്പാ യി ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളു ടെ ഈ വിശ്വാസത്തിന്നു അന്തരം വ രികയില്ലെന്നു പൂൎണ്ണമായി ശരണപ്പെടു ന്നു. എന്തുകൊണ്ടെന്നാൽ നീ ഭൂമിയിൽ നിത്യപിതാവിൻെറദിവ്യകുമാരനെ പി തൃസ്ഥാനത്തിൽ വളൎത്തിയതിനാൽ ഒ

ന്നാമാളായ ബാവായും, ആ പുത്രനോടു കൂടെ മനുഷ്യരക്ഷയ്ക്കുവേണ്ടി നീ പ്രയാസപ്പെട്ടതിനാൽ രണ്ടാമാളായ പുത്രനും റൂഹാദക്കുദശായ്ക്കു പകരം കന്യാസ്ത്രീമറിയത്തിന്നു നീ യോഗ്യമുള്ള മണവാളനായിതനാൽ മൂന്നാമാളായ റൂഹാദക്കുദശായും നിന്റെമേൽ അത്യന്തപ്രിയമായിരിക്കുന്നതിനാൽ മനുഷ്യരുടെ ഇടയിൽ നിന്നു മഹത്വപ്പെടുത്തുവാൻ തിരുമനസ്സാകയുംചെയ്തു. ആയതുകൊണ്ടു ഞങ്ങളുടെ പിതാവെ! നിന്റെ ദാസരായ ഞങ്ങൾ മരണപൎയ്യന്തം സത്യക്രിസ്ത്യാനികളായി നടന്നു, മരണപ്രമാദത്തിൽ ഈശോമറിയത്തിന്റെ സ്വരൂപങ്ങളെയും നിന്റെ സ്വരൂപത്തെയും മുത്തിക്കൊണ്ടു ഞങ്ങളുടെ ആത്മത്തെ നിന്റെ തൃക്കയ്യിൽ കൈക്കൊള്ളിപ്പാൻ കൃപചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ന. ൧ ത്രി.

## പന്തക്കുസ്താ തിരുനാളിന്നു ആസ്ഥപ്പാടായുള്ള നവനാൾ ജപങ്ങൾ.

---

റൂഹാദക്കുദശാ തമ്പുരാനെ! എഴുന്നള്ളിവരിക, തന്റെ വെളിവിന്റെ കതിരു ആകാശത്തിൻ വഴിയെ താൻ അയച്ചുകൊൾക. അഗതികളുടെ പിതാവെ! ദാനങ്ങൾ കൊടുക്കുന്നവനെ! ഹൃദത്തിന്റെ പ്രകാശമെ! എഴുന്നള്ളിവരിക. എത്രയും നല്ല ആശ്വാസിപ്പിക്കുന്നവനെ! ആത്മാവിന്റെ മധുരമുള്ള വിരുന്നെ! അദ്ധ്വാനത്തിൽ സുഖമെ! ഉഷ്ണത്തിൽ തണുപ്പെ! കരച്ചിലിൽ സൈര്യമെ! എഴുന്നള്ളിവരിക. എത്രയും ആനന്ദത്തോടുകൂടിയിരിക്കുന്ന പ്രകാശമെ! നിന്റെ വിശ്വാസികളുടെ ഹൃദയത്തിന്റെ ഉള്ളുകളെ നീ നിറെക്ക. നിന്റെ വെളിവു കൂടാതെ മാനുഷരിൽ ദോഷമല്ലാതെ ഒന്നുമില്ല, അറപ്പുള്ളതു താൻ കഴുകുക, വാടിപ്പോയതു താൻ നനക്കുക, മുറിവേററിരിക്കുന്നതു താൻ

സുഖപ്പെടുത്തുക, രോഗപ്പെട്ടതു താൻ പൊറുപ്പിക്കുക, കട്ടപ്പമുള്ളതു താൻ മയപ്പെടുത്തുക, അറിവുള്ളതു താൻ കാച്ചുക, പെരുവഴിയല്ലാതെ പോയതു താൻ തിരിപ്പിക്കുക, തന്റെമേൽ ശരണപ്പെട്ടിരിക്കുന്ന വിശ്വാസകാൎക്കു തന്റെ ഏഴുവിശുദ്ധ ദാനങ്ങൾ താൻ കൊടുക്കുക, ഭാഗ്യമരണവും പുണ്യയോഗ്യതയും നിത്യാനന്ദവും ഞങ്ങൾക്കു താൻ തരിക.

൧. ബോധജ്ഞാനത്തിന്റെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു ബോധജ്ഞാനത്തിന്റെ ദാനത്തെ തന്നരുളേണമെ. ൧നന്മ. ൧ത്രി.

൨. ബുദ്ധിയുടെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു ബുദ്ധിയെന്ന ദിവ്യദാനത്തെ തന്നരുളേണമെ.
൧ നന്മ. ൧ത്രി.

൩. ഗുണദോഷത്തിന്റെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു ഗുണദോഷമെന്ന ദിവ്യ ദാനത്തെ തന്നരുളേണമെ. ൧ നന്മ. ൧ ത്രി.

൭. ആത്മശക്തിയുടെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു ആത്മശക്തിയെന്ന ദിവ്യദാനത്തെ തന്നരുളേണമെ. ൧ നന്മ. ൧ത്രി.

൫. അറിവിന്റെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു അറിവെന്ന ദിവ്യദാനത്തെ തന്നരുളേണമെ.

൧ന. ൧ത്രി.

൬. ഭക്തിയുടെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കു ഭക്തിയെന്ന ദിവ്യ ദാനത്തെ തന്നരുളേണമെ.

൧ന. ൧ത്രി.

൭. ദൈവഭയഭക്തിയുടെ അരൂപിയായ റൂഹാദക്കുദശാ തമ്പുരാനെ! നിന്റെ അടിയാരായ ഞങ്ങൾക്കുദൈവഭയഭക്തി എന്ന ദിവ്യദാനത്തെ തന്നരുളേണമെ.

൧ന. ൧ത്രി.

മു: പരിശുദ്ധ മറിയമെ!

സ: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കെണമെ.

പ്രാൎത്ഥിക്ക.

ശ്ലീഹന്മാരും കൎത്താവിന്റെ ശിഷ്യരുമായവരെ! വിശുദ്ധ സ്ത്രീകളോടും മിശിഹായുടെമാതാവായമൎത്തമറിയത്തിനോടുംകൂടെ അത്താഴമുറിയിൽ ഏകാഗ്രമായി പ്രാൎത്ഥനയിലും നമസ്കാരത്തിലും നിലനിന്നിരുന്ന നിങ്ങൾ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമെ.

---

ദിവ്യരക്ഷിതാവായ ഈശോമിശിഹായുടെ തിരുഹൃദയ തിരുനാളിന്നു ആസ്ഥപ്പാടായുള്ള ന:നാൾ ജപങ്ങൾ.

—

ഒന്നാംദിവസം ചൊല്ലേണ്ടതു്.

൧. പരിശുദ്ധ കന്യാസ്ത്രീ മറിയത്തിന്റെ തിരുവുദരത്തിൽ അത്ഭുതമായ ദൈവികത്താലുണ്ടായ ഈശോമിശിഹായുടെ ദിവ്യഹൃദയമെ! അങ്ങിന്നു മനുഷരുടെ പാപനിവാരണത്തിനായി

മാനുഷാവതാരം ചെയ്ത് ബേസ്ലെഹം തൊഴുക്കൂട്ടിൽ പിറക്കയും അവിടെ കഠിന കുളിരാലും ശീതക്കാററുകൾകൊണ്ടും അങ്ങേ മൃദുവായദേഹം പീഡിക്കപ്പെടുകയും ചെയ്തതിൽ അങ്ങേ തിരുഹൃദയം അനുഭവിച്ച ദുഃഖാരിഷ്ടതകൾക്കു ഞങ്ങളുടെ പാപങ്ങൾ കാരണമായതിനാൽ അവയെക്കുറിച്ചു ഞങ്ങൾമനസ്താപപ്പെട്ടു, അങ്ങേ അനുഗ്രഹത്തെ ശരണപ്പെട്ടു ഇനിയൊരുനാളും അങ്ങേക്കു ചേരാത്ത ദ്രോഹങ്ങൾ ചെയ്കയില്ലെന്നു പ്രതിജ്ഞചെയ്യുന്നു. ആയതിനാൽ ഞങ്ങളേയും ഞങ്ങൾക്കുള്ള സകലത്തേയും അങ്ങേ ഇഷ്ടംപോലെ നടത്തികൊള്ളേണമെ. ൧ആ. ൧ന. ൧ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

(൩൦൦ ദി. ദ. വി. ചൊ. എപ്പ.)

൨. നിത്യപിതാവിൻ വചനമായിരിക്കുന്ന ദൈവപുത്രനോടു ഒന്നായിരിക്കുന്ന ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! പൂൎവ്വ പ്രമാണത്തിന്നൊത്തവ

ണ്ണം ഛേദനാചാരകൎമ്മം നിറവേറു ന്ന നേരത്തു തിരുരക്തം ചിന്തുകയിൽ അങ്ങേ തിരുഹൃദയം മഹാ വ്യസനത്തെ സഹിച്ചുവല്ലോ. അങ്ങുന്നു ഞങ്ങളെ പ്രതി സഹിച്ച ദുഃഖപീഡകളെ ഒന്നും ഞങ്ങൾ ചിന്തിക്കാതെ തന്നിഷ്ടരായി അങ്ങേക്കു ചേരാത്ത അനേകം പാപ ങ്ങളിൽ ഞങ്ങൾ അകപ്പെട്ടു, അങ്ങേ തിരുഹൃദയത്തെ നിന്ദിച്ചു ദുഃഖിപ്പി ച്ചതിനാൽ മുഴുഹൃദയത്തോടുകൂടെ അ വയെക്കുറിച്ചു മനസ്താപപ്പെടുന്നു. അ ങ്ങുന്നു ഞങ്ങളുടെ മേൽ അലിവായി ഇനിമേൽ അങ്ങേ ഹൃദയത്തെ ദുഃഖി പ്പിക്കുന്ന യാതോരു വക പാപങ്ങളിലും ഞങ്ങൾ അകപ്പെടാതെയിരിക്കുന്നതി നു വേണ്ട അനുഗ്രഹസഹായം ചെയ്യു രുളേണമെ. ൧ അ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരു ഹൃദയമെ! ദിനം പ്രതി അധികമധി കം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

൯. ശുദ്ധ. ത്രിത്വത്തിൻ പ്രിയ മുള്ള ദേവാലയമായ ഈശോമിശിഹാ യുടെ ദിവ്യഹൃദയമെ! ദുഷ്ടഹേറോദേ

സ്സ രാജാവിൻെറ വാളിൽനിന്നു രക്ഷ പ്പെടുന്നതിന്നു മെസ്രേൻ രാജ്യത്തിലേക്കു പരദേശിയായി പോകുന്ന വഴിമദ്ധ്യേ ഉണ്ടായ അനൎത്ഥങ്ങളാൽ അങ്ങേ തിരുഹൃദയം മഹാ വ്യസനം അനുഭവിച്ചുവല്ലോ. പാപികളായ ഞങ്ങൾ ചെയ്യു പാപങ്ങളാൽ എത്രയോ വട്ടം ഞങ്ങൾ നിൻെറ തിരുഹൃദയത്തെ നിന്ദിച്ചുകൊണ്ടു ഓടിച്ചുകളഞ്ഞു. എങ്കിലും അവയെക്കുറിച്ചു മനസ്താപത്തോടെ നിൻെറ പക്കൽ വരുന്ന ഞങ്ങളെ ശിക്ഷിക്കാതെ ദയയോടെ കൈക്കൊണ്ടു ഇനി മേൽ അങ്ങേ തിരുഹൃദയത്തിന്നു ഇഷ്ടമാംവണ്ണം നടപ്പാൻ കൃപ ചെയ്യേണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ ദിനം പ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപചെയ്യേണമെ!

## രണ്ടാം ദിവസം ചൊല്ലേണ്ടതു്.

൧. പരിപൂൎണ്ണ പരിശുദ്ധതയുടെ ദേവാലയമായ ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! അങ്ങിന്നു ഞങ്ങളു

ടെ മേൽ വച്ച പക്ഷത്തിന്റെ ആധി
കൃത്താൽ ശുദ്ധ. കുർബാനയെന്ന ക്രദാ
ശയെ ഉണ്ടാക്കി ഞങ്ങളോടുകൂടെ എ
പ്പോഴും ഇരിപ്പാൻ തിരുമനസ്സായി
എങ്കിലും, ഈ അത്ഭുതസ്നേഹത്തിന്നു
പ്രതിസ്നേഹം കാണിക്കുന്നതിന്നു പക
രം എത്രയൊ, നന്ദികേടുകളും ഉപദ്ര
വങ്ങളും ഞങ്ങളിൽ നിന്നു അങ്ങെ തി
രുഹൃദയം സഹിക്കുന്നു. ആ! പ്രിയ ക
ർത്താവെ! നീ ഈ ശുദ്ധ ക്രദാശയിൽ
ഇടത്തൂട്ടുകാരിൽ നിന്നും അജ്ഞാനിക
ളിൽ നിന്നും കത്തോലിക്കാ ക്രിസ്ത്യാനി
കളിൽ നിന്നും പ്രത്യേകം അങ്ങേ ന
ന്മകളെ ധാരാളമായി പ്രാപിച്ച ആ
ത്മാവുകളിൽ നിന്നും അനുഭവിക്കുന്ന
ഉപദ്രവങ്ങളെ ഞങ്ങളുടെ സ്നേഹംകൊ
ണ്ടും ആരാധനകൊണ്ടും പരിഹരിപ്പാ
ൻ ഞങ്ങൾ ആശിക്കുന്നു. ആയതിന്നു
അങ്ങേ ദിവ്യസഹായം ഞങ്ങൾക്കു ചെ
യ്യുരുളേണമെ ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരു
ഹൃദയമെ! ദിനംപ്രതി നിന്നെ അധി
കമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു കൃ
പ ചെയ്യേണമെ.

(൧൩൮)

൨. ജ്ഞാനത്തിന്റെ അഗാധ കടലായിരിക്കുന്ന ഈശോയുടെ ദിവ്യ ഹൃദയമെ! ഞങ്ങളുടെനേരെ അങ്ങുന്നു കാണിക്കുന്ന അപരിമിതപക്ഷത്തെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു. അയ്യോ കർത്താവേ! അനേക ആത്മാവുകൾ അങ്ങേ സ്നേഹിക്കാതെയിരിക്കുന്നതെന്നിയെ, അങ്ങേ സ്നേഹത്തിന്റെ ക്രൂദാശയാകുന്ന ശുദ്ധ കുർബ്ബാനയിൽ അസംഖ്യ ഉപദ്രവങ്ങളെ അങ്ങേ തിരുഹൃദയത്തെ സഹിപ്പിക്കുകയും ചെയ്യുന്നു. ഈ ഉപദ്രവങ്ങൾക്കെല്ലാം പരിഹാരം ചെയ്യാനുള്ളതിന്നു ദിനംപ്രതി അധികമധികം അങ്ങേസ്നേഹത്തിൽ വർദ്ധിച്ചുവരുവാനും ഞങ്ങളാൽ പാടുള്ള പുണ്യങ്ങളെല്ലാം ചെയ്വാനും പ്രയാസപ്പെടുന്നുണ്ടെന്നു ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ!

൩. കരകാണാത്ത കരുണാസമുദ്രമായ ഈശോമിശിഹായുടെ ദിവ്യ

ഹൃദയമെ! പാപികളായ ഞങ്ങളുടെമേ
ലുള്ള പക്ഷത്തെപ്രതി ഒട്ടക്കത്തെ അ
ത്താഴം കഴിഞ്ഞശേഷം ഗദസെമ്മാൻ
എന്ന തോട്ടത്തിൽവച്ചു അങ്ങേ ദുഃഖാ
ധിക്യത്താൽ രക്തം വിയൎത്തപ്പോൾ
അങ്ങേ തിരുഹൃദയം മഹാ വ്യസനം
അനുഭവിച്ചുവല്ലൊ. അങ്ങിന്നു ഞങ്ങ
ളെ പ്രതി സഹിച്ച പാടുകളെ നിന
ച്ചാതെയും പ്രതിസ്നേഹം കാണിക്കാതെ
യും അങ്ങേക്കു ദുഃഖവ്യാകുലങ്ങളെ വ
ൎദ്ധിപ്പിക്കുന്നതായ അനേക ദുഷ്ടപാപ
ങ്ങളിൽ അകപ്പെട്ടു, അങ്ങേ നിന്ദിച്ചു
എങ്കിലും, അങ്ങേ തിരുഹൃദയ പക്ഷ
ത്തെ ഓൎത്തു അവകളുടെമേൽ അത്യന്ത
വെറുപ്പായി അവയെക്കുറിച്ചു മനസ്സു
പട്ടെടുന്നതിനാൽ എല്ലാവററിന്റെയും
പൂൎണ്ണപൊറുതി ഞങ്ങൾക്കു തന്നരുളേ
ണമെ. ആ! ഞങ്ങളുടെ ഈശോയെ!
അങ്ങേമാത്രം പൂൎണ്ണമാഴി സ്നേഹിക്കുന്ന
തിന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അ
ങ്ങേ പക്ഷമുള്ള ഹൃദയത്തിന്നു ഞങ്ങ
ളെ മുഴുവനും കാഴ്ചവെക്കുന്നു.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരു

ഹൃദയമെ! ദിനംപ്രതി അധികമധി
കം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു
കൃപചെയ്യേണമെ.

മൂന്നാംദിവസം ചൊല്ലേണ്ടതു്.

൧. അധികമായ എളിമയും ക്ഷ
മയുമുള്ള ഈശോമിശിഹായുടെ ദിവ്യ
ഹൃദയമെ! ദുഷ്ടയൂദഗണത്തിന്നു അ
ങ്ങേ പ്രിയ ശിഷ്യരിൽ ഒരുവനായ
യൂദാസെന്ന ഗുരുദ്രോഹി അങ്ങേ ഒററി
ക്കൊടുക്കയും ആ നീചഗണം കറയി
ല്ലാത്ത ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയാ
യ അങ്ങേ നിഷ്ഠുരമായി കെട്ടി ഉവു
ട്ടിമെതിച്ചു അട്ടഹസിച്ചു ക്രുകുന്ന ശബ്ദ
ത്തോടെ കൊണ്ടുപോകയും ചെയ്യപ്പോ
ൾ അങ്ങേ ഹൃദയം എത്രയൊ ദുഃഖ
വ്യാകുലം അനുഭവിക്കേണ്ടിവന്നു. എ
ന്നാൽ ഞങ്ങളുടെ പാപ പരിഹാര
ത്തിന്നായി അങ്ങിന്നു സഹിച്ച നി
ന്ദാപമാന പീഡ ദുരിതങ്ങളെ ചി
ന്തിച്ച് അങ്ങേ സ്നേഹിക്കാതെ ഞങ്ങ
ളെ വഞ്ചിക്കുന്ന ശത്രുവായ പിശാ
ചിൻെറ തന്ത്രങ്ങളിൽ അകപ്പെട്ടു
ചെയ്ത അനേക പാപങ്ങളാൽ അങ്ങേ

കരുണയുള്ള ഹൃദയത്തെ ഞങ്ങൾ ക്ലേശിപ്പിച്ചു എങ്കിലും അവയെക്കുറിച്ചു മനസ്സാപപ്പെട്ടു അങ്ങേ അശ്രയത്തിൽ അഭയം പ്രാപിപ്പാനായി ഓടിവരുന്ന ഞങ്ങളെ കൈകൊണ്ടു ഞങ്ങളുടെ പാപങ്ങൾക്കു പൂൎണ്ണപൊറുതി ലഭിച്ചു, മേലാൽ അങ്ങേ ഹൃദയത്തിന്നു ഇഷ്ടമുള്ളവരായി ജീവിച്ചു മരണത്തിന്റശേഷം മോക്ഷാനന്ദത്തിൽ അങ്ങേ സ്തുതികളെ നിത്യമായി പാടുന്നതിന്നു ഇടവരുത്തേണമെ. ൧ത്ത. ൧ന. ൧ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

൨. അത്യന്ത സാധുതാമുള്ള ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! ദുഷ്ടരായ യൂദർ കൊടിയ ഒരു ദുഷ്ടമൃഗത്തെപ്പോലെ അങ്ങേ കെട്ടി ദുഷ്ടമേല്പട്ടക്കാരുടെ മുമ്പാകെ കൊണ്ടുചെല്ലുകയും അവിടെവച്ചു അങ്ങേക്കു വിരുദ്ധമായി അനേകർ കള്ളസാക്ഷി പറകയും അങ്ങേ തിരുമുഖത്തിൽ തുപ്പുകയും ഒരു കൊടിയ പാതകൻ അങ്ങേ തിരുകന്നെ

ത്തിൽ നിഷ്ഠുരമായി അടിക്കയും ചെയ്തു തിനാൽ അങ്ങേ പക്ഷമുള്ള ഹൃദയം മഹാ വ്യാകുലം അനുഭവിച്ചുവല്ലൊ. ഈ നിഷ്ഠുര നിന്ദപമാനങ്ങളാൽ അങ്ങേ തിരുഹൃദയം ഇത്ര വ്യാകുലപ്പെടുന്നതിന്നു ഹേതുവായ ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾ വെറുത്തുപേക്ഷിച്ചു അവയെക്കുറിച്ചു മനസ്സാപപ്പെടുന്നു. ആ! കൃപയുള്ള രക്ഷിതാവെ! നന്ദിഹീനരായ ഞങ്ങളുടെ പാപങ്ങളിന്മേൽ ഉത്തമ മനസ്താപം തന്നരുളേണമെ. ഇനിമേൽ അങ്ങേ തിരുഹൃദയത്തെ വ്യസനകരമായ പാപകൃത്യങ്ങളാൽ പീഡിപ്പിക്കാതെയിരിക്കുന്നതിന്നു സഹായം ചെയ്തരുളേണമെ.

൧ത്ത. ൧ന. ൧ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

൩. അത്ഭുതപ്പെടുവാൻ തക്ക ശാന്തതയുള്ള ഈശോമിശിഹായുടെ ദിവ്യഹൃദയമെ! നിഷ്ഠുരരായ മേല്പട്ടക്കാരും അവരുടെ ദുരാലോചനക്കാരും കൊല്ലുന്നതിനായി അങ്ങേ ഒരു മഹാ പാതകനെ

ല്ലോരലെ ബന്ധിച്ച പീലാത്തോസി
ന്റെ പക്കലേൾപ്പിക്കയും അങ്ങേക്ക വി
രോധമായി അനേക കള്ളയാവലാധി
കളെ ബോധിപ്പിക്കയും ചെയ്യതിനാൽ
അങ്ങേ കറയില്ലാത്ത തിരുഹൃദയം മ
ഹാ ദുഃഖ വ്യാകുലങ്ങളെ അനുഭവിച്ചുവ
ല്ലൊ. ഓ! ഞങ്ങളുടെ നല്ല ഈശോ
യെ! പാപികളായ മാനുഷരുടെ പാപ
പ്പരിഹാരത്തിന്നായി ഒരു അജ്ഞാനി
യായ അധികാരിയുടെ മുമ്പാകെ വിധി
ക്കപ്പെടുന്നതിന്നും നിന്ദയപമാനങ്ങളെ
ക്ഷമിക്കുന്നതിന്നും സമ്മതിച്ച തിരുഹൃദ
യമെ! പാപികളായ ഞങ്ങളുടെ മേൽ
ദയയായിരിക്കേണമെ. ഞങ്ങളുടെ പാ
പങ്ങൾക്ക പൂൎണ്ണ പൊറുതി തന്നരുളേണ
മെ! ഇത്ര വ്യസനങ്ങളെ സഹിച്ച അ
ങ്ങേ ഹൃദയത്തെ ഞങ്ങൾ മേലാൽ ഒരി
ക്കലും ഉപദ്രവിക്കാതെയിരിക്കുന്നതിന്നു
ഇടവരുത്തേണമെ.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരു
ഹൃദയമെ! ദിനംപ്രതി അധികമധികം
നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്ക കൃപ
ചെയ്യേണമെ.

നാലാംദിവസം ചൊല്ലേണ്ടത്.

൧. ഉത്തമമനസ്താപത്തിൻെറ ഉറവയായ ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! പീലാത്തോസെന്ന റോമ്മാധികാരി നിന്ദ്യമായ കോലത്തോടെ അങ്ങെ ഹേറോദേസ് എന്നവൻെറ പക്കലേക്ക അയക്കയും അവൻ ഭ്രാന്തൻെറ വേഷം ധരിപ്പിച്ച തിരികെ പീലാത്തോസിൻെറ പക്കലേക്കതന്നെ അയക്കയും ചെയ്തതിനാൽ അങ്ങുന്നു മഹാനിന്ദാപമാനങ്ങളെ ഞങ്ങളെപ്രതി സഹിച്ചുവല്ലൊ. ഓ! പാപികളായ ഞങ്ങളെപ്രതി ദൈവകുമാരനായ അങ്ങുന്നു ഈ മേനികേടുകളെ സഹിച്ചു എങ്കിലും അങ്ങേ സ്നേഹത്തെ ഓക്കാതെ ഞങ്ങൾ അങ്ങേക്ക ഇഷ്ടക്കേടായ അനേകപാപങ്ങളാൽ അങ്ങേ ഉപദ്രവിച്ചതിനാൽ മുഴുഹൃദയത്തോടെ ഞങ്ങൾ മനസ്താപപ്പെടുന്നു. ആ! നല്ലഈശോയെ! അങ്ങേ ഹൃദയത്തെ നിന്ദിക്കാതെ എപ്പോഴും സ്നേഹിപ്പാൻ ഞങ്ങൾക്ക ഇട വരുത്തേണമെ! ൧ ആ ൧ന. ൧ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമേ!

൨. ഞങ്ങൾക്കു ദോഷപൊറുതി തരുവിപ്പാൻവേണ്ടി ദൈവപിതാവിൻ പക്കൽ ഇടനില അപേക്ഷിക്കുന്ന ഈശോയുടെ ദിവ്യഹൃദയമെ! നിഷ്ഠുരരായ യൂദർ ബറമ്പായെന്ന കൊടിയ കുലപാതകനുവേണ്ടി മാപ്പു അപേക്ഷിക്കയും അങ്ങേ കൊല്ലുന്നതിന്നു വെറിപിടിച്ച ദ്രോഹികളെപ്പോലെ അപേക്ഷിക്കയും ചെയ്യുമ്പോൾ അങ്ങുന്ന് ഞങ്ങളുടെ സ്നേഹത്തെപ്രതി കാണിച്ച ക്ഷമയെക്കുറിച്ചു അങ്ങേ തിരുഹൃദയത്തിനു ഞങ്ങൾ സ്തോത്രംചെയ്യുന്നു. എങ്കിലും അനേകവട്ടം കൊടിയപാതകനായ പിശാചിനെ ഞങ്ങൾ അനുകരിക്കയും അങ്ങേ നിന്ദിച്ചു തള്ളുകയുംചെയ്യതിനാൽ അവയെക്കുറിച്ചു മനസ്താപപ്പെട്ടു പൊറുതി അപേക്ഷിക്കുന്നു. ഞങ്ങളുടെമേൽ അലിവായി ആ പാപങ്ങളെപൊറുക്കുന്നതുമല്ലാതെ ഇനിമേലാൽ അങ്ങേ ഹൃദയത്തിന്നു ചേരാത്ത യാതൊരുപ്രവൃ

ത്തികളിലും ഞങ്ങൾ അകപ്പെടാതെയിരിപ്പാനും ഞങ്ങൾക്കു കൃപചെയ്യേണമേ! ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

൩. ഞങ്ങളുടെമേലുള്ള സ്നേഹത്താൽ വ്യസനപ്പെട്ട ഈശോയുടെ ദിവ്യഹൃദയമെ! പീലാത്തോസിന്റെ കല്പന പ്രകാരം ദുഷ്ടസേവകന്മാർ അങ്ങേ കൽത്തൂണിന്മേൽകെട്ടി അടിച്ചതിനാൽ അങ്ങേ മൃദുവായ മാംസമെല്ലാം തുണ്ടുതുണ്ടായി ചിതറുകയും കറയില്ലാത്ത അങ്ങേ തിരുരക്തമെല്ലാം ഒലിച്ചു ഭൂമിനനയ്ക്കുകയും ചെയ്യുമ്പോൾ അങ്ങേ തിരുഹൃദയം മഹാ ദുഃഖത്തിൽ മുഴുകി എങ്കിലും ഞങ്ങളുടെമേലുള്ള സ്നേഹത്തേപ്രതി അങ്ങേ ഹൃദയം അവയെ സന്തോഷത്തോടെ സഹിച്ചുവല്ലോ. ഓ! എത്രയുംസ്നേഹിക്കപ്പെടുവാൻതക്ക തിരുഹൃദയമെ! നന്ദിഹീനരായ ഞങ്ങൾ ഞങ്ങളുടെ ശരീരത്തിന്നടുത്ത ഇഷ്ടങ്ങൾക്ക് ഇടംകൊടുത്തു അങ്ങേ എത്രയോ

ട്ടം നിന്ദിച്ചു, അങ്ങുന്നു ഞങ്ങളെപ്രതി സഹിച്ച ഈ നിഷ്ഠൂരപാടുകളെ ചിന്തിക്കാതെ എത്രയൊവട്ടം അശുദ്ധമായവകളെ ചിന്തിച്ചു. അയ്യോ പ്രിയരക്ഷിതാവേ! അവയൊക്കയും വെറുത്തുപേക്ഷിക്കുന്നു. ഇനിയൊരിക്കല്പം അശുദ്ധാരൂപികൾക്കു ഇടംകൊടുത്തു അങ്ങേ തിരുഹൃദയത്തെ ദുഃഖിപ്പിക്കയില്ലെന്നു പ്രതിജ്ഞചെയ്യുന്നു. അങ്ങുന്നു ഞങ്ങളുടെ മേലലിവായി അശുദ്ധതയുടെ അരുപിയിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കണമെ! അങ്ങേ പാടുകളെയൊക്കയും ദിനംപ്രതി ചിന്തിക്കുന്നതിന്നു മനോഗുണം ചെയ്യേണമെ.

ഫ ആ. ഫ ന. ഫ ത്രി.

ഈശോമിശിഹായുടെ മധുരമേറുന്നതിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

## അഞ്ചാംദിവസം ചൊല്ലേണ്ടതു്.

ഫ. ഞങ്ങളുടെ അക്രമങ്ങളേക്കുറിച്ചു നുറുങ്ങിത്തകരപ്പെട്ട ഈശോമിശി

ഹായുടെ ദിവ്യഹൃദയമെ! നിഷ്ഠുരരായ സേവകർ അങ്ങേ ശിരസ്സിൽ ക്രൂരമായ മുള്ളുകളാൽ ഉണ്ടാക്കപ്പെട്ട മുൾമുടി വെച്ചുടിക്കയും രാജകോലം കെട്ടിക്കയും യൂദന്മാരുടെ രാജാവേ! വാഴ്ക, എന്നു നിന്ദ്യമായി പറകയും കന്നത്തടിക്കയും ചെയ്യുമ്പോൾ അങ്ങുന്ന് എത്രയൊ മഹാവ്യാകുലം അനുഭവിച്ചു. ഓ! നല്ല ഈശോയെ! അങ്ങുന്നു ഞങ്ങളെപ്രതി സഹിച്ച വ്യാകുലങ്ങളെ ചിന്തിക്കാതെ അഹംകാരം മുതലായ പാപങ്ങളാൽ പലവട്ടം ഞങ്ങളും ആ നീചരെപ്പോലെ അങ്ങേ ഹൃദയത്തെ നിന്ദിച്ചു വ്യസനിപ്പിച്ചു എങ്കിലും, അവയെക്കുറിച്ചു ഞങ്ങൾ മനസ്സുംപട്ടെടുന്നതിനാൽ ഞങ്ങൾക്കു പൂർണ്ണപൊറുതി തന്നരുളേണമെ. ഇനി മേൽ ഞങ്ങൾ അങ്ങേക്കു ചേരാത്ത അഹംകാരം മുതലായ പാപങ്ങളാൽ അങ്ങേ ഹൃദയത്തെ ദു:ഖിപ്പിക്കാതിരിക്കുന്നതിനു വേണ്ട സഹായം ഞങ്ങൾക്കു തന്നരുളേണമെ.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധി

കമധികം സ്നേഹിക്കുന്നതിന്നു ഞങ്ങൾക്കു
നീ കൃപ ചെയ്യേണമെ.

൨. ദു:ഖസന്താപം അനുഭവിക്കു
ന്നവൎക്കു ആശ്വാസമായ ഈശോമിശി
ഹായുടെ ദിവ്യഹൃദയമെ! പീലാത്തോ
സെന്ന അധികാരി മുൾമുടിവച്ചു രാജ
ചകലാസു ധരിച്ചിരിക്കുന്ന കോല
ത്തോടെ യൂദജനത്തിന്നു കാണിച്ച
പ്പോൾ ആ നീചജനം അലിവില്ലാ
തെ അട്ടഹസിച്ചു കുരിശിന്മേൽ തൂക്കു
ക, കുരിശിന്മേൽ തൂക്കുക എന്നു നില
വിളിച്ചപ്പോൾ അങ്ങേ തിരുഹൃദയം എ
ത്രയൊ വ്യാകുലങ്ങളാൽ നിറയപ്പെട്ടു.
ഓ! രാജാധിരാജാവായ ഈശോയെ!
അങ്ങേ പാടുകളെ ചിന്തിക്കാതെ എത്ര
യൊ വട്ടം ഞങ്ങൾ അങ്ങേ ഉപേക്ഷി
ച്ചു, ഞങ്ങളുടെ ആശാപാശങ്ങളെ പി
ഞ്ചെന്നു അങ്ങേ ഹൃദയത്തെ ദു:ഖിപ്പി
ച്ചു എങ്കിലും ഞങ്ങൾക്കുവേണ്ടി അങ്ങു
ന്നു പെട്ട പാടുകളെക്കുറിച്ചു ഞങ്ങൾ
ക്കു പൊരുതിയും ഇനി നന്ദിഹീനരാ
യി യാതൊരു പാപത്തിൽ വീണു അ
ങ്ങേ ഹൃദയത്തെ ദു:ഖിപ്പിക്കാതെയിരി

പ്പാൻ വേണ്ട മനോധൈൎയ്യവും ഞങ്ങ ൾക്കു തന്നരുളേണമെ.

൧ ആ. ൧ ന. ൧ ത്രി

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി നിന്നെ അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

൩. ശക്തിക്ഷയക്കാരുടെ ശക്തിയായ ഈശോയുടെ ദിവ്യ ഹൃദയമെ! അങ്ങേ കുരിശിൽ തൂക്കുന്നതിന്നായി കൊണ്ടുപോകുന്നതിന്നു മുമ്പു ആ നീചയൂദർ ആക്ഷേപിക്കുന്നതിന്നായി അങ്ങേ ധരിപ്പിച്ചിരുന്ന വസ്ത്രം മാററി അങ്ങേ സ്വന്ത വസ്ത്രം ധരിപ്പിക്കയും, എത്രയും ഭാരമുള്ള കുരിശുമരം അങ്ങേ തിരുത്തോളിന്മേൽ വയ്ക്കുകയും ചെയ്യുമ്പോൾ അങ്ങേ തിരുഹൃദയം എത്രയൊ ദുഃഖം അനുഭവിച്ചിരുന്നു. ഓ! ഞങ്ങളുടെ ഈശോയെ! ദൈവപുത്രനായ അങ്ങേ ആ നീചർ ഈ പാടുപീഡകളൊക്കയും പെടുത്തുന്നതിന്നു ഞങ്ങളുടെ ദോഷങ്ങളല്ലയോ കാരണമായതു. ഈ പാടുകൾക്കും വ്യസനത്തിന്നും കാരണമായ ഞങ്ങളുടെ ദോഷങ്ങളെ ഉപേക്ഷിച്ചു

അങ്ങേ ഹൃദയത്തിന്നു ഇഷ്ടമാകുന്ന പു ണ്യപ്രവൃത്തികളാൽ അതിനു പരിഹാ രം ചെയ്വാൻ കൃപ ചെയ്യരുളേണമെ.

൧ ആ. ൧ ന. ൧ ത്രി

ഈശോയുടെ മധുരമേറുന്ന തിരു ഹൃദയമെ! നിന്നെ ദിനംപ്രതി അധി കമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

## ആറാം ദിവസം ചൊല്ലേണ്ടതു്.

൧. പിശാചുക്കളെ ഞെട്ടഞെട്ടങ്ങി ച്ചു ഭ്രമിപ്പിക്കുന്ന ഈശോമിശിഹായു ടെ ദിവ്യ ഹൃദയമെ! യൂദജനം അങ്ങേ ഗാഗുൽത്താ മലയിലേയ്ക്കു ഭാരമുള്ള കു രിശുമരവും ചുമപ്പിച്ചു, ആക്ഷേപിച്ചു അട്ടഹസിച്ചുകൊണ്ടു പോകുന്ന വഴിമ ദ്ധ്യെ പലവട്ടം ആ ഭാരമുള്ള കുരിശോ ടുകൂടെ വീണതിനാൽ അങ്ങേ ഹൃദയ ത്തിൽ മഹാ വ്യസനം അനുഭവിച്ചുവ ല്ലൊ. ഓ! നല്ല ഈശോയെ! അങ്ങു ന്നു ഈ ഭാരമുള്ള തടിയും ചുമന്നുകൊ ണ്ടു വ്യസനകരമായ വേഷത്തോടെ എവിടേയ്ക്കു പോകുന്നു? ഹാ! കത്താ വെ! അങ്ങുന്നു ഞങ്ങളുടെ പാപ

ത്തിന്നു പരിഹാര ബലിയായി പിതാവിന്നു തന്നെത്താൻ പൂജിപ്പാൻ പോകുന്നു. ഓ ഞങ്ങളുടെ നേരെയുള്ള സ്നേഹത്താൽ തന്റെ മഹിമയും പീഡയും ഗൌനിക്കാതെ ഞങ്ങളെപ്രതി ഭാരമായ സ്ലീവാമരം ചുമന്നുകൊണ്ടു പോകുന്ന ദിവ്യ രക്ഷിതാവെ! കെൽവുക്ഷയക്കാരായ ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു നീ പൊറുക്കേണമെ! ഇനിമേൽ അങ്ങേ തിരുഹൃദയത്തിന്മേൽ മഹാപക്ഷമുള്ളവരും അല്പ പാപങ്ങളാൽ കൂടെയും അങ്ങേ തിരുഹൃദയത്തെ വ്യസനിപ്പിക്കാത്തവരുമായി മരണപൎയ്യന്തം ജീവിക്കുന്നതിന്നു മനോഗുണം ചെയ്യേണമെ.

൧ അ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ.

൨. നിന്നെ ശരണപ്പെടുന്നവൎക്കുള്ള രക്ഷയായ ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! വ്യസനകരമായ വേഷത്തോടെ ഇരു പാതകരുടെ നടുവി

ൽ പോകുന്ന മദ്ധ്യ വ്യാകുലങ്ങളാൽ നിറഞ്ഞ അങ്ങേ മാതാവിനെ കാണുകയും ആ കാഴ്ചയാൽ നിങ്ങളിരുവരുടെ കറയില്ലാത്ത ഹൃദയങ്ങളിൽ മഹാ വ്യാകുലം അനുഭവിക്കയും ചെയ്തുവല്ലൊ. ഓ! ഞങ്ങളുടെ പക്ഷങ്ങൾക്കായി എപ്പോഴും അനുസ്ഥമായിരിക്കുന്ന അങ്ങേ തിരുഹൃദയത്തെ ഞങ്ങളാരാധിച്ചു വണങ്ങുന്നു. ഓ! ഞങ്ങളുടെ പാപപ്പരിഹാര നിവൃത്തിക്കായി വേച്ചും വിറച്ചും വീണും ഗാഗുൽത്താ മലയിലേയ്ക്കു വ്യസനത്തോടെ പോയ ഈശോയുടെ തിരുഹൃദയമെ! അങ്ങേ ഹൃദയത്തെ പ്രതി ദിനം അധികമധികം' സ്നേഹിക്കുന്നതിന്നും പാപത്താൽ അങ്ങേ ഹൃദയത്തെ ഇനിയൊരിക്കലും വ്യസനിപ്പിക്കാതെയിരിക്കുന്നതിന്നും കൃപചെയ്യേണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

൨. ഞങ്ങളെ ചുററി ഞെരുക്കുന്ന സങ്കടങ്ങളിൽ തണുപ്പും സഹായവു

മായിരിക്കുന്ന ഈശോമിശിഹായുടെ ദിവ്യ ഹൃദയമെ! അങ്ങുന്നു വ്യസനകരമായ വേഷത്തോടെ ഗാഗുൽത്താ മലയിൽ ചെന്ന ശേഷം ആ നീചന്മാർ തിരുരക്തത്താൽ ഒട്ടിയിരുന്ന അങ്ങേ വസ്ത്രത്തെ തോലുരിയും വണ്ണം ബലമായി ഉരിഞ്ഞെടുത്തതിനാൽ അങ്ങേ ദേഹമാസകലം ഉണ്ടായ വേദനയാൽ മഹാ വ്യാകുലത്തെ അനുഭവിച്ചുവല്ലൊ. ഓ ഞങ്ങളുടെ ദിവ്യ രക്ഷിതാവെ! അശുദ്ധ പാപങ്ങളാൽ ഞങ്ങളുടെ ശരീരത്തെ സന്തോഷിപ്പിക്കുന്നതിനായി ഞങ്ങളുടെ ആത്മാവുകളിൽനിന്നു ദൈവേഷ്ടപ്രസാദമെന്ന അലങ്കാര വസ്ത്രത്തെ ഉരിഞ്ഞു നീക്കി അശുദ്ധതയുടെ അത്രുപിയായ പിശാചിന്റെ ആഭരണങ്ങളാൽ അതിനെ അലങ്കരിച്ചതിനാൽ എത്രയൊ പ്രാവശ്യം അങ്ങേ തിരുഹൃദയത്തെ ഞങ്ങൾ നിന്ദിച്ചപമാനിച്ചു, എങ്കിലും അങ്ങേ പാടുകളെയും പക്ഷത്തെയും ഓൎത്തു ഇനിമേൽ ഒരിക്കലും ഇപ്രകാരമുള്ള നീച പ്രവൃത്തികളാൽ അങ്ങേ ഹൃദയത്തെ നിന്ദിച്ചു അപമാനിക്കയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു.

ൟ ഞങ്ങളുടെ പ്രതിജ്ഞതക്കൊത്തവണ്ണം മരണപൎയ്യന്തം സ്ഥിരമുള്ളവരായി അങ്ങേ ഹൃദയത്തിന്നു ഇഷ്ടമുള്ള പുണ്യപ്രവൃത്തികളിൽ ഞങ്ങളുടെ നേരം ചെലവഴിക്കുന്നതിന്നു കൃപ ചെയ്തരുളേണമെ. ൧ ആ. ൧ ന. ൧ ത്രി.

ൟശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപ ചെയ്യേണമെ.

## ഏഴാം ദിവസം ചൊല്ലേണ്ടതു്.

൧. ഹൃദയങ്ങളെ വെടിപ്പാക്കുന്ന ൟശോമിശിഹായുടെ ദിവ്യ ഹൃദയമെ! നിഷ്ഠുരസേവകർ അങ്ങേ കുരിശിന്മേൽ തൂക്കുന്നതിന്നായി ആ കുരിശോടുകൂടെ ചേൎത്തു അങ്ങേ തൃപ്പാദങ്ങളെ അണിവച്ചു ഭാരമുള്ള ചുററികകൊണ്ടു അടിക്കുമ്പോൾ അങ്ങേ ഹൃദയം മഹാ വ്യാകുലം അനുഭവിച്ചുവല്ലൊ. ഹാ! കൎത്താവെ! അങ്ങേ തിരുഹൃദയത്തെ ഞങ്ങൾ ആരാധിച്ചു വണങ്ങുന്നു. അങ്ങുന്നു ഞങ്ങളുടെ പാപപ്പരിഹാര നിവൃത്തിക്കായി ഇത്ര വ്യസനങ്ങളൊക്കെ സഹി

ക്കേണ്ടിവന്നു എങ്കിലും, അവയൊന്നും ഞങ്ങളോൎക്കാതെ അങ്ങേ ഹൃദയത്തെ വ്യസനിപ്പിക്കുന്ന അനേക പാപങ്ങളെ ഞങ്ങൾ ചെയ്തുപോയി. അതിനാൽ ഞങ്ങൾ അങ്ങേ തിരുസന്നിധിയിൽ സാഷ്ടാംഗം വീണു, അവകൾക്കു പൂൎണ്ണപൊറുതി അപേക്ഷിക്കുന്നു. മേലാൽ മരണപൎയ്യന്തം യാതൊരു പാപങ്ങളാൽ അങ്ങേ ഹൃദയത്തെ ദുഃഖിപ്പിക്കാതെയിരിക്കുന്നതിന്നു വേണ്ട മനോഗുണം ചെയ്യേണമെ.

൧ ത്രി. ൧ ന. ൧ ത്രി.

ഈശോായുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനം പ്രതി അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

൨. ഞങ്ങളുടെ അക്രമങ്ങളെക്കുറിച്ചു നുറുങ്ങിത്തകൎന്ന ഈശോായുടെ ദിവ്യ ഹൃദയമെ! അങ്ങേ തൃക്കൈകളെ നിഷ്ഠുരസേവകർ വലിച്ചു കുരിശോടു ചേൎത്തു ആണികൾ വച്ചു അടിച്ചപ്പോൾ ഉണ്ടായ വേദനകളുടെ ആധിക്യത്താൽ അങ്ങേ ഹൃദയം മഹാ ദുഃഖം അനുഭവിച്ചുവല്ലൊ. ഹാ! ഞങ്ങളു

ടെ ഈശോയെ! അങ്ങുന്നു ഞങ്ങളെ പ്രതി പെട്ട ദുഃഖപീഡകളെ എപ്പോഴും ഞങ്ങൾ ഓൎത്തു അങ്ങേ ക്ഷമയുള്ള ഹൃദയത്തെ ഇടവിടാതെ സ്നേഹിക്കുന്നതിന്നും അങ്ങേ പക്ഷമുള്ള ഹൃദയത്തെ കുറിച്ചു ലോകത്തിന്നടുത്ത സകല വസ്തുക്കളിൽനിന്നു ക്രമമല്ലാത്ത പക്ഷങ്ങളൊക്കയും നീക്കുന്നതിന്നും അങ്ങേ ഉപദ്രവിച്ച പാപങ്ങൾക്കു പ്രായശ്ചിത്തമെടുപ്പാനും പരിഹാരം ചെയ്വാനും തക്ക മനോധൈൎയ്യം ഞങ്ങൾക്കു തന്നരുളേണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

൩. നിന്ദാപമാനങ്ങളാൽ പൂരിക്കപ്പെട്ട ഈശോമിശിഹായുടെ ദിവ്യഹൃദയമെ! ദുഷ്ടസേവകർ അങ്ങേ നിഷ്ഠുരമായി കുരിശിൽ തറച്ചു, ആ കുരിശോടുകൂടെ ഇരു പാതകരുടെ നടുവിൽ ഒരു മഹാ പാതകനെപ്പോലെ നാട്ടി നിൎത്തിയപ്പോൾ ഉണ്ടായ വേദനകളാൽ മഹാദുഃഖം അനുഭവിച്ച ഈ

(൧൭൪)

ശോയുടെ തിരുഹൃദയമെ! കുരിശിന്മേൽ തൂങ്ങി യാതൊരു ആശ്വാസവും കൂടാതെ വ്യസനിച്ച അങ്ങേ ഹൃദയത്തെ ഞങ്ങൾ ആരാധിച്ചു വണങ്ങുന്നു. അല്ലരായ ഞങ്ങളുടെ പാപങ്ങൾക്ക പൂൎണ്ണ പൊറുതി തന്നു, അങ്ങേ ഹൃദയത്തെ ഞങ്ങൾ സദാ ഓൎത്തു സകല പാപങ്ങളിൽ നിന്നും ഒഴിഞ്ഞു അങ്ങേ ഹൃദയത്തിനു ഏററം ഇഷ്ടമാകുന്ന പുണ്യപ്രവൃത്തികളിൽ മരണപൎയ്യന്തം ജീവിച്ചു മരണത്തിന്റെ ശേഷം അങ്ങേ തിരുഹൃദയത്തിന്റെ വിശേഷ ഭക്തരോടുകൂടെ അങ്ങേ നിത്യമായി സ്തുതിപ്പാൻ കൃപ ചെയ്യരുളേണമെ.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം സ്നേഹിപ്പാൻ ഞങ്ങൾക്ക നീ കൃപ ചെയ്യേണമെ.

എട്ടാം ദിവസം ചൊല്ലേണ്ടതു്.

൧. സ്ലീവാമേൽ മരണംവരെയും കീഴ്വഴങ്ങിയ ഈശോമിശിഹായുടെ ദിവ്യഹൃദയമെ! കുരിശിന്മേൽ യാതൊരു

ആശ്വാസവുമില്ലാതെ തൂങ്ങിക്കിടക്കയിൽ അന്യരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ വശമാകുന്നില്ല. ഇസ്രായേൽ രാജാവെങ്കിൽ ഇപ്പോൾ കുരിശിൽ നിന്നിറങ്ങുക എന്നു ആ നീചജനം പറഞ്ഞാക്ഷേപിച്ചപ്പോൾ മഹാദുഃഖസാഗരത്തിൽ മുഴകിയിരുന്ന ഈശോയെ! അങ്ങേ തിരുഹൃദയത്തെ ഞങ്ങൾ ആരാധിക്കുന്നു. ഹാ നല്ല ഈശോയെ! അങ്ങേ അറിയാതെയും അങ്ങേ പാടുകളുടെ ഫലത്തെ അനുഭവിക്കാതെയും പിശാചിൻെറ വലകളിൽ അകപ്പെട്ടു, അവനെ വന്ദിച്ചാരാധിക്കുന്ന അജ്ഞാനികൾ അവരുടെ അബദ്ധവഴിയെ അറിഞ്ഞു, അതിനെ ഉപേക്ഷിച്ചു സത്യതിരുസ്സഭയിൽ ചേൎന്നു അങ്ങേ തിരുഹൃദയത്തെ നിത്യമായി സ്തുതിപ്പാൻ കൃപചെയ്യേണമെ. അവരുടെ അറിവില്ലായ്മയെ നീ ക്ഷമിച്ച് അവരുടെ ഹൃദയത്തിൽ നിന്നു അന്ധകാരത്തെ നീക്കി സത്യവെട്ടത്തെ പ്രകാശിപ്പിക്കേണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധി

കം സ്നേഹിപ്പാൻ ഞങ്ങൾക്ക നീ കൃപ ചെയ്യേണമെ.

൨. ഉത്തമ മനസ്താപത്തിന്റെ ഉറവയായ ഈശോമിശിഹായുടെ തിരുഹൃദയമെ! നീ കഠിന പീഡയോട്ട കൂടെ കുരിശിന്മേൽ തൂങ്ങികിടക്കയിൽ സകലത്തുംനിറവേറി എന്നറിഞ്ഞു ദാഹിക്കുന്നു എന്നു അരുളിച്ചെയ്യപ്പോൾ ദയയുടെ നിഴൽപോലുമില്ലാത്തതിൽ ഒരുവൻ പുളിച്ചമദ്യം അങ്ങേക്ക കുടിക്കുന്നതിന്നു തന്ന നേരത്തു മഹാ വ്യാകുലം അനുഭവിച്ചിരുന്ന ഞങ്ങളുടെ ഈശോയുടെ മധുരമുള്ള തിരുഹൃദയമെ! പാപികളായ ഞങ്ങൾ അങ്ങേ തിരുഹൃദയത്തെ വണങ്ങി ആരാധിക്കുന്നു. അങ്ങുന്നു ദയയോടെ ഞങ്ങളെ കൈക്കൊണ്ടു ഞങ്ങളെ അങ്ങേ ഇഷ്ടം പോലെ നടത്തികൊള്ളേണമെ. അങ്ങേ തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ടവരും അങ്ങേ അറിഞ്ഞു വണങ്ങാത്തവരുമായ മഹമ്മദീയർ അവരുടെ തെററായ വഴിയെ അറിഞ്ഞു അവരുടെ അബദ്ധങ്ങളെ ഉപേക്ഷിച്ചു, സത്യ തിരുസ്സഭയിൽ ചേൎന്നു അങ്ങേ തി

രുഹൃദയത്തെ സ്തുതിച്ചാരാധിക്കുന്നതി ന്നു അവരുടെ ഹൃദയങ്ങളിൽ അ ങ്ങേ ദിവ്യവെട്ടത്തെ പ്രകാശിപ്പിക്കേ ണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃ ദയമെ! ദിനംപ്രതി അധിമധികം നി ന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃ പ ചെയ്യേണമെ.

ന. നിന്നെ ശരണപ്പെട്ടുന്നവരുടെ രക്ഷയായ ഈശോമിശിഹായുടെ ദി വ്യഹൃദയമെ! അങ്ങുന്നു മഹാ വ്യാകുലം നിറഞ്ഞ സ്ഥിതിയിൽ കുരിശിന്മേൽ തൂ ങ്ങികിടന്ന നേരത്തു അങ്ങേ വലത്തുവ ശത്തു തൂങ്ങികിടന്നിരുന്ന കള്ളന്നു പൊ റുതികൊടുത്തുകൊണ്ടു "ഇന്നു നമ്മോടു കൂടെ പറുദീസായിൽ ആകും" എന്നരു ളിച്ചെയ്തു എത്രയും ദയയുള്ള ഈശോ യുടെ ദിവ്യഹൃദയമെ! മനസ്താപപ്പെട്ട ആ കള്ളന്നു പൊറുതികൊടുത്തതു പോ ലെ അങ്ങേ സന്നിധിയിൽ സാഷ്ടാംഗം വീണു മനസ്താപപ്പെട്ടുന്ന ഞങ്ങൾക്കും പൊറുതി തന്നരുളേണമെ. അങ്ങേ വിശേഷ ജനമായി തിരിഞ്ഞെടുക്കപ്പെ ട്ടവരും അങ്ങേ അറിയാതെ തങ്ങളുടെ

മൂർഖ സ്ഥിതിയിൽതന്നെ നിലനിന്നുവരുന്നവരുമായ യൂദന്മാർ അവരുടെ അബദ്ധവഴിയെ വിട്ടു അങ്ങേ അറിഞ്ഞു വിശ്വസിച്ചു സത്യതിരുസ്സഭയിൽ ചേൎന്ന്, അങ്ങേ തിരുഹൃദയത്തെ ആരാധിച്ചു വണങ്ങി സ്തുതിക്കുന്നതിന്നു അവരുടെ കഠിനഹൃദയങ്ങളിൽ അങ്ങേ സത്യവെട്ടത്തെ പ്രകാശിപ്പിക്കേണമെ.

൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

ഒമ്പതാം ദിവസം ചൊല്ലേണ്ടതു്.

൧. മഹാവ്യാകുല പീഡയോടുകൂടെ കുരിശിന്മേൽ തൂങ്ങികിടക്കയിൽ അനീച ജനത്തിന്റെ ദൈവദൂഷണങ്ങളും നിന്ദവാക്കുകളും കേട്ടു, ഏറ്റമേറ്റം വ്യാകുലപ്പെട്ടു കിടക്കുമ്പോൾ അങ്ങേ മാതാവിനെ പ്രിയശിഷ്യന്നു മാതാവായി ഏൽപിച്ചുകൊടുത്ത സമയം മഹാപീഡ അനുഭവിച്ചിരുന്ന ഈശോയുടെ തിരുഹൃദയമെ! പാപികളായ ഞങ്ങൾ

അങ്ങേ തിരുഹൃദയത്തെ വണങ്ങി ആരാധിച്ചു സ്തോത്രം ചെയ്യുന്നു. അങ്ങേയും അങ്ങെ മാതാവിനേയും ഇത്ര മഹാവ്യാകുലങ്ങൾ അനുഭവിപ്പിക്കുന്നതിന്നു കാരണമായ ഞങ്ങളുടെ പാപങ്ങളെക്കുറിച്ചു മനസ്താപപ്പെടുന്ന ഞങ്ങളുടെ മേലലിവായി ഞങ്ങൾക്കു പാപപ്പൊറുതിയും ഇനിയൊരുനാളും അങ്ങേ ഉപദ്രവിക്കാതിരിക്കുന്നതിന്നു മനോധൈൎയ്യവും അങ്ങേ തിരുഹൃദയത്തിന്റെ നേരെ മഹാപക്ഷവും ഞങ്ങൾക്കു തന്നരുളേണമെ. തന്നിഷ്ട ജീവിതത്തിന്നായി അബദ്ധപഠനങ്ങളെ ഉണ്ടാക്കി നിന്റെ തിരുസ്സഭയിൽനിന്നു വേർതിരിഞ്ഞു നടക്കുന്ന പതിതർ തങ്ങളുടെ തെറ്റായ പഠനങ്ങളെ ത്യജിച്ചു സത്യതിരുസ്സഭയുടെ നേരായ പഠനത്തെ വിശ്വസിച്ചു അങ്ങേ തിരുഹൃദയത്തെ വണങ്ങിസ്തുതിക്കുന്നതിനിടവരുത്തിയരുളേണമെ.

൧ത്ത. ൧ന. ൧ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കുനീ കൃപചെയ്യേണമെ.

൨. മൂന്നുമണിനേരത്തോളം മഹാ ദുഃഖപീഡകളെയും നിന്ദാപമാനങ്ങളെയും ക്ഷമയോടെ സഹിച്ചശേഷം "പിതാവേ! അങ്ങേ തൃക്കയ്യിൽ എൻെറ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു" എന്നരുളിച്ചെയ്തുകൊണ്ടു ഞങ്ങളുടെ പാപപ്പരിഹാര ബലിയായി മരിച്ച ഈശോയുടെ പക്ഷമുള്ള തിരുഹൃദയമെ! അങ്ങേ ഞങ്ങളാരാധിച്ചുവണങ്ങുന്നു. അങ്ങുന്നു ഞങ്ങളുടെ പാപങ്ങൾ മൂലം ഞങ്ങളെ ദ്വേഷിക്കാതെ ഞങ്ങളുടെ മേൽ അലിവായി ദയയോടെ ഞങ്ങളെ കൈക്കൊണ്ടു അങ്ങേ ഹൃദയത്തിന്നിഷ്ടമാകുംവണ്ണം ഞങ്ങളെ നടത്തിക്കൊള്ളണമെ. അങ്ങേ തിരുസ്സഭയിൽനിന്നു തന്നിഷ്ടത്തിന്നൊത്തപോലെ വേർതിരിഞ്ഞുനിൽക്കുന്ന ശീശ്മക്കാർ അവരുടെ തെററായവഴിയെ ഉപേക്ഷിച്ചു വീണ്ടും തിരുസ്സഭയുടെ മടിയിലേക്കു പിന്തിരിഞ്ഞു അങ്ങേ തിരുഹൃദയത്തെ വന്ദിച്ചാരാധിച്ചു സ്തുതിക്കുന്നതിന്നു മനോഗുണം ചെയ്യേണമെ. ൧ ആ. ൧ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം

നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കനീ കൃപചെയ്യേണമെ.

൩. മഹാവ്യസനത്തോടെ മാനുഷരുടെ പാപപരിഹാരബലിയായി അങ്ങുന്നു മരിച്ചതിന്റെ ശേഷം നീചസേവകർ അങ്ങേ ശരീരത്തെ ഉപദ്രവിക്കുന്നതിന്നായിവന്നു, അവരിൽ ലോംകീൻ എന്നൊരുത്തൻ അങ്ങേ തിരുഹൃദയത്തെ കുത്തിത്തുറന്നതിനാൽ അങ്ങേ ഹൃദയത്തിൽ ശേഷിച്ചിരുന്ന രക്തവും വെള്ളവുംകൂടെ പുറപ്പെടുന്നതിന്നു തിരുമനസ്സായ ഈശോയുടെ സ്നേഹം നിറഞ്ഞ തിരുഹൃദയമെ! അങ്ങേ ഞങ്ങൾ ആരാധിച്ചു വണങ്ങി, ഞങ്ങളുടെ പാപങ്ങളാൽ അങ്ങേ തിരുഹൃദയത്തെ ദുഃഖിപ്പിച്ചതിനാൽ മനസ്താപപ്പെടുന്നു. ഇനിമേൽ അങ്ങേ ഹൃദയത്തിന്നു ചേരാത്ത സകലത്തേയും ഉപേക്ഷിച്ചു അങ്ങേക്കു ഇഷ്ടമാകുംവണ്ണം നടക്കുന്നതിന്നും പാപങ്ങളിൽ അകപ്പെടുന്നതിന്നുള്ള അവകാശങ്ങളെ, അങ്ങേ സ്നേഹഹൃദയത്തെ ഓൎത്തു, വെറുത്തുപേക്ഷിക്കുന്നതിന്നും കൃപചെയ്തു, ലോകം, പിശാചു, ശരീരമെന്ന ശത്രുക്കളുടെ കണികെ

ളിൽ അകപ്പെട്ടു അങ്ങേക്കു ചേരാത്ത പ്രവൃത്തികളിൽ ഉൾപ്പെട്ടു നടക്കുന്ന പാപികൾ അവരുടെ തെററായ വഴിയെ ഉപേക്ഷിച്ചു സുകൃതവഴിയിൽ നടന്നു അങ്ങേ തിരുഹൃദയത്തെ ആരാധിച്ചു സ്തുതിക്കുന്നതിന്നു ഇടവരുത്തേണമെ. ൭ ആ. ൭ ന. ൧ ത്രി.

ഈശോയുടെ മധുരമേറുന്ന തിരുഹൃദയമെ! ദിനംപ്രതി അധികമധികം നിന്നെ സ്നേഹിപ്പാൻ ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

## ന. ക. തിരുഹൃദയ തിരുനാൾ ദിവസം സഭക്കാർ തങ്ങളെ പൊതുവിൽ കാഴ്ച വെക്കേണ്ടും ജപം.

ഈശോമിശിഹായുടെ ദിവ്യഹൃദയമേ! സകല നന്മകളേയും തന്നരുളുന്ന വററാത്ത ഉറവയെ! നിർഭാഗ്യപാപികൾക്കു ഉറപ്പുള്ള സങ്കേതമെ! സങ്കടപ്പെടുന്നവരുടെ ആശ്വാസമെ! ദൈവസ്നേ

ഹാഗ്നിയുടെ ജ്വാലയെ! എല്ലാ മാനുഷ
മക്കളേയും അത്യന്ത പക്ഷത്തോടെ സ്നേ
ഹിക്കുന്ന ദിവ്യഹൃദയമെ! ഏററവും
നീചപാപികളായിരിക്കുന്ന അടിയങ്ങ
ളെ അളവില്ലാത്ത സ്നേഹത്തോടുകൂടെ
നീ സ്നേഹിച്ചുകൊണ്ടു വരുന്നുവല്ലൊ.
മധുരമുള്ള ഈശോതമ്പുരാനെ! ഞങ്ങ
ളെ വീണ്ടുരക്ഷിപ്പാൻവേണ്ടി മാനുഷാ
വതാരം ചെയ്തു ഈലോകത്തിൽ എഴു
ന്നള്ളിവരുവാൻ തിരുമനസ്സായി, നര
കത്തിൻ നിത്യമരണത്തിൽ നിന്നു ഞ
ങ്ങളെ രക്ഷിപ്പാൻവേണ്ടി കുരിശിന്മേ
ൽ നല്ലമനസ്സോടുകൂടെ കഠിനമരണ
മനുഭവിക്കുന്നതിന്നും നീ തിരുമനസ്സായ
ല്ലൊ. ഞങ്ങളുടെ അക്രമങ്ങളാൽ ജ്വ
ലിച്ചു വൎദ്ധിച്ച ദൈവകോപം അമൎത്തു
വാനായിട്ടു അങ്ങേ തിരുഹൃദയം കുന്ത
ത്താൽ കുത്തിത്തുറക്കപ്പെടുവാനും വി
ലമതിയാത്ത തിരുരക്തം ചിന്തി ഒഴി
ക്കുന്നതിന്നും അങ്ങുന്നു തിരുമനസ്സായി.
ഇതും നിന്റെ സ്നേഹത്തിന്നു മതിയാ
കാതെ സകല അത്ഭുതങ്ങളിലും വലി
യ അത്ഭുതമായ ദിവ്യകാരുണ്യമെന്ന
ശുദ്ധ: കുർബാനയെ ഉണ്ടാക്കുവാൻ തി

രുമനസ്സായി, ലോകാവസാനംവരെ ഞ ങ്ങൾക്കുവേണ്ടി പൂജയിൽ ബലിയായി ട്ടു കാഴ്ചകൊടുപ്പാനും ഞങ്ങളുടെ ആ ത്മാവുകൾക്കു ജ്ഞാന ഭോജനമായിരി പ്പാനും ഞങ്ങളോടുകൂടെ എപ്പോഴും വാസംചെയ്വാനും നീ തിരുമനസ്സായി രിക്കുന്നുവല്ലൊ. ഈ മനോവാക്കിലട ങ്ങാത്ത അങ്ങേ പക്ഷത്തിന്നു കുരുടരാ യ മാനുഷർ പ്രതിപക്ഷം കാണിക്കാ തെയും, അത്ര വലിയ ഉന്നതമായ നന്മ സഹായങ്ങളെ അറിയാതെയും ഇരിക്കു ന്നതുമല്ലാതെ അങ്ങേ തിരുഹൃദയത്തെ എല്ലാവക ദ്രോഹങ്ങളാൽ നൊമ്പര പ്പെടുത്തുകയും ചെയ്യുന്നു. ഞങ്ങൾക്കു കർത്താവും ഏകാധിപതിയുമായിരിക്കു ന്ന ഈശോമിശിഹായുടെ എത്രയും പ്ര താപമുള്ള ദിവ്യഹൃദയമെ! അങ്ങുന്നു മനുഷമക്കളിന്മേൽ വച്ച അന്തമില്ലാ ത്ത പക്ഷത്തെ അറിവാനും അവരുടെ നന്ദിയില്ലായ്മക്കും ദ്രോഹങ്ങൾക്കും പ രിഹാരം ചെയ്വാനും ഞങ്ങളെ അ ങ്ങേക്കു കാണിക്കയായിട്ടു ഇപ്പോഴും എ ന്നന്നേക്കും അണെയ്ക്കുന്നു. ഞങ്ങളുടെ ജീവിതകാലമെല്ലാവറെറയും ശേഷക്കാ

രും, മാതാപിതാക്കന്മാരും, കൂടപ്പിറപ്പു കൾ, മക്കൾ, സ്നേഹിതർ, ഉപകാരികളെയും വസ്തുവൃല്പത്തികളെയും അങ്ങേ ഹൃദയത്തിന്നു നല്ല മനസ്സോടു കൂടെ മുഴുവനും കാഴ്ച വെക്കുന്നു. ഇതെല്ലാം അല്പമായിരിക്കയാലും അങ്ങേ അന്തമില്ലാത്ത മഹിമ പ്രതാപത്തിന്നു അയോഗ്യമായിരിക്കയാലും മോക്ഷാനന്ദ വീട്ടിൽ മാലാഖമാരും ശേഷം മോക്ഷവാസികളും അങ്ങേക്കിടവിടാതെ ചെയ്തുകൊണ്ടുവരുന്ന സ്തുതി പുകഴ്ചകളെയും നമസ്കാരാരാധനകളെയും അങ്ങേക്കു കാഴ്ചയണെക്കുന്നു. സർവ്വലോകങ്ങൾക്കു രാജ്ഞിയും നാഥയുമായ ജന്മപാപമില്ലാതെ ഉത്ഭവിച്ച ദേവമാതാവിന്റെ തിരുഹൃദയത്തിൻ പുണ്യഫലങ്ങളെയും സ്തോത്രങ്ങളെയും അങ്ങേക്കു കാഴ്ചയണക്കുന്നു. ഈശോമിശിഹായുടെ ഏറ്റവും മധുരമുള്ള തിരുഹൃദയമെ! നിന്നെ എപ്പോഴും സ്നേഹിച്ചു വണങ്ങുവാനും സ്തുതിച്ചാരാധിപ്പാനും കൃപചെയ്തരുളേണമെ. ഞങ്ങളെ അന്തമില്ലാത്ത പക്ഷത്താൽ സ്നേഹിക്കുന്ന ദിവ്യഹൃദയമെ! എല്ലാം ഭാഗങ്ങളിലും

ഞങ്ങളെ ചുററി സങ്കടപ്പെടുത്തുന്ന തി
ന്മകളെ തൃക്കണ്ണൊക്കേണമെ. ഈ ഇ
ന്ത്യാദേശത്തിലൊക്കയില്യം പരന്നിരി
ക്കുന്ന തിന്മകളെ ദയയോടുകൂടെ തൃക്ക
ണ്ണൊക്കേണമെ. ഇതുമെന്നിയ്യ ഈ രാ
ജ്യങ്ങളൊക്കെയിലും പിശാചുക്കൾ വ
ദ്ധിച്ചു മുഖ്യമായിട്ടു കൊണ്ടാടപ്പെടുന്ന
തിനെയും പതിതരുടെ ദുമ്മതങ്ങൾ പ
രന്നു സകല ദൈവദൂഷണങ്ങളെ ചൊ
ല്ലി വരുന്നതിനെയും ശീസ്മക്കാർ അ
ങ്ങേ ജ്ഞാന ആട്ടിൻകൂട്ടമായ തിരുസ്സഭ
യെ കലക്കി നശിപ്പിപ്പാൻ പ്രയാസ
പ്പെടുന്നതിനെയും തൃക്കണ്ണൊത്തു ഈ
നാശങ്ങളൊക്കെയും അങ്ങുന്നു നീക്കിയ
രുളേണമെ. ഏത്രയും സ്നേഹത്തിന്നു
വിഷയമായ ഈശാമിശിഹായുടെ തി
രുഹൃദയമെ! അജ്ഞാനികളുടെ ദ്രോ
ഹങ്ങളും പതിതരുടെ ദൂഷണങ്ങളും
ശീസ്മക്കാരുടെ വിരോധങ്ങളും പാപി
കളുടെ പാപങ്ങളും ദയയാൽ പൊറു
ത്തു ഈ ദേശത്തിന്മേൽ അലിവായിരി
പ്പാൻ അഭയശബ്ദത്തോടുകൂടെ നിന്നോ
ടു ഞങ്ങൾ പ്രാത്ഥിക്കുന്നു. ഈ അപേക്ഷ
യെ ദ്വേഷിക്കാതെ ഈ ദേശങ്ങളി

ലൊകമ്മയും അങ്ങേ ദിവ്യപിതാവിൻെറ മഹിമ വിളങ്ങുവാനും അങ്ങേ രാജ്യം പരക്കുന്നതിന്നും അങ്ങേക്ക ശുദ്ധമുള്ള മണവാട്ടിയായി തെരിഞ്ഞെടുക്കപ്പെട്ട തിരുസ്സഭ, പതിതർ, ശീസ്മക്കാർ മുതലായ ശത്രുക്കളെയെല്ലാം ജയിച്ച വിഘ്നംകൂടാതെ മേല്ക്കുമേലും വദ്ധിച്ച വിളങ്ങുവാനും വേണ്ടി അങ്ങേ സൎവ്വ വല്ലഭത്താൽ ഞങ്ങളുടെ പ്രാൎത്ഥനയെകേട്ടു ദയയോടുകൂടെ അനുഗ്രഹിക്കുമെന്നു ശരണമായിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവിൻെറ ദിവ്യ ഹൃദയമെ! ഞങ്ങളുടെ ആത്മശരീരങ്ങളെയും മനോവാക്ക ക്രിയകളേയും ശക്തി ഇന്ദ്രിയങ്ങളെയും കയ്യേറുകൊള്ളേണമെ. ഞങ്ങളുടെ പാപങ്ങൾ പൊറുത്തുകൊള്ളേണമെ. ശത്രുക്കളെ അകററിയരുളേണമെ. ഞെരുക്കത്തിൽ സഹായമായിരിക്കേണമെ. ആവശ്യങ്ങളിൽ തുണയായിരിക്കേണമെ. ഞങ്ങളെല്ലാവരും അങ്ങേ സ്വന്ത വസ്തുവും അങ്ങേക്കുള്ളതുമായിരിക്കയാൽ ഞങ്ങളെ കൈവിടാതിരിക്കേണമെ. ഈ ലോകത്തിൽ അങ്ങേ സ്തുതിച്ച സ്നേഹിച്ച

കൊണ്ടുവന്നശേഷം മോക്ഷത്തിൽ അ ങ്ങേ അനവരതം കാലവും വാഴ്ത്തി സ്നേഹിച്ചു കൊണ്ടുവരുവാൻ ഉടയവ നെ! നീ കൃപചെയ്യരുളേണമെ.

ആമ്മെൻ.

---

## എം. ഭാ. ക. മറിയത്തിന്റെ തിരുഹൃദയതിരുനാളിന്നു ആസ്ഥപ്പാടായു ള്ള നവനാൾ ജപങ്ങൾ.

---

### ൧-ം ൨-ം ൩-ം ദിവസങ്ങളിൽ ചൊല്ലേണ്ടതു്.

൧. എല്ലാഴും അമലോത്ഭവ കന്യാ സ്ത്രീയും പാപികളുടെ സങ്കേതവുമായ മറിയമെ! ഈശോമിശിഹായുടെ തി രുഹൃദയം കഴിഞ്ഞാൽ സർവ്വവല്ലഭനാ യ ദൈവത്തിന്റെ തൃക്കൈ സൃഷ്ടിച്ച എത്രയും നിർമ്മലപ്പെട്ടതും എത്രയും മ ഹിമയുള്ളതുമായ തിരുഹൃദയമെ! ഞങ്ങ ളുടെ കഠിന ഹൃദയങ്ങളെ ഇളക്കി അവ റ്റകളെ ദിവ്യരക്ഷിതാവിന്റെ തിരു

ഹൃദയത്തോടുകൂടെമുഴുവനും യോജിപ്പിച്ചരുളേണമെ. ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്റെ പുണ്യങ്ങളിന്മേൽ മധുരംവരുത്തി നിന്നിൽ ഇടവിടാതെ ജ്വലിക്കുന്ന ദൈവസ്നേഹാഗ്നി പററിയെരിവാൻ തക്കവെണ്ണം കൃപചെയ്യരുളേണമെ. ൩ നന്മ. ൧ ത്രി.

൨. ദൈവമാതാവും ഞങ്ങളുടെ അമ്മയുമായിരിക്കുന്ന കന്യാസ്ത്രീമറിയത്തിന്റെ തിരുഹൃദയമെ! ആരാധനയ്ക്കു വിഷയമായ ശുദ്ധ ത്രീത്വത്തിന്നു ഏററവും പ്രിയമായിരിക്കുന്നതും ഞങ്ങളുടെവണക്കത്തിന്നു യോഗ്യമുള്ളതുമായ തിരുഹൃദയമെ! തിരുസ്സഭയെ കാത്തു പരിപാലിച്ചു നടത്തിക്കൊള്ളണമെ! അതിനോടെതിരുക്കുന്ന ശത്രുക്കളുടെ വിരോധങ്ങളെ നീക്കി അതിന്നു സങ്കേതവും സഹായവും ആയിരിക്കേണമെ. ഈശോമിശിഹായുടെ പക്കൽ ഞങ്ങളെ ചേപ്പിക്കുന്ന വഴിയും ഞങ്ങളുടെ രക്ഷയ്ക്കു അവശ്യമായിരിക്കുന്ന വരപ്രസാദ ദിവ്യജലം ഞങ്ങളിലേക്കു പാഞ്ഞൊഴുകിവരുവാൻ തക്ക തിരു ഉറവയും ഞങ്ങൾക്കു നീ ആയിരിക്കേണമെ. ൩ നന്മ. ൧ ത്രി.

൩. മാലാഖമാരാലും മാനുഷരാലും വണങ്ങപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിന്നു പാത്രമായിരിക്കുന്ന മറിയത്തിന്റെ തിരുഹൃദയമെ! ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായവും തന്നുപരീക്ഷകളിൽ തുണയും ശത്രുക്കളുടെ കലഹങ്ങളിൽ രക്ഷയും നീ ആയിരിക്കുന്നതുമെന്ന്യെ നരകം മുഴുവനും ഞങ്ങളോടെതിർപ്പാൻ തക്കവണ്ണം അവരുടെ കെട്ടുകളെ അഴിച്ചുവിട്ടാൽ എന്നതുപോലെ ഞങ്ങളുടെ ആത്മാവുകളെ പറിപ്പാൻ തേടുന്ന ജീവിതത്തിന്റെ അവസാന യുദ്ധമായ മരണസമയത്തിൽ ഞങ്ങളെ സഹായിക്കുന്നതിന്നും ദയയായിരിക്കേണമെ. ൩ നന്മ. ൧ ത്രി.

൨-ം ൬-ം ൮-ാം ദിവസങ്ങളിൽ
ചൊല്ലേണ്ടത്.

൪. സകല ഹൃദയങ്ങളിലും ഉന്നതമായതും ഈശോമിശിഹായുടെ ദിവ്യഹൃദയത്തിന്നു ഏറ്റം ഒത്തതും ഉത്തമ ഛായയുമായിരിക്കുന്നമറിയത്തിന്റെ തിരുഹൃദയമെ! അടിയങ്ങൾ മോക്ഷവാസികൾ വാഴുന്ന നിത്യാനന്ദ വീട്ടിൽ ഈശോമിശിഹായെ അനവരതകാലവും ദർശി

ഷ്പാൻവേണ്ടി ദയയുടെ ആ ഉറവയിൽ ഞങ്ങൾക്ക നിശ്ചയമുള്ള സങ്കേതം ലഭിച്ച രക്ഷിതാവിൻ പക്കൽ നിനക്കുള്ള വല്ലഭത്തെ ഞങ്ങൾക്ക കാണിച്ചുതന്നരുളേണമെ. ഈശോമിശിഹായുടെ ദിവ്യഹൃദയവും കന്യാസ്ത്രീ മറിയത്തിൻെറ കറക്കുടാത്ത തിരുഹൃദയവും എപ്പോഴും ഭൂലോകമൊക്കയിലും അറിഞ്ഞു പുകഴ്ത്തി സ്നേഹിച്ചു സേവിച്ചു വണങ്ങപ്പെടട്ടെ. , ൩ നന്മ. ൧ ത്രി.

൨. ജന്മപാപത്തിൻെറയും കർമ്മപാപത്തിൻെറയും നിഴൽപോലും തീണ്ടാത്തവളായിരിക്കുന്ന ശുദ്ധ കന്യാസ്ത്രീ മറിയത്തിൻെറ തിരുഹൃദയമെ! സകലനന്മ സ്വരൂപിയായിരിക്കുന്ന സർവ്വേശ്വരൻ നിൻെറ തിരുക്കുമാരനായിരിക്കുന്നതിനെ നീ കണ്ടു അയാളെ എത്രയൊ ഭക്തിയോടും പ്രിയത്തോടും കൂടെ നിൻെറ ഹൃദയത്തിൽ നീ അണച്ചു. എന്നാലയാൾ നിൻെറ തിരുഹൃദയം എല്ലാവക സുകൃത പുണ്യങ്ങളാലും അലങ്കരിച്ചിരിക്കുന്നതിനാൽ അതിൽ എത്രയൊ പ്രിയത്തോടുകൂടെ വാസം ചെയ്തുകൊണ്ടിരുന്നു. നിൻെറ തി

രുക്കമാരൻ്റെമേൽ നിനക്കുള്ള അത്യ
ന്ത പക്ഷത്തേക്കുറിച്ച ഞങ്ങൾ ശുദ്ധ കു
ർബ്ബാനയെ തക്ക ആസ്സപ്പാടോടുകൂടെ ക
യ്യേൾപ്പവാൻ ഞങ്ങൾക്കുവേണ്ടി അപേ
ക്ഷിച്ചു ഞങ്ങളുടെ ഹൃദയങ്ങളെ ശു
ദ്ധിയാക്കേണമെ. ൩ നന്മ. ൧ ത്രി.

൩. ത്രിലോക രാജ്ഞിയായ മറിയ
ത്തിൻ്റെ തിരുഹൃദയമെ! നിൻ്റെ പ
രിശുദ്ധ ഹൃദയം അനാഥ കുട്ടികളെ
പ്പോലെ നിർഭാഗ്യ സ്ഥലത്തിൽ ഞെരു
ങ്ങപ്പെട്ടുന്ന ഞങ്ങൾക്കു തുണയും സഹാ
യവും ആശ്രയവും ആയിരിക്കട്ടെ. ഞ
ങ്ങൾ പാപമെന്ന ജലത്തിൽ മുങ്ങി
ത്താണുപോകാതെ ഇരിപ്പാൻ തക്കവ
ണ്ണം കാത്തുരക്ഷിക്കുന്ന തോണിപോലെ
ഇരിക്കുന്നനിൻ്റെ തിരുഹൃദയത്തിൻ്റെ
ആശ്രയത്തിൽ ഓടിവന്നു നിൻ്റെ സ
ഹായത്തെ ഞങ്ങൾ കൈക്കൊണ്ടു മോ
ക്ഷത്തിൽ ചേരുന്ന സമയത്തിൽ പൈ
ശാചുകൾക്കു ഭയപ്പെടാതിരിപ്പാൻ കൃപ
ചെയ്യേണമെ. ൩ നന്മ. ൧ ത്രി.

+++++++++++++

## ൨-ം ൩-ം ൪-ം ദിവസങ്ങളിൽ ചൊല്ലേണ്ടത്.

൧. കറയില്ലാത്തതും ദയയുള്ളതുമായ മറിയത്തിൻെറ തിരുഹൃദയമെ! ഏറവും സ്നേഹിക്കപ്പെടുവാൻ തക്ക ഹൃദയമെ! നീച പാപികളായ അടിയങ്ങൾ നിനക്ക ചെയ്യുന്ന ആരാധനകളിന്മേൽ അനുഗ്രഹിച്ചു ഞങ്ങളുടെ പ്രാൎത്ഥനകളെ കേട്ടു ഞങ്ങളുടെയും സകല മനുഷ്യരുടെയും ഹൃദയങ്ങളെ തിരിപ്പിച്ചു നിന്നിൽ ഇടവിടാതെ കത്തി ജ്വലിക്കുന്ന ദൈവസ്നേഹാഗ്നി ഞങ്ങളിൽ കത്തുവാൻ തക്കവണ്ണം കൃപചെയ്യേണമെ. ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങൾക്ക നീ സഹായമായിരിക്കേണമെ. ഞങ്ങളുടെ ദു:ഖങ്ങളിൽ ആശ്വാസമായിരിക്കേണമെ. ൩ നന്മ. ൧ത്രി.

൨. എപ്പോഴും കന്യാസ്ത്രീയും അമലോത്ഭവയും ആയ മറിയത്തിൻെറ തിരുഹൃദയമെ! ഞങ്ങളുടെ ആവശ്യങ്ങളിൽ സങ്കേതവും സഹായവും ആശ്വാസവും ദിവ്യ ഗുരുവിൻെറ പാഠങ്ങളെ ഞ

ങ്ങൾ പഠിക്കുന്ന പള്ളിക്കൂടവും നീയാകേണമെ. നിന്റെ പക്കൽ ഞങ്ങൾ നിന്നുകൊണ്ടു ദിവ്യഗുരുവായ കർത്താവിന്റെ പാഠങ്ങളെ പ്രത്യേകമായി കന്യാവ്രതം, എളിമ, സാധുശീലം, ക്ഷമ, ലോകവെറുപ്പു മുതലായ പുണ്യങ്ങളെയും വിശേഷമായി ഈശോമിശിഹായുടെ തിരുഹൃദയത്തിന്മേലുള്ള സ്നേഹത്തേയും ശീലിച്ചു പഠിപ്പാൻ കൃപചെയ്യേണമെ. ന. നന്മ. ൧ ത്രി.

ന. എത്രയും അനുഗ്രഹം നിറഞ്ഞ മറിയത്തിന്റെ തിരുഹൃദയമെ! സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സിംഹാസനമെ! ഞങ്ങളുടെ ഹൃദയം ക്രമമല്ലാത്ത പക്ഷങ്ങളാൽ കലങ്ങപ്പെട്ടു വിരൂപമായിരുന്നാലും അവയെ നിനക്കു ഞങ്ങൾ കാഴ്ചവെക്കുന്നിതിന്നു തക്കതല്ലെന്നു ഞങ്ങൾ അറിയുന്നു എങ്കിലും അവയെ നീ ദൂഷിക്കരുതെ. അതിനെ ശുദ്ധിവരുത്തി പുണ്യപ്പെടുത്തേണമെ. നിന്റെമേലും ഈശോമിശിഹായുടെ മേലും ഉള്ള സ്നേഹംകൊണ്ടു അതിനെ പൂരിപ്പിക്കേണമെ.

ന. നന്മ. ൧ ത്രി.

## ശു. അപ്രേം മല്പാന്റെ തിരുനാളിന്നു അസ്ഥപ്പാടായിട്ടുള്ള നവനാൾ ജപങ്ങൾ.

൧. മുള്ളുമരത്തിൽ അഗ്നി ജ്വലിച്ചിട്ടും കത്താതെയും കേടുഭവിക്കാതെയും ഇരുന്നതിൻവണ്ണം അജ്ഞാനികളുടെ ഇടയിലും അജ്ഞാന പൂജാരിയിൽനിന്നും പിറന്നു വളൎന്നു എങ്കിലും, അവരുടെ അശുദ്ധതകളാൽ കറപ്പെടാതെ ദൈവനന്മകളാൽ വളൎത്തപ്പെട്ടുന്ന സിവിൻ നഗരിയിൽ ഒരു സൂൎയ്യന്നു തുല്യം ശോഭിച്ചു വിളങ്ങിയ അപ്രേം പുണ്യവാനേ! അങ്ങേ ശിഷ്യരും ദാസരുമായിരിക്കുന്ന ഞങ്ങൾ ക്രിസ്ത്യാനി മാതാപിതാക്കളിൽ നിന്നു പിറന്നു ആദ്യമെ ഉത്ഭവദോഷത്തിന്റെ കറ നീങ്ങിയെങ്കിലും, പലപ്രകാരത്തിലുള്ള പാപാശുദ്ധങ്ങളിൽ മുഴുകിയിരിക്കുന്നു. എങ്കിലും ഞങ്ങൾക്കു ഗുരുവായിരിക്കുന്ന അങ്ങുന്നു ഞങ്ങൾക്കുവേണ്ടി അങ്ങേ ദിവ്യഗുരുവായിരിക്കുന്ന ഈശോ

മിശിഹായോട അപേക്ഷിച്ചു, ഞങ്ങളുടെ പാപങ്ങളിന്മേൽ മനസ്സുപപ്പെട്ട നിൻെറ പിന്നടിയിൽ നടപ്പാനും അതിനാൽ നീതിമാന്മാക്കുട്ടത്ത ഭാഗ്യമനുഭവിപ്പാനും ഇടവരുത്തേണമെന്നു നിന്നോട ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ത്ത. ൧ന. ൧ത്രി.

൨. സകല പുണ്യങ്ങളെയും പ്രത്യേകം ഈശോമിശിഹായുടെ എളിമയേയും കണ്ടുപഠിച്ചുകൊണ്ടു മഹാ നിന്ദാപമാനങ്ങളെ സഹിച്ച അത്രേം പുണ്യവാനേ! അങ്ങേ മക്കളും ശിഷ്യരുമായ ഞങ്ങൾ സ്വഗ്ഗത്തിന്നുടത്ത അങ്ങേ പഠനത്തിന്നൊത്തവണ്ണം സകല പുണ്യത്തിന്നും അടിസ്ഥാനമായിരിക്കുന്ന എളിമയും അതുവഴിയായി കന്യാവ്രതവും ഞങ്ങളുടെ അന്തസ്സിന്നുടത്ത പഠനവും അങ്ങേ ദിവ്യഗുരുവായ ഈശോമിശിഹായോടും ദൈവമാതാവിനോടും ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ലഭിച്ചുതരേണമെ.

൧ത്ത, ൧ന. ൧ത്രി.

൩. എല്ലാ പതിത്രേയും പ്രത്യേകം അറിയൂസിൻെറ അബദ്ധ പഠനത്തെയും ഖണ്ഡിപ്പാൻ തക്ക കോടാലി

ആയികൊണ്ടു അങ്ങേ ജനനിയുടെ ഉദരത്തിൽ നിന്നു തന്നെ എറമിയായെപ്പോലെയും ശമുവേലിനെപ്പോലെയും ഇനിക്കു തിരിഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു എന്നു പറയപ്പെട്ടവാൻ പാത്രവാനായ പൌലോസു ശ്ലീഹായെപ്പോലെയും ദൈവത്താൽ തിരിഞ്ഞെടുക്കപ്പെട്ടവനായ അപ്രെം പുണ്യവാനേ! നിന്റെ ആകാശത്തിന്നടുത്ത പഠനംപോലെ ഞങ്ങളും കത്തോലിക്കാ സത്യവേദ പഠനത്തിന്നൊത്തവണ്ണം നടപ്പാനും, ഇടത്തൂട്ടു, ശീസ്സ മുതലായതിനെ നിന്ദിപ്പാനും ദിവ്യഗുരുവായ ഈശോമിശിഹായോടു ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു വേണ്ട ദൈവസഹായം തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

൧ആ. ൧ന. ൧ത്രി.

## ഏ. ഭാ. ക. വ്യാകുലമാതാവിന്റെ തിരുനാളിന്ന ആസ്ഥപ്പാടായുള്ള നവനാൾ ജപങ്ങൾ.

### ഒന്നാംദിവസം ചൊല്ലേണ്ടത്.

മ. ശുദ്ധ. വ്യാകുലദേവമാതാവേ! നിന്റെ ഹൃദയത്തിൽ വ്യാകുലവാൾ ഉൾപ്രവേശിക്കുമെന്നു ശിമെയാൻ എന്ന വൃദ്ധപട്ടക്കാരൻ ചൊല്ലിയ ദീൎഘദൎശനത്തെകേട്ടു നീ മഹാ വ്യാകുലം അനുഭവിച്ചുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു പാപികളായഞങ്ങളുടെ ആത്മാവിനെ അപകടത്തിലാക്കി നരകപാതാളത്തിലേക്കു തള്ളുന്ന ഈ ലോകത്തിന്നടുത്ത പ്രപഞ്ചവസ്തുക്കളിന്മേൽ ക്രമമല്ലാത്ത പക്ഷം വെക്കാതെ ഇരിക്കുന്നതിന്നു ഈ ജീവിതത്തെ പ്രമാണിക്കാതെ പരലോകജീവിതത്തെ പ്രാപിപ്പാൻ തക്കവണ്ണം നിന്റെ വ്യാകുലം ഓൎത്തു ദോഷമൊന്നും കൂടാതെ ജീവിക്കുന്നതിന്നും നിന്റെ തിരുക്കുമാരനോടു ഞങ്ങൾക്കു

വേണ്ടി അപേക്ഷിച്ച മനോഗുണം തരുവിക്കേണമെ. ൧ ആ. ൧ നെ. ൧ ത്രി.

പരിശുദ്ധ വ്യാകുലമാതാവേ! നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

## രണ്ടാംദിവസം ചൊല്ലേണ്ടതു്.

ശുദ്ധ വ്യാകുലദേവമാതാവേ! ഹേറോദേസുരാജാവിനെ ഭയന്നു നിന്റെ തിരുക്കുമാരനെ എടുത്തുകൊണ്ടു മെസ്രേൻദേശത്തിന്നു ഓടിപ്പോകുമ്പോൾ നീ മഹാവ്യാകുലം അനുഭവിച്ചുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു ഞങ്ങളെ പരീക്ഷിപ്പാൻവരുന്ന നരകസർപ്പത്തിന്റെയും ലോകത്തിന്റെയും മാംസത്തിന്റെയും നയോപായതന്ത്രങ്ങളിൽ അകപ്പെടാതെ അതിൽനിന്നു ഒഴിഞ്ഞു പരലോകവഴി തെററാതെ നടപ്പാൻ ദയചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ൧ ആ. ൧ നെ. ൧ ത്രി.

പരിശുദ്ധ വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ

ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

മൂന്നാം ദിവസം ചൊല്ലേണ്ടതു്.

ശുദ്ധ. വ്യാകുലമാതാവെ! നിൻെറ തിരുക്കുമാരനെ പന്ത്രണ്ടു വയസ്സിൽ മൂന്നു ദിവസം കാണാതെപോയതിനാൽ നീ മഹാവ്യാകുലം അനുഭവിച്ചുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു പാപികളായ ഞങ്ങൾ ദോഷത്താൽ നിൻെറ ദിവ്യകുമാരനെ വിട്ടുപിരിഞ്ഞുപോകാതിരിപ്പാനും അബദ്ധത്താൽ വല്ല ദോഷത്തിലകപ്പെട്ടു അയാളെ ഉപേക്ഷിച്ചെങ്കിൽ ഉടനെ മനസ്താപത്താൽ കണ്ടെത്തുന്നതിന്നും ദയചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ത്ര. ൧നെ. ൧ത്രി.

പരിശുദ്ധ വ്യാകുല മാതാവേ! നിൻെറ തിരുക്കുമാരൻെറ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

നാലാംദിവസം ചൊല്ലേണ്ടതു്.

ശുദ്ധ. വ്യാകുലമാതാവെ! നിൻെറ തിരുക്കുമാരൻ പാടുപെടുന്നതിന്നു തലേ

രാത്രിയിൽ അയാൾ നിന്നോട യാത്ര ചൊല്ലി പിരിയുമ്പോൾ നീ മഹാദുഃഖം അനുഭവിച്ചുവല്ലൊ. ആ ദുഃഖത്തെക്കുറിച്ചു അടിയങ്ങൾ ഞങ്ങളുടെ മരണസമയത്തിൽ ഇഹലോകത്തേയും കൂടപ്പിറപ്പുകൾ, സ്നേഹിതർ മുതലായിട്ടുള്ളവരേയും വിട്ടുപിരിയുമ്പോൾ കർത്താവിൻെറ തിരുമനസ്സോടുകൂടെ ഞങ്ങളുടെ മനസ്സിനേയും ഒന്നിപ്പിപ്പാനുള്ളതിന്നു കൃപചെയ്യേണമെ. ഞ. നെ. ത്രി.

പരിശുദ്ധ വ്യാകുലമാതാവെ! നിൻെറ തിരുക്കുമാരൻെറ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

അഞ്ചാംദിവസം ചൊല്ലേണ്ടതു്.

ശുദ്ധ. വ്യാകുലമാതാവെ! നിൻെറ തിരുക്കുമാരനായ ഈശോമിശിഹായുടെ തിരുശ്ശരീരത്തിൽ പെട്ട എണ്ണമില്ലാത്ത അടികളേയും അടികളാലുണ്ടായ ഭയങ്കരമായ മുറിവുകളേയും നീ കണ്ടപ്പോൾ പറഞ്ഞൊപ്പിക്കരുതാത്ത ദുഃഖവും വ്യസനവും അനുഭവിച്ചു എങ്കിലും ക്ഷമയോടുകൂടെ അതിനെ തൂക്കുന്നാത്തു കൊണ്ടി

രുന്നുവല്ലോ. പാപികളായ ഞങ്ങളുടെ ശരീരത്തിനുണ്ടാകുന്ന സങ്കടങ്ങളെയും വ്യാധികളെയും ഞങ്ങൾ കാണുമ്പോൾ ദു:ഖമനുഭവിച്ചാലും അവയൊക്കെ ഞങ്ങളുടെ പാപങ്ങളെക്കുറിച്ചു ക്ഷമയോടും എളിമയോടുംകൂടെ സഹിപ്പാനുള്ളതിന്ന കൃപചെയ്യേണ്മെന്നു നിന്നോട് ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ഒത്ത. ഒന. ത്രി.

പരിശുദ്ധ വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

## ആറാംദിവസം ചൊല്ലേണ്ടത്.

ശുദ്ധ. വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരൻ ഭാരമുള്ള കുരിശുമരവും ചുമന്നുകൊണ്ടു ഗാഗുൽത്താമലയ്ക്കു പോകുന്ന വഴിമദ്ധ്യെ പുത്രനെകണ്ടു യാത്ര ചൊല്ലി പിരിയുമ്പോൾ മഹാ ദു:ഖവും വ്യസനവും നീ അനുഭവിച്ചു, എങ്കിലും ആ സങ്കടങ്ങളൊക്കയും എത്രയും ക്ഷമയോടെ നീ സഹിച്ചുവല്ലൊ. ആ ദു:ഖത്തെക്കുറിച്ചു പാപികളായ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളാലുണ്ടാകുന്ന സങ്കടങ്ങ

ൾ, അപമാനങ്ങൾ, വ്യാധി, വേദന മു
തലായവകളെ ഞങ്ങൾ ചെയ്യപാപങ്ങ
ളെ കുറിച്ചു പരിഹാരമായി ക്ഷമയോ
ടെമരണത്തോളം ക്ഷമിപ്പാനുള്ളതിന്നു
കൃപചെയ്യണമെ. ൧ത്ത. ൧ന. ൧ത്രി.

പരിശുദ്ധ വ്യാകുലമാതാവെ! നി
ന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ
ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറ
പ്പിക്കേണമെ.

ഏഴാംദിവസം ചൊല്ലേണ്ടതു്.

ശുദ്ധ. വ്യാകുലമാതാവെ! നിന്റെ
തിരുക്കുമാരനായ ഞങ്ങളുടെ കർത്താവീ
ശോമിശിഹാ കുരിശിന്മേൽ തറയ്ക്കപ്പെ
ട്ടു കഠിനമരണത്തെ പ്രാപിക്കുന്ന സമയ
ത്തിൽ അങ്ങേ കുരിശിൻപക്കൽ തൃക്ക
ൺപാർത്തുകൊണ്ടിരിക്കുമ്പോൾ അടിയ
ങ്ങൾക്കു മാതാവായിട്ടു അവൻ നിന്നെ
നിശ്ചയിച്ചു തന്നിരിക്കുന്നുവല്ലൊ. ആ
കയാൽ നീ എല്ലായിടത്തിലും എല്ലാസ
മയത്തും ഞങ്ങളെ പാപത്തിലകപ്പെടു
ത്തുന്നതിന്നു ശത്രുവായ പിശാചു കഠിന
മായി പരീക്ഷിക്കുമ്പൊഴും വിശേഷമാ

യി ഞങ്ങളുടെ മരണസമയത്തിലും മാ
താവായിരിക്കുന്നു എന്നു കാട്ടണമെ.

ത്രെ. നെ. ത്രി.

പരിശുദ്ധ വ്യാകുലമാതാവെ! നി
ന്റെ തിരുക്കുമാരന്റെ തിരുമുറിവുക
ളെ ഞങ്ങളുടെ ഹൃദയത്തിൽ പതപ്പി
ച്ചുറപ്പിക്കെണമെ.

എട്ടാംദിവസം ചൊല്ലേണ്ടത്.

പരിശുദ്ധ വ്യാകുല മാതാവെ! നി
ന്റെ തിരുക്കുമാരനായ ഞങ്ങളുടെ ര
ക്ഷിതാവീശോമിശിഹാ പ്രലപിക്കത്തക്ക
മരണം പ്രാപിച്ചതിന്റെ ശേഷം അയാ
ളുടെ തിരുവിലാവിൽ ഒരു നിഷ്ഠൂരസേ
വകൻ കുന്തത്താൽ കുത്തി ചങ്കരണ്ടായി
പിളക്കപ്പെട്ടതുകൊണ്ടു നിന്റെ ഹൃദയ
വും വ്യാകുലവാളാൽ പിളക്കപ്പെട്ടുവ
ല്ലൊ. നിന്റെ ഈ വ്യാകുലത്തെക്കുറി
ച്ചു അടിയങ്ങൾ നിന്റെ ദിവ്യകുമാര
നു വിരോധമായി ചെയ്തുപോയ പാപ
ങ്ങളിന്മേലുണ്ടാകുന്ന മനസ്താപത്തിന്റെ
ശക്തിയാൽ ഞങ്ങളുടെ ചങ്കും രണ്ടായിട്ടു
പിളക്കപ്പെടുവാൻ കൃപ ചെയ്യണമെ.

ത്രെ. നെ. ത്രി.

(ഫ്രവ്വൻ)

പരിശുദ്ധ വ്യാകുല മാതാവെ! നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

ഒമ്പതാംദിവസം ചൊല്ലേണ്ടതു്.

ശുദ്ധ. വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരനായ ഈശോമിശിഹായുടെ പാടുകളാൽ ഏകകായമായിരുന്ന തിരുശ്ശരീരം കുരിശിൽ നിന്നിറക്കി നിന്റെ മടിയിൽ വച്ചാറെ അങ്ങേ ദേഹത്തിലുണ്ടായിരുന്ന തിരുമുറിവുകളെ കണ്ണുനീരോടുകൂടെ മുത്തിയപ്പോൾ അയാൾ അനുഭവിച്ച പങ്കപ്പാടുകളാൽ പറഞ്ഞൊപ്പിക്കരുതാത്ത ദുഃഖവും വ്യസനവും നീ അനുഭവിച്ചുവല്ലൊ. ഈ ദു:ഖത്തെക്കുറിച്ചു പാപികളായ അടിയങ്ങൾ ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിന്നായി പാടുപെട്ട കർത്താവിന്റെ രൂപത്തിന്മേലുള്ള തിരുമുറിവുകളെ കൂടക്കൂടെ കണ്ണുനീരോടുകൂടെ മുത്തുവാനും അയാൾ പെട്ട പാടുകളിന്മേൽ ധ്യാനിച്ചു ഞങ്ങളുടെ ഹൃദയത്തിൽ മനസ്താപവും

ഭക്തിയും ഉണ്ടാകുവാനും കൃപചെയ്യണമെ. ൩ ആ. ൩ നെ. ൩ ത്രി.

പരിശുദ്ധ വ്യാകുല മാതാവെ! നിന്റെ തിരുകുമാരന്റെ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമെ.

---

## പരിശുദ്ധ യൗസേപ്പിന്റെ മദ്ധ്യസ്ഥത്താൽ രോഗികൾക്കു സൌഖ്യമുണ്ടാകുവാൻ വേണ്ടി ഈ മഹാ പുണ്യവാനെ നോക്കി പ്രാർത്ഥിക്കേണ്ടുന്നതു്.

൧. എപ്പോഴും കന്യാസ്ത്രീയായ മഹിമയേറുന്ന മറിയത്തിന്റെ സ്നേഹഭർത്താവായ മാർ യൌസേപ്പു പുണ്യപിതാവെ! നീ ഇഹലോകത്തിൽ ജീവിച്ചിരുന്ന നാളൊക്കയിലും നിനക്കുണ്ടായ കഠിന വ്യാകുലങ്ങളെക്കുറിച്ചു വേദനയുള്ള രോഗത്താൽ സങ്കടപ്പെടുന്ന ഈയാളെക്കുറിച്ചു കണ്ണുനീരോടെ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. മഹിമയുള്ള

പുണ്യവാനേ! നിന്റെ മരണവേദനയിൽ എത്രയും പരിശുദ്ധ മറിയം നിനക്കു ചെയ്ത ശുശ്രൂഷയുടെ ഓൎമ്മക്കായി ഈ ആളെ സ്വസ്ഥതപ്പെടുത്തേണമെ.

നീ ദേവമാതാവിന്റെ സിംഹാസനത്തിൻ മുമ്പാകെ വെച്ചു "എന്റെ സ്നേഹ മണവാട്ടിയെ! നിനക്കെന്റെമേലുള്ള സ്നേഹത്തെക്കുറിച്ചു ഈ രോഗമുള്ള ആളെ അനുഗ്രഹിക്ക" എന്നു പ്രാൎത്ഥിപ്പാറാകണമെന്നു മാർ യൌസേപ്പു പിതാവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ ആ. ൧ ന. ൧ ത്രി.

൨. ഈശോകൎത്താവിനെ വളൎത്തിയ പിതാവായ മാർ യൌസേപ്പെ! നീ ഭൂലോകത്തിൽ ജീവിച്ചിരുന്ന നാളുകളിൽ അനുഭവിച്ച ഏഴു സന്തോഷങ്ങളെക്കുറിച്ചു കഠിനരോഗത്താൽ പീഡിക്കപ്പെട്ടിരിക്കുന്ന ഈ ആളിന്റെ മേൽ നിനക്കു അനുഗ്രഹമുണ്ടാകേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. മഹിമയുള്ള പുണ്യവാനേ! നീ മരണാവസ്ഥയിൽവെച്ചു ഈശോകൎത്താവിൽ നിന്നനുഭവിച്ച ദിവ്യാശ്വാസത്തിന്റെ ഓൎമ്മക്കാ

യിട്ടു ഈ ആളിനെ സ്വസ്ഥതപ്പെടുത്തേണമെ.

ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെവെച്ചു എന്റെ പ്രിയമകനെ! നിന്റെമേൽ ഇനിക്കുള്ള സ്നേഹത്തെക്കുറിച്ചു ഈ രോഗിയായ ആളെ അനുഗ്രഹിക്കായെന്നു പ്രാൎത്ഥിപ്പാറാകണമെന്നു മാർ യൌസേപിതാവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ത. ൧ന. ത്രി.

൩. ഏകസ്വരൂപമായിരിക്കുന്ന എത്രയും പരിശുദ്ധ ത്രിത്വത്തിന്നു ഭൂലോകത്തിൽ സ്ഥാനപതിയായ എത്രയും ദയയുള്ള മാർ യൌസേപ്പു പിതാവെ! നീ മോക്ഷരാജ്യത്തിൽ പ്രാപിച്ചിരിക്കുന്ന വരപ്രസാദങ്ങളെക്കുറിച്ചു ഞങ്ങൾ നിന്റെ തൃപ്പാദത്തുങ്കൽ വീണു കഠിന വ്യാധിയിൽ മുഴകി വലയുന്ന ഈ ആളിന്റെമേൽ നിനക്കു കൃപയുണ്ടാകേണമെന്നു ഭക്തിയോടും, എളിമയോടും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. മഹിമയേറുന്ന പുണ്യവാനേ! നീ ഭാഗ്യമായ മരണം പ്രാപിച്ചതിന്റെശേഷം എത്രയും പരിശുദ്ധ ത്രിത്വത്തിൽനിന്നു അനുഭവിച്ചവാ

ക്കിലടങ്ങാത്ത മഹത്വത്തേക്കുറിച്ചു രോഗമുള്ള ഈ ആളെ സ്വസ്ഥതപ്പെടുത്തേണമെ.

നീ എത്രയും പരിശുദ്ധ ത്രിത്വത്തിന്റെ കൃപയുള്ള സിംഹാസനത്തിൽ മുമ്പാകെവെച്ച ത്രിയേക സര്വ്വേശ്വരാ! ഞാൻ ഭൂലോകത്തിൽ നിനക്കചെയ്തശുശ്രൂഷയേക്കുറിച്ചും നീ മോക്ഷരാജ്യത്തിൽ ഉത്തമ മഹത്വത്താൽ എന്നെ ബഹുമാനിപ്പാൻ തിരുമനസ്സായതിനെക്കുറിച്ചും ഈ രോഗമുള്ള ആളെ അനുഗ്രഹിക്കായെന്നു പ്രാൎത്ഥിപ്പാറാകണമെന്നു മാർ യൌസേപ്പു പിതാവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ത്ര. ൧ന. ത്രി.

പ്രാൎത്ഥിക്ക.

എത്രയും പരിശുദ്ധനും മഹത്വമുള്ളവനുമായ മാർ യൌസേപ്പെ! ഞങ്ങളുടെ അപേക്ഷകളാല്യം പ്രാൎത്ഥനകളാല്യം ഒന്നുംതന്നെ പ്രാപിപ്പാൻ ഞങ്ങൾ വശമാകുന്നില്ല. ഞങ്ങളുടെ ബലക്ഷയത്തെ ഞങ്ങളേററു പറയുന്നു. ആകയാൽ ഞങ്ങൾ നിന്റെ എത്രയും വല്ലഭമുള്ള മദ്ധ്യസ്ഥം അപേക്ഷിക്കുന്നു. ഞങ്ങളുടെ കര

ച്ചിലുകളും നെടുവീൎപ്പുകളും നീ ചെവി കൊള്ളേണമെ. എത്രയും ഉദാരശീലനായ മാർ യൌസേപ്പെ! ഞങ്ങൾ ആരെക്കുറിച്ചു നിന്റെ തിരുമുമ്പാകെ പ്രാൎത്ഥിക്കുന്നുവോ, ആയാളിന്റെ ശരീരത്തിനു പൂൎണ്ണസൌഖ്യം കൊടുക്കേണമെ. അപ്പൊഴോ പരിശുദ്ധ മറിയത്തിന്റെ മുമ്പാകെയും ത്രിയേക സൎവ്വേശ്വരന്റെ തിരുസിംഹാസനത്തിൻ മുമ്പാകെയും നിന്റെ വല്ലഭമൊക്കയും പ്രയോഗിച്ചു കൊള്ളേണമെ. നിന്റെ മദ്ധ്യസ്ഥതാൽ ഈ ആളിന്നു മുമ്പിലുള്ള ശരീരസൌഖ്യം കൊടുത്തു ഞങ്ങളെല്ലാവരും ഒന്നിച്ചു പുകഴ്ചയുള്ള സങ്കീൎത്തനങ്ങൾ പാടി കൊണ്ടു നിനക്കു സ്തോത്രം ചെയ്യുമാറാകേണമെ.

മു. { ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സ. { പരിശുദ്ധ മാർ യൌസേപ്പെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

## പ്രാൎത്ഥിക്ക.

കൎത്താവെ! ഞങ്ങളുടെ യോഗ്യതകളാൽ അനുഭവിപ്പാൻ വശമാകുന്നില്ലായെന്നതൊക്കയും നിന്റെ എത്രയും പരിശുദ്ധ ജനനിയുടെ ഭൎത്താവായ മാർ യൌസേപ്പിന്റെ യോഗ്യതകളാൽ അനുഭവിപ്പിച്ചു കൊള്ളേണമെന്നു നിന്നോടു ഞങ്ങളപേക്ഷിക്കുന്നു. ആമ്മേൻ.

---

## വസന്ത നാളുകളിൽ ചൊല്ലുവാൻ തക്ക അപേക്ഷകൾ.

### ഒന്നാം ദിവസം ചൊല്ലേണ്ടതു്.

൧. അനാദി പിതാവായിരിക്കുന്ന സൎവ്വേശ്വരാ! നിന്റെ തിരുക്കുമാരൻ പൂങ്കാവനത്തിൽ വച്ചു അനുഭവിച്ച മഹാദുഃഖങ്ങളെ തൃക്കൺപാൎത്തു, ഞങ്ങളുടെ പാപങ്ങളൊക്കെയും പൊറുത്തു ഞങ്ങളുടെ ആത്മശരീരത്തിൽനിന്നു നിന്റെ കോപത്തെ നീക്കിയരുളുക.

(എല്ലാവരുംകൂടെ) നീക്കിയരുളുക, കൎത്താവെ! നീ നീക്കിയരുളുക.

ദരിദ്രൎക്കു ഉദാരമുള്ള പിതാവായിരിക്കുന്ന ശുദ്ധ സെബസ്ത്യാനോസേ! ഞങ്ങളുടെമേൽ വന്നിരിക്കുന്ന ദൈവകോപത്തെ നീക്കി ഞങ്ങളിൽ നിന്നു ഈ ശിക്ഷയെ അകററുന്നതിനു നീ ദൈവത്തോടു ഞങ്ങൾക്കവേണ്ടി പ്രാൎത്ഥിക്കേണമെ.

൧൦ ൹
പര. ന. ത്രി.

൨. അനാദിപിതാവായിരിക്കുന്ന സൎവ്വേശ്വരാ! നിന്റെ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ടു കയ്യേററ അയ്യായിരത്തിൽ ചില്ലുവാനം അടികളെ തൃക്കൺപാൎത്തു, ഞങ്ങളുടെ പാപങ്ങളൊക്കയും പൊറുത്തു ഞങ്ങളുടെ ആത്മശരീരങ്ങളിൽനിന്നു നിന്റെ കോപത്തെ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കൎത്താവേ! നീ നീക്കിയരുളുക.

ഞെരുക്കങ്ങളാൽ ഇളകപ്പെട്ട വേദസാക്ഷികളെ ബുദ്ധി ചൊല്ലികൊടുത്തു ഉറപ്പിച്ച പരഗതിയിൽ ചേൎത്തവനായ ശുദ്ധ സെബസ്ത്യാനോസേ! ഞങ്ങളിൽനി

നും ഈ ശിക്ഷയെ നീക്കുന്നതിന്നു നീ ദൈവത്തോടു പ്രാൎത്ഥിപ്പാറാകണമെ

൭ജ. ൭ന. ൭ത്രി.

൩. അനാദിപിതാവായിരിക്കുന്ന സൎവ്വേശ്വരാ! നിൻെറ തിരുക്കുമാരൻ എഴുപത്തുരണ്ടു മുള്ളുകളാൽ ഉണ്ടാക്കപ്പെട്ട നിഷ്ഠുരമുൾമുടിയാൽ തൻെറ തിരുത്തലയിൽ അനുഭവിച്ച സങ്കടങ്ങളെ തൃക്കണ്ണാൎത്തു ഞങ്ങളുടെ പാപങ്ങളൊക്കയും പൊറുത്തു ഞങ്ങളുടെ ആത്മ ശരീരങ്ങളിൽനിന്നു നിൻെറ കോപത്തെ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കൎത്താവേ! നീ നീക്കിയരുളുക.

ആശ്ചൎയ്യത്തിന്നടുത്ത ജ്ഞാനത്തോടും ധൈൎയ്യത്തോടുംകൂടെ വേദസത്യങ്ങളെ പ്രസംഗിച്ചവനായ ശുദ്ധ സെബസ്ത്യാനോസേ! ഞങ്ങളുടെ പാപങ്ങളാൽ നേരിട്ടിരിക്കുന്ന ഈ ശിക്ഷയെ നീക്കിത്തരുന്നതിന്നു നീ ദൈവത്തോടു ഞങ്ങളെപ്രതി പ്രാൎത്ഥിക്കേണമെ.

൭ത്ര. ൭ന. ൭ത്രി

## രണ്ടാംദിവസം ചൊല്ലേണ്ടതു്.

൧. അനാദി പിതാവായിരിക്കുന്ന സർവ്വേശ്വരാ! നിന്റെ തിരുക്കുമാരൻ ഞങ്ങളുടെ പാപങ്ങളെക്കുറിച്ചു ഭാരമുള്ള കുരിശുമരം ചുമന്നുകൊണ്ടു പോയപ്പോൾ അനുഭവിച്ച വ്യസനം, അടി, കുത്തു മുതലായ സങ്കടങ്ങളെ തൃക്കൺപാൎത്തു, ഞങ്ങളുടെ പാപങ്ങളൊക്കയും പൊറുത്തു ഞങ്ങളുടെ ആത്മശരീരങ്ങളിൽ നിന്നു നിന്റെ ദൈവകോപത്തെ നീക്കിയരുളേണമെ.

(എല്ലാവരും) നീക്കിയരുളുക, കൎത്താവെ! നീ നീക്കിയരുളുക.

അനേക അത്ഭുതങ്ങളാൽ ഈശോമിശിഹായുടെ വേദവിശ്വാസത്തെ പ്രകാശിപ്പിച്ചവനായ ശുദ്ധ സെബസ്ത്യാനോസേ! ഞങ്ങളുടെ ദിക്കിൽനിന്നു ഈ വസന്തയെ നീക്കുന്നതിന്നു നീ ദൈവത്തോടു പ്രാൎത്ഥിക്കേണമെ.

൧ത്ത. ൧ന. ൧ത്രി.

൨. അനാദിപിതാവായിരിരിക്കുന്ന സർവ്വേശ്വരാ! നിന്റെ തിരുക്കുമാരൻ കുരിശിൽ തറയ്ക്കപ്പെട്ടു മൂന്നുമണി

നേരം അനുഭവിച്ച ദു:ഖസങ്കടങ്ങളെ തൃക്കൺപാൎത്തു ഞങ്ങളുടെ പാപങ്ങളൊക്കെയും പൊറുത്തു ഞങ്ങളുടെ ആത്മശരീരങ്ങളിൽനിന്നു നിന്റെ കോപത്തെ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കൎത്താവേ! നീ നീക്കിയരുളുക.

വചനത്താലും പ്രവൃത്തിയാലും മഹാ വല്ലഭനായിരുന്ന ശുദ്ധ സെബസ്ത്യാനോസേ! ഞങ്ങൾക്കുവേണ്ടി നീ ദൈവത്തോടു പ്രാൎത്ഥിച്ച ഈ ശിക്ഷയെ നീക്കിച്ചു തരേണമെ.

൧ആം. ൧ന. ൧ത്രി.

ന.അനാദിപിതാവായിരിക്കുന്ന സൎവ്വേശപരാ! നിന്റെ തിരുകുമാരൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കയിൽ താൻ അനുഭവിച്ച നിഷ്ഠുരവേദനകളെ നിരുപിക്കാതെ തന്നെ പാടുപെടുത്തുന്നവരുടെ പാപങ്ങളെ നീ പൊറുപ്പാനായി നിന്നോടു ഞാൻ പ്രാൎത്ഥിച്ച, എന്ന അപേക്ഷകളെക്കുറിച്ചും ഞങ്ങളുടെ പാപങ്ങളൊക്കെയും പൊറുത്തു, ഞങ്ങളുടെ ആത്മ ശരീരങ്ങളിൽ നിന്നു നിന്റെ കോപത്തെ നീ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കൎത്താവേ! നീ നീക്കിയരുളുക.

സത്യത്തെപ്രതി മഹാ ഉപദ്രവപ്പെട്ടവക്കു ധൈൎയ്യം കൊടുത്തവനായ ശുദ്ധ സെബസ്ത്യാനോസേ! ഈ ശിക്ഷയെ ഞങ്ങളിൽനിന്നു അകററുന്നതിന്നു ഞങ്ങൾക്കുവേണ്ടി ദൈവത്തോടു നീ പ്രാൎത്ഥിക്കേണമെ ൧ ആ. ൧ന. ൧ ത്രി.

## മൂന്നാം ദിവസം ചൊല്ലേണ്ടതു്.

൧. അനാദിപിതാവായിരിക്കുന്ന സൎവ്വേശ്വരാ! നിന്റെ തിരുകുമാരൻ കുരിശിൽ തറെക്കപ്പെട്ടിരിക്കയിൽ തന്റെ ശിഷ്യനായ യോഹന്നാനെ തന്റെ മാതാവിന്നു മകനായിട്ടു കല്പിച്ചതിനാൽ തന്റെ വിശ്വാസികളേയും ഈ മാതാവിന്നു മക്കളായിട്ടു കല്പിച്ചതിനെ നൊക്കൺപാൎത്തു, ഞങ്ങളുടെ പാപങ്ങളൊക്കെയും പൊറുത്തു് ഞങ്ങളുടെ ആത്മശരീരങ്ങളിൽ നിന്നു നിന്റെ കോപത്തെ നീ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക കൎത്താവെ! നീ നീക്കിയരുളുക.

വേദസാക്ഷികളുടെ പാട്ടുകളിലും മരണത്തിലും ബലവും സഹായവുമായിരുന്ന ശുദ്ധ. സെബസ്ത്യാനോസെ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.

൧ആ. ൧ന. ൧ത്രി.

൨. അനാദിപിതാവായിരിക്കുന്ന സർവ്വേശ്വരാ! നിന്റെ തിരുക്കുമാരന്റെ ആത്മം ശരീരത്തിൽനിന്നു പിരിയുന്ന നേരത്തു സർവ്വാംഗത്തിൽ താനനുഭവിച്ച നിരുപണയിൽ അടങ്ങാത്ത ദുഃഖങ്ങളെ തൃക്കൺപാർത്തു, ഞങ്ങളുടെ പാപങ്ങളൊക്കെയും പൊറുത്തു ഞങ്ങളുടെ ആത്മശരീരങ്ങളിൽ നിന്നു നിന്റെ കോപത്തെ നീ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കർത്താവെ! നീ നീക്കിയരുളുക.

സ്ലീവായുടെ അടയാളത്താൽ തളർവാതത്തെ നീക്കിയവനായ ശുദ്ധ. സെബസ്ത്യാനോസെ! ഞങ്ങളിൽനിന്നു ഈ ശിക്ഷയെ നീക്കുന്നതിനു ഞങ്ങൾക്കുവേണ്ടി നീ ദൈവത്തോടു പ്രാർത്ഥിക്കേണമെ. ൧ആ. ൧ന. ൧ത്രി

൩. അനാദിപിതാവായിരിക്കുന്ന സർവ്വേശ്വരാ! നിന്റെ തിരുക്കുമാരൻ

മരിച്ചതിന്റെശേഷം തന്റെ തിരുഹൃദയത്തിൽ ശേഷിച്ചിരുന്ന രക്തത്തുള്ളികളേയും ഞങ്ങളെ പ്രതി ചിന്തി തന്റെ അളവില്ലാത്ത സ്നേഹത്തെ കാണിപ്പാൻ ഒരു കുന്തത്താൽ തന്റെ തിരുഹൃദയം കുത്തപ്പെടുവാൻ തിരുമനസ്സായല്ലൊ. താനനുഭവിച്ച ഈ നിഷ്ഠുരമുറിവെ തൃക്കണ്ണാത്തു, ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നു ദുഷ്ടാഗ്രഹങ്ങളൊക്കെയും വിലക്കി പുണ്യാഗ്രഹങ്ങൾ ഉണ്ടായിരിപ്പാൻ ഇടവരുത്തി, ഇതുവരെയ്ക്കും ചെയ്ത സകല പാപങ്ങളെയും പൊറുത്തു ഞങ്ങളുടെ ആത്മശരീരങ്ങളിൽനിന്നുനിന്നു നിന്റെ കോപത്തെ നീ നീക്കിയരുളുക.

(എല്ലാവരും) നീക്കിയരുളുക, കർത്താവേ! നീ നീക്കിയരുളുക.

അതിശയമായി അനേകവ്യാധികളെ ഒഴിച്ചു ആരോഗ്യത്തെ കൊടുത്തവനായ ശുദ്ധ. സെബസ്ത്യാനോസേ! ഞങ്ങളിൽനിന്നു ഈ വ്യാധികളെ നീക്കിത്തരേണമെ. ഏത്രി. ഏന. ഏത്രി.

ആമ്മേൻ.

## വിശുദ്ധ യോഹന്നാൻ നെപ്പുമസ്യാനോസിന്റെ ത്രിദി. ജ.

ഇടവം ൧൨-ാംനു- തുടങ്ങുന്നു.

---

൧. ഞങ്ങളുടെ മദ്ധ്യസ്ഥനായ വി° യോഹന്നാൻ നെപ്പുമസ്യാനോസേ! അങ്ങേ ദാസരായ ഞങ്ങളുടെ അപേക്ഷയെകേട്ടു അങ്ങേ വണക്കത്തിന്നും സ്തുതിക്കമായി ഈ ദിവസങ്ങളിൽ ഞങ്ങൾ ചെയ്യുന്നതൊക്കയും ദയവായി കൈക്കൊള്ളേണമെ. അങ്ങുന്നു ചെറുപ്രായത്തിൽതന്നെ ദൈവത്തിന്നു അങ്ങേ മുഴുവനും പ്രതിഷ്ഠിച്ച് എല്ലാവക സുകൃതങ്ങളെ സമ്പാദിച്ചല്ലൊ. ഞങ്ങളും അങ്ങേ ദൃഷ്ടാന്തത്തെ അനുകരിച്ചു പാപത്തെ ഉപേക്ഷിച്ചും ലൌകിക സന്തോഷങ്ങളെ ആഗ്രഹിക്കാതേയും മേലാലുള്ള ഞങ്ങളുടെ ആയുഷ്കാലത്തിൽ സൽകൃത്യങ്ങളെച്ചെയ്തു സുകൃതവഴിയിൽ സ്ഥിരമായി നടക്കുന്നതിന്നു ആവശ്യമായ ദൈവവരപ്രസാദം ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അപേക്ഷിച്ചു തരുവി

ക്കേണമെന്നു നിന്നോടുഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ നന്മ. ൧ ത്രി.

൨. വിശുദ്ധ യോഹന്നാൻ നെപ്പുമസ്യാനോസേ! അങ്ങുന്നു അതിശയനീയമായവിധത്തിൽ സകലവിധ സുകൃതങ്ങളും, മേല്പെട്ട ശാസ്ത്രവിദ്യകളും അഭ്യസിച്ചു ഗുരുപ്പട്ടമേല്ക്കുകയും ഉത്തമ ദൃഷ്ടാന്തത്താലും ഉപദേശത്താലും അനേകരെ പാപവഴിയിൽനിന്നു തിരിപ്പിച്ചു രക്ഷിക്കയും ചെയ്തുവല്ലൊ. ഞങ്ങളും അനിത്യമായ ലൌകികനന്മകളുടെ കപടത്തെ ഗ്രഹിച്ചു ആത്മരക്ഷക്കു നാശകരമായ പാപഹേതുക്കളിൽ നിന്നു അകന്നുനടപ്പാനും പിശാചിന്റെ തന്ത്രങ്ങളാൽ മേലാൽ വഞ്ചിക്കപ്പെടായ്വാനും ആവശ്യമായ വൈദിക സഹായത്തെ ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചു തരുവിക്കേണമെന്നു എളിമവണക്കത്തോടെ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

൧ ആ. ൧ നന്മ. ൧ ത്രി.

൩. പാപസങ്കീൎത്തനമെന്ന ദിവ്യ ക്രൂദാശയുടെ പരമരഹസ്യത്തെ പ്രതി

രക്തസാക്ഷിയായി നൽമനസ്സോടെ അ
ങ്ങെ ആയുസ്സിനെ കൊടുത്ത വിശുദ്ധ
യോഹന്നാൻ നെപ്പുമസ്യാനോസെ! വ
ഞ്ചകനായ ചക്രവൎത്തി പാപസങ്കീൎത്ത
നത്തിൽ അവന്റെ രാജ്ഞി പറഞ്ഞി
ട്ടുള്ള സംഗതികളെ വെളിപ്പെടുത്തണ
മെന്നു സ്നേഹവും ദയയും കാണിച്ചു നി
ന്നോടു ചോദിക്കയിൽ ആ ദിവ്യ രഹ
സ്യത്തിന്നു അല്പമെങ്കിലും ലംഘനം വ
രുത്തുന്നതിനെക്കാൾ എല്ലാവക പീ
ഡകളും അനുഭവിച്ച് മരിപ്പാൻ മന
സ്സായിരിക്കുന്നുവെന്നു ധൈൎയ്യ സമേതം
ഉത്തരിക്കയും പലവിധ കഠോരബാധ
കളെ സഹിച്ചു രക്തസാക്ഷിയായി മ
രിക്കയും ചെയ്തുവല്ലോ. ഞങ്ങളും പാ
പസങ്കീൎത്തനമെന്ന ഈ ദിവ്യക്രൂദാശ
യെ തക്ക ആയത്തത്തോടെ കൈക്കൊ
ള്ളുവാനും പാപവിമോചനം കൈക്കൊ
ണ്ടശേഷം വീണ്ടു അതിൽ വീഴാതി
രിപ്പാനും ഈ ദിവ്യ ക്രൂദാശയുടെ വ
രപ്രസാദത്തെ യോഗ്യമാംവണ്ണം ഫലി
പ്പിപ്പാനും ആവശ്യകമായ നന്മകളെ
ദൈവത്തോടപേക്ഷിച്ചു തരുവിക്കണ
മെന്നു അങ്ങുന്നു സഹിച്ച പീഡകളേ

യും രക്തസാക്ഷിത്വത്തേയും കുറിച്ചു നി
ന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ന. ആ. ന. നന്മ. ന. ത്രി.

---

## മാർ ദൊമ്മിനിക്കോസ്
## പുണ്യവാൻെറ തിരുനാളിനു
## ആസ്ഥാപ്പാടായിട്ടുള്ള നൊവേന.

കർക്കടകമാസം ൨൬-ാംനു- തുടങ്ങുന്നു.

---

൧. ഇടവിടാതെയുള്ള ജപധ്യാന
ങ്ങളാലെയും നാനാവിധമായ തപസ്സുക
ളാലെയും വിശേഷ ക്രൂടപ്പിറപ്പു സ്നേഹ
ത്താലെയും ചെറുപ്പം മുതൽ ലോക
ത്തിന്നു അത്ഭുതമായ മാർ ദൊമ്മിനി
ക്കോസു പുണ്യവാനേ! നിൻെറ അടി
യാരായ ഞങ്ങളുടെ മേൽ നിൻെറ ഉ
പവിയുള്ള കണ്ണുകളെ തിരിച്ചു ഞങ്ങ
ളും ഇടവിടാതെ നോയമ്പു നമസ്കാരം
മുതലായ തപസ്സ് പ്രവൃത്തികളെ ചെ
യ്തു ഞങ്ങളുടെ ആത്മാവിനെ പുണ്യ
പ്പെടുത്തിക്കൊണ്ടു ശേഷം ക്രൂടപ്പിറപ്പു

കളുടെ ആത്മരക്ഷയെ ശുഷ്കാന്തിയോ ടെ അന്വേഷിപ്പാൻ ദൈവത്തോടു നീ പ്രാൎത്ഥിച്ച മനോഗുണം തരുവിക്കേ ണമെ.

പ ആ. പ നന്മ. ത്രി.

൨. ഭാഗ്യംനിറഞ്ഞ മാർ ദൊമ്മി നിക്കോസു പുണ്യവാനേ! നീ സ്ഥാപി ച്ചിരിക്കുന്ന എത്രയും കീൎത്തിപെട്ട സ ന്യാസസഭ വഴിയായിട്ടു മഹാ കഷ്ടപ്പെ ട്ട കാലത്തിൽ ശുദ്ധ. കത്തോലിക്ക് പള്ളിക്കു തുണ ചെയ്യുതുമെന്നിയേ നി ൻെറ ശുഷ്കാന്തിയുള്ള വേലകളാലെയും ദിവ്യ വിശ്വാസത്താലെയും പതിതരെ തോല്പിച്ചു അവരിൽ അനേകംപേരെ തിരുസഭയിൽ തിരിപ്പിച്ചു ചേൎക്കയും ചെയ്തുവല്ലോ. എന്നാൽ ഇതിനെക്കുറി ച്ചു നിൻെറ അയോഗ്യ ഭക്തിക്കാരായ ഞങ്ങൾ ഉറപ്പുള്ള വിശ്വാസത്താലെയും ശുഷ്കാന്തിയുള്ള ധൈൎയ്യംകൊണ്ടും ശു ദ്ധ കത്തോലിക്ക പള്ളിയുടെ അലങ്കാര ത്തിനും വൎദ്ധിപ്പിനും വേണ്ടി വേലചെ യ്യാനും പതിതരുടെ ദൂഷണങ്ങളാലെ ങ്കിലും പാപികളുടെ ഉതപ്പുകളാലെ ങ്കിലും ദുൎവ്വഴിയിൽ അകപ്പെടായ്വാനും

അവരെ നല്ലവഴിക്ക തിരിപ്പിക്കുന്നതിന്നു. ഇടവിടാതെ പ്രയാസപ്പെട്ടവാനും തമ്പുരാനോട്ട നീ അപേക്ഷിച്ചു മനോഗുണം തരുവിക്കേണമെ.

൧ ആ. ൧ നന്മ. ത്രി.

൩. പരിശുദ്ധ ദേവമാതാവിന്റെ പ്രിയപ്പെട്ട മകനായ മാർ ദൊമ്മിനിക്കോസു പുണ്യവാനേ! നീ ഈ പരമ രാജസ്ത്രീയുടെ തൃക്കൈയിൽ നിന്നു നൂററമ്പതു മണിമാല കൈക്കൊൾവാനും ഈ നായികയുടെ കല്പനയാൽ ഈ വിശേഷ നമസ്കാരക്രമം ലോകമൊക്കയിലും പരപ്പിപ്പാനും യോഗ്യനായല്ലോ അ മഹാ പുണ്യവാനേ! നിന്റെ ഭക്തരായ ഞങ്ങളുടെ മേൽ അനുഗ്രഹിച്ചു പാപികളായ ഞങ്ങളും ഈ മഹാരാജസ്ത്രീയുടെ ഭക്തിയുള്ള മക്കളാകുവാനും പ്രത്യേകം ഇടത്തൂടുകളെ നശിപ്പിപ്പാനും വിശ്വാസത്തെ വൎദ്ധിപ്പിക്കുന്നതിന്നും ഉതപ്പുകളെ നീക്കി പുണ്യങ്ങളെ മുളപ്പിക്കുന്നതിന്നും സ്ഥാപിക്കപ്പെട്ട ഈ ഭക്തിക്കടുത്ത നമസ്കാരക്രമമാകുന്ന കൊന്തനമസ്കാരം ഞങ്ങൾ ദേവമാതാവിന്നു പ്രിയമാകുംവണ്ണം എ

ത്തിപ്പിന്നും ഇതിനാലുള്ള ഫലങ്ങളെ എല്ലാം പ്രത്യേകം നല്ല മരണത്തേയും പ്രാപിച്ച് ഞങ്ങളും ആകാശമോക്ഷത്തിൽ വന്നുചേരുവാനും നിന്നോടുകൂടെ അനവരതകാലം ഈ പരമനായികയെ സ്തുതിച്ചുകൊണ്ടാടുന്നതിന്നു യോഗ്യതരാകുവാനും ദൈവത്തോടു നീ പ്രാൎത്ഥിച്ചു മനോഗുണം തരുവിച്ചുകൊള്ളേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ൧ ആ. ൧ നന്മ. ത്രി.

മാതാവിന്റെ പ്രാൎത്ഥനയും . . . ശേഷവും.

പ്രാൎത്ഥിക്ക.

മാർ ദൊമ്നിക്കോസു പുണ്യവാന്റെ യോഗ്യതകളാലെയും ശാസ്ത്രങ്ങളാലെയും നിന്റെ തിരുസ്സഭയെ തെളിയിപ്പാൻ തിരുമനസ്സായ സൎവ്വേശ്വരാ കൎത്താവെ! ഇയാളുടെ മദ്ധ്യസ്ഥത്താൽ അതിനോടു മറുതലിക്കുന്ന നരകവാതിലുകൾ ആയ ഇടത്തുട്ടുകളോടു ജയിച്ചു ദിനംപ്രതി ഈ തിരുസ്സഭ വൎദ്ധിപ്പാനും ലോകമൊക്കെയിലും പരന്നു അധികമധികം പ്രകാശിപ്പാനും മനോഗുണം ചെയ്യരുളേണമെന്നു ഞങ്ങ

ളുടെ കൎത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ച നിന്നോട ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ആമ്മേൻ.

---

## ശുദ്ധ. ശെമോൻസ്തോക്ക എന്ന പുണ്യവാന്റെ തിരുനാളിന്നു ആസ്ഥപ്പാടായിട്ടുള്ള നൊവേന.

ഇടവമാസം ൬-ാംനു- തുടങ്ങുന്നു.

---

ഞങ്ങളുടെ പിതാവായ ശുദ്ധ. ശെമോൻസ്തോക്ക പുണ്യവാനേ നീ ദൈവസ്നേഹത്തെപ്രതി ലോകത്തെയും അതിന്നടുത്ത സമ്പത്തു, ബഹുമാനം മുതലായ നന്മകളേയും പന്ത്രണ്ടുവയസ്സിൽ വെറുത്തു ഉപേക്ഷിച്ച വനവാസത്തിൽ പോയി ൨൦ സംവത്സരംവരെ കഠിന തപസ്സുകളെ ചെയ്യതിനാൽ ആത്മശത്രുവായിരിക്കുന്ന ശരീരത്തെ അമൎത്തി ദൈവസ്നേഹത്തിൽ അത്ഭുതമാംവണ്ണം വൎദ്ധിച്ചുവല്ലൊ, ആ മഹാ പുണ്യവാനേ! നിന്റെ മക്കളുടെ കൂട്ടത്തിൽ യോഗ്യരല്ലെങ്കിലും എണ്ണപ്പെട്ടവരായ ഞങ്ങളു

ടെ മേലനുഗ്രഹിച്ചു നിന്നെപ്പോലെ ഞ ങ്ങളും പുണ്യത്തിനു വിഘ്നമായിരിക്കുന്ന ഈ പ്രപഞ്ച നന്മകളെ എല്ലാം വെറു ത്തു ഞങ്ങളുടെ ശരീരത്തെ കീഴമൎത്തി കൊണ്ടു ദിവസംതോറും ദൈവസ്നേഹ ത്തിൽ അധികമധികം വൎദ്ധിച്ചു വരു വാൻ ദൈവത്തോടു നീ അപേക്ഷിച്ചു ഞങ്ങൾക്കു മനോഗുണം തരുവിക്കേണ മെ. ൧ ആ. ൧ നന്മ. ൧ ത്രി.

൨. മഹാ പുണ്യവാനേ! നീ ലോ കത്തിന്നു മരിച്ചവനേപ്പോലെ ദൈവ ത്തിന്നു മാത്രം ജീവിച്ചുവരികയിൽ ദൈവത്തിന്നും കൎമ്മല ദൈവമാതാ വിന്നും പ്രിയപ്പെട്ടവനായി, എന്നതി നാൽ ഈ പരിശുദ്ധമാതാവു ഏററം സ്നേ ഹിക്കുന്ന തൻെറ കൎമ്മലസഭയിൽ നിന്നെ വിളിച്ചുവല്ലൊ. ഓ! പ്രിയമുള്ള പിതാവേ! യോഗ്യരല്ലാത്തവരെങ്കലും ദേവമാതാവിൻെറ അനുഗ്രഹത്താൽ ഈ ശുദ്ധമുള്ള സഭയിൽ കൂടിയിരിക്കു ന്ന അടിയങ്ങൾ ദിവസേന പുണ്യത്തി ലും ദൈവസ്നേഹത്തിലും ഈ മാതാവി ൻെറ മേലുള്ള പ്രിയത്തിലും അധികമ

ധികം വദ്ധിച്ച ഈ അമ്മയുടെ മനോ
ഗ്ഗുണത്തിന്നു നീ ഉത്തരിച്ചതുപോലെ
ഞങ്ങളും മരണപൎയ്യന്തം ഈ മാതാവി
ന്റെ പ്രിയപ്പെട്ട മക്കളായി നടന്നു ഉ
ത്തരിപ്പാൻ ദൈവത്തൊടു പ്രാൎത്ഥിച്ച
വേണ്ടിയ ദൈവസഹായം ലഭിച്ചു ഞ
ങ്ങൾക്കു തന്നരുളേണമെ.

൧ ആ. ൧ നന്മ. ൧ ത്രി.

൩. പരിശുദ്ധ കൎമ്മല ദേവമാ
താവിന്റെ പ്രിയപ്പെട്ട മകനായ ശെ
മോൻസ്റ്റോക്കു പുണ്യവാനേ! ഈ അമ്മ
യുടെ മനോഗ്ഗുണത്തിനു ഉത്തരിപ്പാൻ
വേണ്ടി ഈ സഭയിൽ മഹാ പുണ്യവാ
നായിട്ടു നീ നടന്നതെന്ന്യെ ഈ പ
രിശുദ്ധ മാതാവിനെ വിശേഷമായിട്ടു
സ്തുതിച്ചു വണങ്ങി വന്നതിനാൽ ഈ
പരിശുദ്ധ കന്യാസ്ത്രീ മാലാഖാമാരുടെ
പരിവാരത്തോടുകൂടെ നിനക്കു കാണ
പ്പെട്ടുവാനും മററു യാതൊരുത്തൎക്കുംകൊടു
ക്കാത്ത പരമ ദാനമാകുന്ന ശുദ്ധ ഉത്ത
രീയം ഈ മാതാവിന്റെ തൃക്കൈകളി
ൽ നിന്നു കൈക്കൊള്ളുവാനും അവരെ
മോക്ഷരാജ്യത്തിൽ നിത്യമായി സ്തുതി
ച്ചു കൊണ്ടാടുവാനും നീ യോഗ്യനായ

ല്ലൊ, ഓ പുണ്യവാനേ! ഈ പരമദാനം നീ വഴിയായിട്ടു ഞങ്ങളും കൈക്കൊണ്ടിരിക്കയിൽ, ഇതിനാൽ ഈ പരിശുദ്ധ മാതാവിന്റെ പ്രത്യേകമുള്ള മക്കളായി ചമഞ്ഞിരിക്കകൊണ്ടു ഞങ്ങളുടെ മരണപൎയ്യന്തം ഈ സഭയുടെ ന്യായത്തിന്നും ശുദ്ധതെക്കും തക്കതിൻവണ്ണം നടപ്പാനും ഈ മാതാവിനെ പ്രത്യേകമുള്ള മക്കളെപ്പോലെ ഈ ജീവിതകാലത്തിൽ സ്നേഹിച്ചു സ്തുതിച്ചു കൊണ്ടാടിയതിന്റെ ശേഷം അവരേ മോക്ഷഭാഗ്യത്തിൽ നിന്നോടുകൂടെ നിത്യമായി സ്തുതിച്ചു കൊണ്ടാടുവാൻ യോഗ്യരാകുവാനും ദൈവത്തോടു അപേക്ഷിക്കേണമെ.

൧ ആ. ൧ നന്മ. ൧ ത്രി.

മാതാവിന്റെ പ്രാൎത്ഥനയും ... ശേഷവും.

മ. ഈശോമിശിഹായുടെ പറഞ്ഞൊപ്പിന്നു ഞങ്ങൾ യോഗ്യരാകുവാൻ.

സ. ശുദ്ധ ശെമോൻസ്തോക്ക പുണ്യവാനേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്ക.

## പ്രാൎത്ഥിക്ക.

സൎവ്വേശ്വരാ കൎത്താവെ! നിനക്കും കന്യാസ്ത്രീമാതാവിന്നും നേരപ്പെട്ട ഈ കൂട്ടം ഋതിന്നു പിതാവായിട്ടും അഗ്രേസരനായിട്ടും നീ കല്പിച്ച ശെമഓൻ പുണ്യവാന്റെ തിരുനാളിൽ ജ്ഞാനസന്തോഷമനുഭവിക്കുന്നതിനും ഇയാൾ വഴിയായിട്ടു ഏററിക്കപ്പെട്ട കൃപാകടാക്ഷത്തിന്റെ അടയാളം കൈക്കൊണ്ടതുപോലെ നിത്യരക്ഷയുടെ വരത്തെ ലഭിച്ചു കൈക്കൊള്ളുവാനും കൃപചെയ്യരുളേണമെന്നു ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

---

## മനോഗുണത്തിന്റെ നൊവേന.

---

സ്നേഹത്തിന്നു എത്രയും പാത്രമായ സ്നേഹത്താൽ നിറഞ്ഞ പ്രംസീസ്സൊസു ശവരിയാരുപുണ്യവാനേ! നിന്നോടു കൂടെ ഞാൻ എത്രയും വലിയ ആചാരമായി

ദൈവമഹിമപ്രതാപത്തെ ആരാധിക്കുന്നു. നിൻെറ ജീവിതകാലത്തിൽ നിനക്കു നൽകിയ എത്രയും വിശേഷമായ ദൈവ വരങ്ങളെക്കുറിച്ചും, നിൻെറ മരണത്തിൻെറ ശേഷം നിനക്കു തന്നരുളിയ വിശേഷമായ മഹത്വത്തിനടുത്ത വരങ്ങളെക്കുറിച്ചും, ഞാൻ എത്രയും സന്തോഷിച്ചിരിക്കുന്നതിനെക്കൊണ്ടു എത്രയും വലിയ പക്ഷത്തോടെ ദൈവത്തിന്നു ഞാൻ സ്തോത്രംചെയ്യുന്നു. പുണ്യമായി ജീവിക്കുന്നതിന്നു എത്രയും ആവശ്യമായിരിക്കുന്ന ഈ മനോഗുണം നിൻെറ എത്രയും വല്ലഭമുള്ള മദ്ധ്യസ്ഥത്താൽ ഇനിക്കു തരുവിക്കെണമെന്നു എൻെറ മുഴുഹൃദയത്തോടെ നിന്നോടു ഞാനപേക്ഷിക്കുന്നു. വിശേഷിച്ചു (ഇവിടെ കരുതിയിരിക്കുന്ന നന്മയെ കൂട്ടി അപേക്ഷിക്ക) എന്ന ഈ മനോഗുണം ദൈവത്തോടു നീ പ്രാർത്ഥിച്ചു തരുവിക്കേണമെന്നു നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു. എന്നാൽ ഞാൻ അപേക്ഷിക്കുന്ന ഈ നന്മ ദൈവസ്തുതിക്കും എൻെറ ആത്മാവിൻെറ ഏററം വലിയ നന്മക്കും തക്കതല്ലെങ്കിൽ രണ്ടിന്നും ഏററം തക്ക

തായിരിക്കുന്ന ആ നന്മയേ ദൈവത്തോ ടു നീ അപേക്ഷിച്ചു തരുവിക്കേണമെ.

൩ആ. ൩നന്മ. ൩ത്രി.

ശുദ്ധ ശവരിയാരു പുണ്യവാനെ യേശു വിളിച്ച ദിവസങ്ങളായ മീനം ൪-ാംനു-മുതൽ ൧൨-ാംനു-വരെ ഈ ജപം ഏത്തിച്ചു മേല്പറഞ്ഞ ദിവസങ്ങളിൽ കുമ്പസാരിച്ചു ശുദ്ധ. കുർബാന കൈക്കൊള്ളുന്നവക്കു അപേക്ഷിക്കുന്ന നന്മ താൻ ലഭിച്ചു കൊടുപ്പിക്കും എന്നു പുണ്യവാൻതന്നെ ഒരാളിന്നു കാണപ്പെട്ടു അറിയിച്ചിരിക്കുന്നു.

അമലോത്ഭവ ദേവമാതാവിൻെറ പരിശുദ്ധ ഭത്താവായ മാർ യൌസേപ്പു പിതാവിൻെറ മദ്ധ്യസ്ഥം വഴിയായിട്ടു എന്തൊരു നന്മയെങ്കിലും ലഭിക്കുന്നതിന്നു ഏത്രയും ഫലസിദ്ധിയുള്ള ജപങ്ങൾ.

൧. ഏത്രയും വല്ലഭമുള്ള മാർ യൌസേപ്പു പുണ്യവാനേ! നിൻെറ ഏത്രയും പരിശുദ്ധ ഭാൎയ്യയെ വിട്ടു പിരിയേ

ണ്ടുന്ന കാൎയ്യത്തിൽ നിനക്കുണ്ടായ മനോ
വിഷാദത്താൽ നീയനുഭവിച്ച വ്യാകുല
ത്തെക്കുറിച്ചും, ദൈവ വചനത്തിന്റെ
മാംസാവതാരം എന്ന ഈ പരമ ര
ഹസ്യത്തെ മാലാഖാ നിന്നോടു അറി
യിച്ചപ്പോൾ നിനക്കുണ്ടായ സന്തോഷ
ത്തെക്കുറിച്ചും (ഇന്ന ഇന്ന നന്മ ഇവി
ടെ കൂട്ടി അപേക്ഷിക്കേണ്ടതാകുന്നു. ക
ടശ -) തമ്പുരാനോടു അപേക്ഷിച്ചു ത
രുവിക്കേണമെന്നു നിന്നോടു ഞാൻ അ
പേക്ഷിക്കുന്നു. ൧ ത്രി.

൨. എത്രയും വല്ലഭമുള്ള മാർ യൌ
സേപ്പു പുണ്യവാനേ! ദൈവകുമാരൻ മ
ഹാ ദാരിദ്ര്യത്തിൽ പിറന്നതിനെ ക
ണ്ടപ്പോൾ നീ അനുഭവിച്ച വ്യാകുല
ത്തെക്കുറിച്ചും, ആ എത്രയും ഭാഗ്യപ്പെ
ട്ട രാത്രിയുടെ മഹത്വങ്ങളെ കണ്ടപ്പോൾ
നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും
(ഇന്ന ഇന്ന) നന്മകളെ സൎവ്വേശ്വര
നോടു അപേക്ഷിച്ചു തരുവിക്കേണമെ
ന്നു നിന്നോടു ഞാൻ പ്രാൎത്ഥിക്കുന്നു.
൧ ത്രി.

൩. എത്രയും വല്ലഭമുള്ള മാർ
യൌസേപ്പു പുണ്യവാനേ! ഈശോമ്ശി

ഹം ഫേരദനാചാരത്താൽ ചോര ചി ന്തുന്ന കണ്ടപ്പോൾ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, തന്റെ ഏത്രയും മധുരിക്കപ്പെട്ട തിരുനാമത്തെ കേട്ടപ്പോൾ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഇന്ന ഇന്ന) നന്മകളെ സർവ്വേശ്വരനോട്ട അപേക്ഷിച്ച തരുവിക്കേണമെന്നു നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു.

പ ത്രി.

൪. ഏത്രയും വല്ലഭമുള്ള മാർ യൌസേപ്പു പുണ്യവാനേ! ശെമഒാൻ എന്ന പുണ്യവാന്റെ ദീർഘദർശനത്താൽ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, എണ്ണമില്ലാത്ത ആത്മാവുകളുടെ ഉയിപ്പും രക്ഷയും അറിഞ്ഞതിനാൽ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഇന്ന ഇന്ന) നന്മകളെ സർവ്വേശ്വരനോട്ട അപേക്ഷിച്ച തരുവിക്കേണമെന്നു നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു.

പ ത്രി.

൫. ഏത്രയും വല്ലഭമുള്ള മാർ യൌസേപ്പു പുണ്യവാനേ! മെസ്രേൻ എന്ന നാട്ടിലേയ്ക്കു ഓടിയൊളിക്കേണ്ടി വന്നതിനാൽ നീയനുഭവിച്ച വ്യാകുലത്തെ

കുറിച്ചും എജിപ്തിലെ വിഗ്രഹങ്ങൾ നിലത്തു വീഴുന്നതിനെ കണ്ടപ്പോൾ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഇന്ന ഇന്ന) നന്മകളെ തമ്പുരാനോടു അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

പ. ത്രി.

൯. എത്രയും വല്ലഭമുള്ള മാർയൌസേപ്പു പുണ്യവാനേ! അക്കെലാവോസ് രാജാവിനെക്കുറിച്ചുള്ള ഭയത്താൽ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, മാലാഖയുടെ അറിയിപ്പാൽ നിനക്കുണ്ടായ ഉറപ്പു ഹേതുവായിട്ടു അനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഇന്ന ഇന്ന) നന്മകളെ തമ്പുരാനോടു അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു പ. ത്രി.

൰. എത്രയും വല്ലഭമുള്ള മാർയൌസേപ്പുപുണ്യവാനേ! ഈശോമിശിഹാ കാണാതെയായിപ്പോയപ്പോൾ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, ദേവാലയത്തിൽ തന്നെ കണ്ടെത്തിയപ്പോൾ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഇന്ന ഇന്ന) നന്മകളെ തമ്പുരാനോടു

അപേക്ഷിച്ചു തരുവിക്കേണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

ഫ്രത്രി.

മു. ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സ. മാർ യൌസേപ്പു പുണ്യവാനേ! ഞങ്ങൾക്കു വേണ്ടിയപേക്ഷിക്കേണമെ.

പ്രാർത്ഥിക്ക.

പറഞ്ഞൊപ്പിപ്പാൻ വശമില്ലാത്ത വിചാരണയാൽ നിന്റെ എത്രയും ശുദ്ധമാകപ്പെട്ട മാതാവിന്നു ഭർത്താവായിട്ടു മാർ യൌസേപ്പു പുണ്യവാനെ തെരിഞ്ഞെടുപ്പാൻ തിരുമനസ്സായ നിത്യമായി ജീവിച്ചു വാണിരിക്കുന്ന സർവ്വേശ്വരാ! ഞങ്ങൾ ഈ ഭൂമിയിങ്കൽ മദ്ധ്യസ്ഥനായിട്ടു കൊണ്ടാടുന്ന ഇയാൾ ആകാശമോക്ഷത്തിൽ ഞങ്ങൾക്കു നന്മകളെ അപേക്ഷിച്ചു ലഭിക്കുന്നവനാകുന്നതിന്നു ഞങ്ങൾ യോഗ്യരാകുവാൻ മനോഗുണം ചെയ്യണമെ. ആമ്മേൻ.

# അനുക്രമണിക.


പക്ഷം.

നവനാൾ ജപങ്ങൾ അനുസരിക്കേണ്ടും ക്രമം. (൧)

ആഘോഷം കൂടാതെ നവനാൾ കഴിപ്പാനുള്ള മുറ. (൧൧)

ശുദ്ധ: സെബസ്ത്യാനോസിന്റെ തിരുനാളിൻ ത്രിദിന ജപങ്ങൾ. ൧

ഏ. ഭാ. ക. മറിയത്തിന്റെ വിവാഹ തിരുനാളിൻ നവനാൾ ജപം. ൭

ഏ. ഭാ. ക. മറിയത്തിന്റെ ശുദ്ധീകര തിരുനാളിൻ നവനാൾ ജപം. ൰

ശുദ്ധ: യൌസേപ്പു പുണ്യവാന്റെ മരണ തിരുനാളിൻ നവനാൾ ജപം ൧൭

ഗബ്രിയേൽ ദൈവദൂതൻ മംഗല വാൎത്ത ചൊല്ലിയ തിരുനാളിൻ നവനാൾ ജപം. ൩൧

ശുദ്ധ: ഗീവറുഗീസിന്റെ തിരുനാളിൻ ത്രിദിന ജപം. ൩൩

ശുദ്ധ. അന്തോനീസു പാദുവായുടെ തിരുനാളിൻ ത്രിദിന ജപം. ൩൩

ശുദ്ധ: ലൂയീസ് ഗൊൺസാഗയുടെ തിരുനാളിൻ നവനാൾ ജപം. ൪൦

ശുദ്ധ: യോഹന്നാൻ മാംദാനായുടെ തിരുനാളിൻ ത്രിദിന ജപം. ൪൩.

ശുദ്ധ: ദേവമാതാവു ഏലീശാമ്മയെ സന്ദശ്ശിച്ച തിരുനാളിൻ നവനാൾ ജപം. ൪൫

ഏ. ഭാ. ക. കമ്മലമാതാവിൻെറ തിരുനാളിൻ നവനാൾ ജപം. ൪൮

ശുദ്ധ. ഹന്നാ അമ്മായുടെ തിരുനിളിൻ നവനാൾ ജപം. ൫൨

ശുദ്ധ: ലിഗോരി പുണ്യവാൻെറ തിരുനാളിൻ നവനാൾജപം. ൫൪

ശുദ്ധ: ദേവമാതാവു മോക്ഷത്തിൽ കരേററപ്പെട്ട തിരുനാളിൻ നവനാൾ ജപം. ൫൮

ശുദ്ധ: അഗുസ്തീനോസു പു
ണ്യവാൻെറ തിരുനാളിൻ ത്രിദി
ന ജപം ൩൭
ശുദ്ധ: റോസ ദെലിമ്മ പു
ണ്യവതിയുടെ തിരുനാളിൻ ത്രി
ദിന ജപം. ൩൮
ഏ. ഭാ. ക. മറിയത്തിൻെറ
പിറവി തിരുനാളിൻ നവനാൾ
ജപം. ൩൯
ജപമാലരാജ്ഞിയുടെ തിരു
നാളിൻ ത്രിദിന ജപം ൧൭
കാവൽ മാലാകൻമാരുടെ തി
രുനാളിൻ നവനാൾജപം. ൧൮
ശുദ്ധ: അഞ്ചുരായം പ്രംസി
സ്സോസിൻെറ തിരുനാളിൻ നവ
നാൾജപം. ൧൯
ശുദ്ധ. ത്രേസ്യാ പുണ്യവ
തിയുടെ തിരുനാളിൻ നവനാൾ
ജപം. ൮൦
ഏ. ഭാ. ക മറിയം തന്നത്താ
ൻ ദേവാലയത്തിൽ കാഴ്ചവെച്ച
തിരുനാളിൽ ത്രിദിനജപം. ൪൦
ശുദ്ധ. യോഹന്നാൻ ക്രൂസി
ൻെറ തിരുനാളിൻ നവ. ജപം. ൪൭

ശുദ്ധ. ശവരിയാരു പുണ്യവാന്റെ തിരുനാളിൻ നവനാൾ ജപം. ൨൦൧
അമലോത്ഭവ മാതാവിന്റെ തിരുനാളിൻ നവനാൾ ജപം. ൨൦൮
ശുദ്ധ. തോമ്മാശ്ലീഹായുടെ തിരുനാളിൻ നവനാൾ ജപം ൨൨൮
ന. ക. പിറവിയുടെ തിരുനാളിൻ നവനാൾ ജപം. ൨൨൭
ശുദ്ധ. മാർ യൌസേപ്പു പുണ്യപിതാവിന്റെ മദ്ധ്യസ്ഥതിരുനാളിൻ ത്രിദിനജപം. ൨൩൦
പന്തക്കുസ്ത തിരുനാളിൻ നവാൾ ജപം. ൨൫൦
ന. ക. തിരുഹൃദയ തിരുനാളിൻ നവനാൾ ജപം. ൨൫൫
ന. ക. തിരുഹൃദയ തിരുനാൾ ദിവസം നഭക്താർ പൊതുവിൽ കാഴ്ചവെക്കുന്ന ജപം. ൨൬൬
എ. ഭാ. ക. മറിയത്തിന്റെ തിരുഹൃദയ തിരുനാളിൻ നവനാൾ ജപം. ൨൭൩
ശുദ്ധ. അപ്രേം മല്പാന്റെ തി

രുനാളിൻ നവനാൾ ജപം. ൱ൈൻ
ഏ. ഭാ. ക. വ്യാകുലമാതാവി
ന്റെ തിരുനാളിൻ നവ. ജപം. ൱വ്വ൨
പരിശുദ്ധ യൌസേപ്പിന്റെ
മദ്ധ്യസ്ഥത്താൽ രോഗികൾക്കു
സൌഖ്യമുണ്ടാകുവാനുള്ള ജപം. ൱ൻ൦
വസന്ത നാളുകളിൽ ചൊല്ലു
വാനുള്ള ജപം. ൱ൻ൫
വിശുദ്ധ യോഹന്നാൻ നെ
പ്പൊമുസ്യാനോസിന്റെ ത്രിദി. ൨൦൩
മാർ ദൊമ്മിനീക്കോസ് പു
ണ്യവാന്റെ തിരുനാളിനു ആ
സ്ഥപ്പാടായിട്ടുള്ള നൊവേന. ൨൦൬
ശുദ്ധ. ശെമോൻസ്റ്റോക്കു പു
ണ്യവാന്റെ തിരുനാളിനു ആ
സ്ഥപ്പാടായിട്ടുള്ള നൊവേന. ൨൱൦
മനോഗുണത്തിന്റെ നൊവേന. ൨൱൪
അമലോത്ഭവ ദേവമാതാ
വിന്റെ പരിശുദ്ധ ഭർത്താവാ
യ മാർ യൌസേപ്പു പിതാവി
ന്റെ മദ്ധ്യസ്ഥം വഴിയായിട്ടു
എന്തൊരു നന്മയെങ്കിലും ലഭി
ക്കുന്നതിന്നു ഏത്രയും ഫലസി
ദ്ധിയുള്ള ജപങ്ങൾ. ൨൱൬

**Reimprimatur.**

† J. KALACHERRY,

Bp. of Changanacherry.

*Changanacherry,*
*18—3—1931.*

---

Printed and Published
for the Proprietor by P. K. Jose
at the St. Joseph's Press, Mannanam.

Indic Digital Archive Foundation
gpura.org